# 10
# ക്രിസ്തുവിന്റെ വിശേഷതയേറിയ യാഗവും ദൈവത്തോടുള്ള സാമീപ്യവും (10:1-39)

### ക്രിസ്തുവിന്റെ വിശേഷതയേറിയ യാഗം (10:1-18)

ഈ വാക്യങ്ങൾ, 10:1–18 തീർപ്പാക്കുന്നത് "ക്രിസ്തുവിന്റെ മഹാപൗരോഹിത്യ ഭാഗമാണ് (4:14–10:18)" നമ്മുടെ രക്ഷകന് മഹാപുരോഹിതന്റെ എല്ലാ യോഗ്യതകളും, പഴയ നിയമത്തിലെ അഹരോനേക്കാളും അല്ലെങ്കിൽ മറ്റേതൊരു പുരോഹിതനേക്കാളും ഉണ്ടായിരുന്നു.

**യാഗ സ്ഥലം (10:1–10)**

പഴയ നിയമത്തിലെ മൃഗയാഗങ്ങളുടെ അപര്യാപ്തത 10:1–10 ൽ ഊന്നി പറഞ്ഞിരിക്കുന്നു. ആ ചിന്ത വാക്യങ്ങൾ 1 മുതൽ 4 വരെ ആവർത്തിച്ചിരിക്കുന്നു. വാക്യങ്ങൾ 5 മുതൽ 9 വരെ തിരുവെഴുത്തിൽനിന്ന് നേരിട്ടുള്ള പ്രസ്താവനകളാണ്, വാക്യങ്ങൾ 9 ലും 10 ലും മുമ്പിലത്തെ വ്യവസ്ഥക്കു പകരം മറ്റൊന്നു നൽകുന്നതായി വിവരിക്കുന്നു. പഴയ നിഴലും ആരാധനയും ഉപേക്ഷിച്ച് പുതിയതിലേക്ക് പ്രവേശിക്കുവാനാണ് ഈ അദ്ധ്യായത്തിൽ പറയുന്നത്. അപ്പോൾ, പിന്നെ നാം പഴയനിയമ യാഗങ്ങളെ എങ്ങനെ കാണും?

അവ നിഴൽ ആയിരുന്നു (10:1, 2)

**1ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴൽ അല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപം അല്ലായ്കകൊണ്ട്, ആണ്ട് തോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തു വരുന്നവർക്ക് സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല. 2അല്ലെങ്കിൽ ആരാധനക്കാർക്ക് ഒരിക്കൽ ശുദ്ധി വന്നതിന്റെ ശേഷം പാപങ്ങളെ കുറിച്ചുള്ള മനോബോധം പിന്നെ ഇല്ലായ്കകൊണ്ട് യാഗം കഴിക്കുന്നത് നിന്നുപോകയില്ലയോ?**

**വാക്യം 1. ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴൽ** [*സ്കിയാ*] ആയിരുന്നു എന്നാണ് ലേഖകൻ പറയുന്നത്. "മൃഗയാഗങ്ങളുടെ അവസാന വാക്കാണ്" നമ്മുടെ പുസ്തകം.[1] 8:1 ൽ തുടങ്ങിയതായ വിവേചനം അവസാനിപ്പിക്കുന്ന സൂചനയാണ് **ഫോർ** എന്ന ഇംഗ്ലീഷ് വാക്ക് നൽകുന്നത്.[2] ഇപ്പോൾ നമുക്ക് വിശേഷതയേറിയ നിയമവും, വിശേഷതയേറിയ യാഗവും, വിശേഷതയേറിയ വിശുദ്ധ സ്ഥലവുമാണ് ഉള്ളത്. ആ ആശയങ്ങൾ കൂടുതൽ വിപുലമായി ഇവിടെ സംസാരിച്ചു തുടങ്ങുകയാണ്.

ക്രിസ്തുവിന്റെ രാജ്യത്തിന്റെ നിയമത്തിൽ ഉൾപ്പെട്ടിരിക്കുന്ന വിശേഷതയേറിയ ഉടമ്പടി ആശയമാണ് "നിഴൽ" എന്ന ആശയം വ്യക്തമാക്കുന്നത്.

ആ വാക്ക് “നിഴലിനും,” “മുൻനിഴലിനും” ഉപയോഗിച്ചിരിക്കുന്നു.[3] പഴയ **യാഗങ്ങൾ** മുൻനിഴലായിരുന്നു എന്ന് സൂചിപ്പിക്കുന്നത്, ക്രിസ്തുവിൽ വരുവാനിരുന്നവയുടെ *മാതൃക* (ആലങ്കാരികം) ആയിരുന്നു എന്നാണ് (ആ കാര്യങ്ങൾ ഇപ്പോൾ വിശുദ്ധന്മാരിൽ *വന്നു കഴിഞ്ഞു*; 9:11 ലെ ചർച്ച നോക്കുക.) “യഥാർത്ഥത്തിലുള്ള സത്തയില്ലെങ്കിൽ.. ഒരു നിഴൽ ഉണ്ടായിരിക്കുകയില്ല.”[4] ഒരു ആപ്പിളുള്ള വൃക്ഷത്തിന്റെ നിഴലിൽനിന്ന് ഒരാൾക്ക് ആപ്പിൾ പറിക്കുവാൻ കഴിയുകയില്ല. വാസ്തവത്തിൽ ആപ്പിളുള്ള വൃക്ഷത്തിൽനിന്നേ ആപ്പിൾ പറിക്കുവാൻ കഴിയു. ന്യായപ്രമാണത്തിലേക്ക് മടങ്ങി പോകുന്നത് “പാലത്തിന്റെ മറുകര കടക്കുവാൻ അതിന്റെ അരുവിയിലുള്ള ... നിഴലിൽകൂടെ ശ്രമിക്കുന്നതു പോലെയാണ്.”[5] നമുക്ക് ഏറ്റവും ആവശ്യമുള്ളതും ആഗ്രഹിക്കത്തക്കതും ആയവ പുറപ്പെടുവിക്കുവാൻ “നിഴലിന്” സാധ്യമല്ല-അതായത്- രക്ഷയും അതിന്റെ ഉറപ്പും.

ന്യായപ്രമാണം **വരുവാനുള്ളവയുടെ സാക്ഷാൽ സ്വരൂപം** അല്ല എന്നാണ് ലേഖകൻ പറയുന്നത്. “സ്വരൂപം” (*എയിക്കോൺ*), ഈ വാക്യത്തിൽ അർത്ഥം “രൂപം” എന്നാണ്, “നിഴൽ” എന്ന വാക്കിനേക്കാൾ വളരെ അകലെ നിൽക്കുന്നതും വ്യത്യസ്തവുമായ ഒന്നിനെയാണ് പറയുന്നത്. ക്രിസ്തു ദൈവത്തിന്റെ “പ്രതിമ” (*എയിക്കോൺ*) ആയിട്ടാണ് കൊലൊസ്യർ 1:15 ൽ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത്. ഫിലിപ്സ് ആ വാക്യത്തെ സമാന്തര പ്രയോഗം നടത്തിയിരിക്കുന്നത് “അദൃശ്യനായ ദൈവത്തിന്റെ പ്രകടനമാണ് ഇപ്പോൾ കാണപ്പെട്ട ക്രിസ്തു ...” എന്നാണ്. എബ്രായ ലേഖനത്തിൽ ഇവിടെ മാത്രമാണ് *എയിക്കോൺ* എന്ന വാക്ക് കാണുന്നത്. ന്യായപ്രമാണത്തിന് അത്തരം യോഗ്യതയില്ലായിരുന്നു, കാരണം അത് “നിഴൽ” മാത്രമായിരുന്നു. ഒരു നിഴൽ ആവർത്തിച്ച് ആവർത്തിച്ച് പ്രത്യക്ഷപ്പെട്ടേക്കാം, പക്ഷെ നിഴലിന് ഒരിക്കലും സത്ത ആകുവാൻ കഴിയുകയില്ല. ഒരു ചിത്രകാരൻ ഒരു ചിത്രം വരുക്കുന്നതിന് ബാഹ്യരൂപരേഖ ഇടുന്നതാണ് ഇവിടെ പറയുന്ന ആശയം.

ക്രിസ്തുവിന്റെ മഹാപുരോഹിത പ്രവൃത്തികളുടെ പ്രാഥമികമായ “നിഴൽ” മാത്രമായിരുന്നു പഴയനിയമത്തിലെ ആഘോഷങ്ങൾ എല്ലാം, അവനാണ് ആ പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്. പൗലൊസ് കൊലൊസ്യർ 2:17 ൽ ന്യായപ്രമാണത്തെ ഇതേ ഭാഷ ഉപയോഗിച്ചാണ് പറഞ്ഞിരിക്കുന്നത്. അവിടെ അവൻ “വരുവാനുള്ളവയുടെ *നിഴൽ*” എന്നാണ് പറഞ്ഞിരിക്കുന്നത് (എംഫസിസ് ആഡഡ്).

2 കൊരിന്ത്യർ 4:4 ലും ദൈവത്തിന്റെ “രൂപം” (*എയിക്കോൺ*), അർത്ഥം ഈ വാക്യത്തിൽ “പ്രതിരൂപം” എന്നാണ്, അത് വ്യത്യസ്തവും “നിഴൽ” എന്ന വാക്കിൽ നിന്നും ഉയർന്നതാണ്. പിതാവിന്റെ പൂർണ്ണരൂപമാണ് ക്രിസ്തു, അവനെ നമുക്ക് കാണുവാൻ കഴിയുന്നില്ല. പൂർണ്ണമായ ക്രമം നമുക്ക് നൽകുന്നവന്റെ പൂർണ്ണതയാണ് ക്രിസ്തു നമുക്ക് കാണിച്ചു തരുന്നതെന്നാണ് ആ വേദഭാഗങ്ങൾ വ്യക്തമാക്കുന്നത്, എന്നാൽ പഴയ നിയമത്തിൽ അത് ലഭ്യമല്ലായിരുന്നു. ദൈവത്തിന്റെ സർവ്വ “സമ്പൂർണ്ണതയും” യേശുവിൽ ദേഹരൂപത്തിൽ വസിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (കൊലൊ. 1:19; 2:9). ഈ കാര്യത്തെ കുറിച്ച് എബ്രായലേഖകൻ പറയുന്ന അതേ ചിന്ത തന്നെയാണ് പൗലൊസും നൽകുന്നത്. ആ രൂപത്തോട് അനുരൂപരാകുവാനാണ് എബ്രായ ലേഖനവും പൗലൊസിന്റെ എഴുത്തുകളും നമ്മോട് ആവ

ശ്യപ്പെടുന്നത് (റോമ. 8:29). ക്രിസ്തുവിന്റെ "രൂപത്തോട്" (*എയിക്കോൺ*) അനുരൂപരാകുവാൻ കഴിയും എന്നാണ് 2 കൊരിന്ത്യർ 3:18 പറയുന്നത്. "നാം മണ്ണുകൊണ്ടുള്ളവന്റെ *പ്രതിമ* (*എയിക്കോൺ*) ധരിച്ചതുപോലെ സ്വർഗീയന്റെ പ്രതിമയും ധരിക്കും" എന്നാണ് 1 കൊരിന്ത്യർ 15:49 പറയുന്നത് (എംഫസിസ് ആഡഡ്). നമുക്ക് **തികവുള്ളവരായി** (*ടെലെയിയൂ*) തീരുവാൻ കഴിയും; നമുക്ക് പക്വതയുള്ളവരായി അല്ലെങ്കിൽ "തികവുള്ളവരായി തീരുവാൻ" കഴിയും.[6] "യാഗങ്ങളാൽ ... മനസാക്ഷിയിൽ പൂർണ്ണ സമാധാനം വരുത്തുവാൻ സാധിച്ചില്ല" എന്ന് എബ്രായർ 9:9 പറയുന്നു. യാഗങ്ങളാൽ "മനസാക്ഷി *ശുദ്ധീകരിപ്പാൻ* കഴിഞ്ഞില്ല" എന്നാണ് എൻഐവി പറയുന്നത്. "ആരാധിക്കുവാൻ അടുത്തുവരുന്നവരുടെ പാപത്താലുള്ള കുറ്റബോധം അവരുടെ മനസാക്ഷിയിൽ നിന്നു [അപ്പോഴും] നീങ്ങാതിരിക്കുന്ന അവസ്ഥയായിരുന്നു യിസ്രായേൽ ജനത്തിന്റെ യാഗങ്ങളിൽ ഉണ്ടായിരുന്നത്."[7] **അടുത്തുവരുവാൻ** [കഴിയുന്നവർക്ക്] അല്ലെങ്കിൽ ആരാധനക്ക് "സമീപിക്കുന്നവർ" എന്നു പറഞ്ഞിരിക്കുന്നവർ പാപങ്ങൾ മോചിച്ചു കിട്ടിയവരാണ്. ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ആരും ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, പഴയനിയമത്തിൻ കീഴിലായിരുന്ന ആരും വാസ്തവത്തിൽ ആരാധനക്ക് ദൈവത്തിന്റെ അടുക്കൽ വന്നിരുന്നില്ല. മോശെയുടെ ന്യായപ്രമാണം വാസ്തവത്തിൽ ഒരാളെ ദൈവസന്നിധിയിലേക്ക് കൊണ്ടുവന്നില്ല എന്നാണ് എബ്രായർ 7:19 വ്യക്തമാക്കുന്നത് ("അല്ലെങ്കിൽ ന്യായപ്രമാണത്താൽ ഒന്നും പൂർത്തീകരിച്ചില്ല") പുതിയ നിയമത്തിൻ കീഴിൽ ക്രിസ്തുവിൽ മാത്രമാണ് ഒരാൾക്ക് ഒരു വിശ്വാസിക്ക് "തികവുള്ളവനായി" ദൈവസന്നിധിയിൽ വന്ന് ദൈവത്തെ ആരാധിക്കുവാൻ കഴിയുന്നുള്ളു. ആ പക്വതയിൽ, "വിശുദ്ധിയെ തികച്ച്" ക്രിസ്തുവിനെ പോലെ ആകുവാനുള്ള നിരന്തരമായ വളർച്ചയും ഉൾപ്പെടുന്നു (2 കൊ. 6:17–7:1).

വാക്യം 1 ൽ പറഞ്ഞിരിക്കുന്ന "നന്മകൾ" എന്തെല്ലാമാണ്? അതിൽ വിശേഷതയേറിയ പ്രത്യാശ, ശ്രേഷ്ഠമായ യാഗം, നിത്യമായ വീണ്ടെടുപ്പ്, നമ്മുടെ മഹാപുരോഹിതൻ നൽകുന്ന രക്ഷ തുടങ്ങിയവ ഉൾപ്പെടുന്നു, അവ എല്ലാം പുതിയതും ശ്രേഷ്ഠവുമായ നിയമം മുഖാന്തരാണ് ലഭിക്കുന്നത്. പാപത്താലുള്ള കുറ്റം പോക്കി മനസിനെ ശുദ്ധീകരിക്കുന്നതും, നിത്യ ദൈവത്തോടുള്ള സാമീപ്യവും, അന്തിമാവകാശമായ സ്വർഗവും (അല്ലെങ്കിൽ വാസവും) അതിൽ ഉൾപ്പെടുന്നു. "സുവിശേഷവും അതിലെ ആത്മീയ മഹാപൗരോഹിത്യവും വ്യക്തമാക്കുന്നതാണ് *വരുവാനുള്ള നന്മകൾ*."[8]

**വാക്യം 2.** (യെഹൂദ ക്രിസ്ത്യാനികളെ പോലും) യാഗം കഴിക്കുവാൻ പ്രേരിപ്പിച്ചത് അവരുടെ **പാപങ്ങളെ കുറിച്ചുള്ള ബോധം** ആയിരിക്കാം. അപ്പോഴും ദൈവാലയം നിലനിൽക്കുകയും യാഗങ്ങൾ നിരന്തരമായി അർപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു എന്ന് ഈ വാക്യം വായിക്കുമ്പോൾ, സ്വാഭാവികമായും ചിന്തിക്കും, അങ്ങനെ ആളുകൾക്ക് താൽക്കാലിക പാപമോചനവും ലഭിച്ചിരുന്നു. അവരുടെ ഉള്ളിൽ നിലനിന്ന പാപമാണ് ദൈവത്തോട് കൂട്ടായ്മ പുലർത്തുവാൻ തടസമായിരുന്നത്. പുതിയ നിയമത്തിലെ ശുദ്ധീകരണത്തിൽ കഴിഞ്ഞകാല പാപങ്ങൾ *എല്ലാം* ശുദ്ധീകരിക്കപ്പെടുന്നു. ക്രിസ്തുവിന്റെ മരണത്താൽ ലഭ്യമാക്കിയ പാപമോചന നടപടികൾ ആവർത്തിക്കപ്പെടേണ്ട ആവശ്യമില്ല. പഴയനിയമത്തിൻ കീഴിൽ എത്രയാഗം കഴിച്ചാലും നിഴൽ യാഥാർത്ഥ്യമാകുമായിരുന്നില്ല. പുതിയനിയമത്തിലെ ഉയർന്ന ഈ ശുദ്ധീകരണം മോശെ

യുടെ ന്യായപ്രമാണത്തിൻ കീഴിലുള്ളവർക്ക് അജ്ഞാതമായിരുന്നു.

**ശുദ്ധീകരിച്ചു** (*കാതരിസോ*) എന്ന വാക്ക് പൂർണ്ണ കാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അത് ഭൂതകാലത്തിൽ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ഫലം വർത്തമാനകാലത്തിൽ തുടർന്നുകൊണ്ടിരിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. കഴിഞ്ഞ കാല പാപങ്ങളെ കുറിച്ചുള്ള അറിവ് നമുക്ക് ആവശ്യമില്ല, കാരണം അവ നമ്മുടെ ജീവിതത്തിൽ നിലനിൽക്കുന്നില്ല! ഒരു രോഗിക്ക് മരുന്ന് തുടരെ തുടരെ നൽകുകയാണെങ്കിൽ, ആ രോഗിക്ക് മരുന്ന് ഫലിക്കുന്നില്ല എന്നു വ്യക്തം. രോഗം അയാളിൽനിന്ന് മാറിയാൽ പിന്നെ അയാളെ ആ രോഗം ശല്യം ചെയ്യുകയില്ല. എങ്കിലും, അത് പൂർണ്ണമായ സൗഖ്യമാണെന്ന് പറയുവാൻ സാധ്യമല്ല. ഒരിക്കൽ പാപം ക്ഷമിച്ചുകിട്ടിയാൽ അയാളുടെ അസംഖ്യം പാപത്തെ പൗലൊസിനെ പോലെ തിരിച്ചറിയുവാൻ കഴിയുമെങ്കിലും അവയുടെ ശിക്ഷയെ കുറിച്ച് ഓർത്ത് നിരാശപ്പെടേണ്ട ആവശ്യമില്ല, ക്രിസ്തുവിൽനിന്ന് അവന്റെ വചനം അനുസരിച്ചവരുടെ പാപങ്ങൾ പൂർണ്ണമായും ക്ഷമിച്ചു തരും. നേരെ മറിച്ച്, ന്യായപ്രമാണത്തിൻ കീഴിൽ പാപം **ആരാധകരെ** തുടർച്ചയായി വിഷമിപ്പിച്ചുകൊണ്ടിരുന്നു. *ലാട്രെയുവോ* എന്ന വാക്കിൽനിന്നാണ് നമുക്ക് "ആരാധകർ" എന്ന വാക്ക് ലഭിച്ചത്, ആ വാക്കിന്റെ മറ്റൊരു രൂപം 9:6 ൽ ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം, "ദൈവിക ആരാധന," (*ലാട്രെയിയാസ്*, "പൗരോഹിത്യ ശുശ്രൂഷ").[9] ഇപ്പോൾ എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാണ് (1 പത്രൊ. 2:5, 9).

അവയെല്ലാം ഓർമ്മ ആയിരുന്നു (10:3, 4)

**[3]ഇപ്പോഴോ ആണ്ട് തോറും അവയാൽ പാപങ്ങളുടെ ഓർമ്മ ഉണ്ടാകുന്നു.[4] കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തിന് പാപങ്ങളെ നീക്കുവാൻ കഴിവുള്ളതല്ല.**

**വാക്യം 3.** കൂടാതെ, ആ **യാഗങ്ങൾ പാപങ്ങളെ ഓർമ്മിപ്പിക്കുകയാണ്** ചെയ്യുന്നത് എന്നു ലേഖകൻ പറയുന്നു. പഴയനിയമ യാഗങ്ങളുടെ വ്യർത്ഥത എബ്രായ ക്രിസ്ത്യാനികൾ മനസിലാക്കേണ്ടിയിരുന്നു. വർഷം തോറുമുള്ള യാഗങ്ങളോടുകൂടിയാണ് പ്രായശ്ചിത്ത ദിനത്തിൽ (യോം കിപ്പൂർ) പാപങ്ങളെ കുറിച്ച് ഓർമ്മിച്ചിരുന്നത്. ആ ദിവസത്തിലെ ഓരോ യാഗവും യിസ്രായേലിന്റെ നിരന്തരമായ പാപത്തെ കുറിച്ചുള്ള കുറ്റം സമ്മതിക്കലായിരുന്നു. "പാപ വിഷയത്തെ കുറിച്ച് വർഷം തോറും മനുഷ്യാത്മാവിൽ തുടർച്ചയായി അടിക്കുന്നതുപോലെയാണ് പ്രായശ്ചിത്ത ദിനം."[10] അന്നു ചെയ്യുന്നതായ യാഗങ്ങൾ പൊതുവിലുള്ള അപ്പോഴത്തെ പാപങ്ങൾക്ക് വേണ്ടി മാത്രമായിരുന്നില്ല, ഒരു വർഷം മുൻപ് ചെയ്ത എല്ലാ പാപങ്ങൾക്കും വേണ്ടിയായിരുന്നു. മറ്റു പാപയാഗങ്ങൾ-അജ്ഞതയാൽ ചെയ്യുന്ന പാപങ്ങൾക്കുള്ളതായിരുന്നു (സംഖ്യാ. 15:27, 28) -അത് ദിവസം തോറും, ആഴ്ച്ച തോറും, മാസം തോറും ചെയ്തിരുന്നു. ഫലത്തിൽ, പ്രായശ്ചിത്ത ദിവസം ചെയ്തിരുന്ന പഴയ നിയമത്തിലെ യാഗങ്ങളടക്കം എല്ലാ യാഗങ്ങളും അപര്യാപ്തമായിരുന്നു. "അവ എത്ര ആവർത്തിച്ചാലും നിഴൽ യാഥാർത്ഥ്യമാകുമായിരുന്നില്ല."[11] യിസ്രായേലിനെ അവരുടെ പ്രമാണത്തിന്റെ ന്യൂനതയെ ഓർമ്മിപ്പിക്കുന്നതായിരുന്നു യാഗങ്ങളുടെ ആവർത്തനം. ശരാശരി യെഹൂദൻ സംശയരഹിതമായി വാദി

ച്ചിരുന്നത്, യോം കപ്പൂർ ആചരണ ദിവസം എന്നു പറയുന്നത്, ഒരു "നീക്കം ചെയ്യൽ" ദിവസമാണ്, അല്ലാതെ പാപങ്ങളെ കുറിച്ച് "ഓർമ്മിക്കുന്ന" ദിവസമല്ല എന്നാണ്. അവരിൽ ആഴമായി ചിന്തിച്ചിരുന്നവർ അവയുടെ ഉദ്ദേശം മനസിലാക്കുവാൻ ശ്രമിച്ചിരുന്നു: "പാപത്തിന്റെ സ്വഭാവത്തെയും ദൈവ നീതിയുടെ യാഥാർത്ഥ്യത്തെയും പ്രായശ്ചിത്തത്തിന്റെ ആവശ്യത്തേയും കാണിച്ചുകൊടുത്തിരുന്നു."[12] എങ്ങനെയായാലും, പുതിയ നിയമപ്രകാരം മാത്രമാണ് (യിരെ. 31:31–34 ൽ വാഗ്ദാനം ചെയ്തതുപോലെ) ദൈവത്തിന് പാപങ്ങളെ ഓർക്കാതിരിപ്പാൻ കഴിയുന്നത്. ക്രിസ്തുവിൽ നാം നമ്മുടെ പാപങ്ങളെ ഓർമ്മിക്കും, എന്നാൽ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശയിൽനിന്നു പങ്കെടുക്കുമ്പോൾ, ക്രിസ്തുവിന്റെ മരണം മുഖാന്തരം നമുക്ക് ലഭിച്ച പാപമോചനത്തെയും നാം ഓർമ്മിക്കും (1 കൊ. 11:24–26). ആ ഓർമ്മ കൂടാതെ നമ്മുടെ വിശ്വാസം ശക്തമാകുകയില്ല.

പാപത്തിൽ മുഴുകി ജീവിച്ച് വ്യാധിയിലായിരുന്ന യെഹൂദൻ ന്യായപ്രമാണത്താൽ വിശ്വസ്തനാകുവാൻ ശ്രമിച്ചതിനേക്കാൾ വിദൂരമാണ് പാപങ്ങളെ ദൈവത്തോട് ഏറ്റുപറയുക എന്നത്. പുതിയനിയമത്തിൽ നമുക്ക് ലഭിക്കുന്നത് ദാവീദ് തന്റെ പ്രാർത്ഥനയിൽ അപേക്ഷിച്ചതാണ്, "ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിക്കേണമേ." യാഗത്താൽ അത് ലഭിക്കുകയില്ല എന്ന് അവന് അറിയാമായിരുന്നു. അവൻ പറഞ്ഞു, "ഹനനയാഗം നീ ഇഛിക്കുന്നില്ല അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു; ഹോമയാഗത്തിൽ നിനക്ക് പ്രസാദവുമില്ല" (സങ്കീ. 51:10, 16). നിർമ്മലമായ ഒരു ഹൃദയമില്ലെങ്കിൽ, തന്റെ യാഗങ്ങൾ വെറുതെയാണെന്ന് അവന് അറിയാമായിരുന്നു. താൽക്കാലികമായ മൃഗയാഗങ്ങളിൽ ദൈവം തൃപ്തനായിരുന്നില്ല. ശ്രേഷ്ഠമായ യാഗം ആവശ്യമാണെന്ന് ആരംഭത്തിൽ തന്നെ ദൈവത്തിന് അറിയാമായിരുന്നു (1 പത്രൊ. 1:18, 19). "ഏ. ഡി. 70 ൽ, ദൈവാലയ നാശത്തിന് ശേഷം പുതിയ നിബന്ധനകൾ പാലസ്തീനിയൻ പള്ളികളിൽ സ്വീകരിക്കേണ്ടതാണെന്ന് യെഹൂദ മതാദ്ധ്യക്ഷന്മാർ മനസിലാക്കേണ്ടിയിരുന്നു."[13] മൃഗയാഗങ്ങൾക്ക് പാപങ്ങളെ നീക്കുവാൻ കഴിഞ്ഞിരുന്നില്ല (വാ. 4). അവ ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുന്ന മുൻനിഴൽ മാത്രമായിരുന്നു. മശിഹയിൽ വിശ്വസ്തരാകുവാൻ ആദ്യ എബ്രായ വായനക്കാർ ആ മാറ്റം മനസിലാക്കി സ്വീകരിക്കണമായിരുന്നു.

**വാക്യം 4**. ബൈബിൾ അനുസരിച്ച് പാപത്തെ എങ്ങനെ കൈകാര്യം ചെയ്യണം എന്ന കാര്യത്തിൽ ക്രിസ്തുവിനെ ത്യജിച്ച യെഹൂദന്മാർ വിഷമിക്കുകയാണ്. മൃഗ **രക്തം പാപങ്ങളെ നീക്കം ചെയ്യുന്നില്ല** (*അഫയിരെയോ*) എന്ന സത്യം പലരും ഇന്ന് തിരിച്ചറിയുന്നു. എബ്രായ ലേഖനം എഴുതപ്പെട്ടപ്പോൾ, ആ സത്യം ദാവീദിന്റേയും മറ്റു പ്രവാചകന്മാരുടേയും വാക്കുകളോടൊപ്പം ഒരുപക്ഷെ നന്നായി-അറിയപ്പെട്ട പ്രസ്താവന ആയിരുന്നേക്കാം. ഉദാഹരണമായി മീഖാ 6:7 ൽ, പഴയ നിയമത്തിൻ കീഴിൽ, ഒരാൾ കുഞ്ഞിനെ യാഗം അർപ്പിക്കുന്ന അവസ്ഥയിൽ എത്തിയാൽ പോലും, ദൈവം അതിൽ സംപ്രീതനാകുകയില്ല എന്നാണ് പ്രവാചകൻ പറഞ്ഞത്! തീർച്ചയായും, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ നരബലി ഖണ്ഡിച്ചിരുന്നു. അബ്രഹാമിനെ പരീക്ഷിക്കുവാനായി ദൈവം അവന്റെ ഏകജാതനായ യിസഹാക്കിനെ യാഗം കഴിപ്പാൻ ആവശ്യപ്പെട്ടെങ്കിലും, ദൈവം ഒരിക്കലും നരബലി ആഗ്രഹിച്ചിരുന്നില്ല (ഉല്. 22:1–14). അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരിൽ ചിലർക്ക് ദൈവത്തിന്റെ നീതിയും കരുണയുമാണ് പാപങ്ങളെ മോചിക്കുന്നത് എന്ന

തിരിച്ചറിവ് ഉണ്ടായിരുന്നു. എങ്ങനെയായാലും, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ പ്രാചീന ദേവന്മാർക്ക് അവ വിരളമായി മാത്രമാണുണ്ടായിരുന്നത് എന്ന് അവരുടെ ഇതിഹാസങ്ങൾ വ്യക്തമാക്കുന്നു. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർ മനസിലാക്കിയിട്ടുള്ളത്, "പാപക്ഷമാപണം ദൈവത്തിന്റെ നീതിയാലും കരുണയാലും കൽപനയാലുമാണെന്നാണ്." അത്തരം പാപമോചനം ലഭിച്ചോ ഇല്ലയോ എന്നു മനുഷ്യർക്ക് തീർച്ചയില്ല. അക്കാര്യത്തിൽ യിസ്രായേലിന് വെളിപ്പാട് ഇല്ലായിരുന്നു; എങ്ങനെയായാലും, അവർക്ക് പാപമോചനം ഉണ്ടായിരുന്നു (ലേവ്യ. 4:20, 26, 31, 35). ദീർഘവീക്ഷണ കാഴ്ച്ചപ്പാടിൽ അവർക്ക് ഭാവിയിലെ ക്രിസ്തുവിന്റെ യാഗത്തെ കാണുവാൻ കഴിഞ്ഞു, അങ്ങനെയാണ് വിശ്വസ്തരായവരുടെ പാപങ്ങളെ ക്ഷമിച്ചുകൊടുക്കുന്നത്. എബ്രായർ 9:13–15 ലും റോമർ. 3:25 ലും ഉള്ള ചിന്ത അതാണ്.

പാപത്തിന്റെ കുറ്റത്തിന് ന്യായമായ കൂലി കൊടുക്കുവാൻ ദൈവത്തിന്റെ കരുണയും നീതിയും ഒരേ സമയത്ത് നിറവേറ്റണം–അതാണ് റോമർ 3:23–26 ൽ നടത്തുന്ന വിവേചനം. പാപി തന്റെ പാപം മുഴുവനായി മോചിക്കപ്പെടുവാൻ വാസ്തവത്തിൽ മൃഗയാഗം അർപ്പിക്കുവാൻ സാധ്യമല്ല, കാരണം എല്ലാ കന്നുകാലികളും കർത്താവിനുള്ളതാണ് (സങ്കീ. 50:10).

വാസ്തവത്തിലുള്ള യാഗത്തിന്റെ മുൻനിഴലായിരുന്നു അവ (10:5–7)

**5ആകയാൽ ലോകത്തിൽ വരുമ്പോൾ,**
**"ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല,**
**എന്നാൽ ഒരു ശരീരം നീ എനിക്കായി ഒരുക്കിയിരിക്കുന്നു,**
**6സർവ്വാംഗ ഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല";**
**എന്നിങ്ങനെ പറഞ്ഞശേഷം, 7"ഇതാ ഞാൻ വരുന്നു;**
**പുസ്തകച്ചുരുളിൽ എന്നെ കുറിച്ച് എഴുതിയിരിക്കുന്നു;**
**'ദൈവമേ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു'**
**എന്ന് അവൻ അരുളിച്ചെയ്യുന്നു."**

അവൻ ആ ചർച്ച തുടരുമ്പോൾ, ലേഖകൻ പറയുന്നത് പഴയ നിയമ യാഗങ്ങൾ ക്രിസ്തുവിന്റെ മഹാ യാഗത്തിന്റെ മുൻനിഴലായിരുന്നു എന്നാണ്. ലേഖകൻ വിവിധ സങ്കീർത്തനങ്ങൾ ഉദ്ധരിച്ച ശേഷം (2; 45; 95; 110), തന്റെ വായനക്കാരെ അടുത്തതായി സങ്കീർത്തനങ്ങൾ 40:6–8 ലേക്ക് (LXX ൽ നിന്നും) തിരിക്കുന്നു.[15] ആ സങ്കിർത്തനം പിതാവും നിത്യപുത്രനും തമ്മിലുള്ള സംഭാഷണമാണ്, അതിൽ പുത്രനാണ് വക്താവ്.[16] "മറ്റു മശിഹാ സങ്കീർത്തനങ്ങളിലേതുപോലെ, മശിഹയുടെ വാക്കുകളുടെ മുൻനിഴലായിരുന്നു ദാവീദിന്റെ വാക്കുകൾ."[17] "അവൻ ലോകത്തിലേക്ക് വരുമ്പോൾ" എന്ന പ്രയോഗം തെളിയിക്കുന്നത് അവൻ മുൻപ് ഉണ്ടായിരുന്നു എന്നാണ്.

**വാക്യങ്ങൾ 5–7. നീ എനിക്കായി ഒരു ശരീരം ഒരുക്കിയിരിക്കുന്നു.** (വാ. 5 ലെ) എന്ന പ്രയോഗത്തിന്റെ അർത്ഥം, "നീ എനിക്കായി ചെവികൾ തുളച്ചിരിക്കുന്നു," (അല്ലെങ്കിൽ "എനിക്കായി ചെവികൾ തുറന്നിരിക്കുന്നു"); പക്ഷെ ഇവിടെ സമാന്തരപ്രയോഗം നടത്തിയിരിക്കുന്നത് LXX ൽ നിന്നുമാണ്. ആരംഭ പ്രയോഗം ഒരുപക്ഷെ, നാടൻ ഭാഷയിലായിരിക്കാം, അതിൽ പറയുന്നത് ശരീരം നിർമ്മിക്കുന്നതിനെയാണ്, അതിനാൽ അവിടെ ശരിയായി

പറയുന്നത്, "നീ എനിക്കായി ഒരു ശരീരം ഒരുക്കിയിരിക്കുന്നു" എന്നാണ്. "ചെവികൾ എനിക്കായി തുറന്നിരിക്കുന്നു" എന്ന പ്രയോഗത്തിൽ നിരന്തര സേവനത്തിനായി ചെവികൾ തുളക്കുന്നതാണ്, ആ സമയം മുതൽ കീഴ്പ്പെട്ട് അനുസരണമുള്ളവനായിരിക്കണം എന്നാണ് അന്തർലീനമാക്കിയിരിക്കുന്നത് (പുറ. 21:6 നോക്കുക). അവൻ ചെവികൾ തയ്യാറാക്കിയപ്പോൾ, ദൈവം അവന് ഒരു ശരീരം മുഴുവൻ ഒരുക്കി എന്ന പ്രയോഗമാണ് LXX ൽ ഉള്ളത്. വക്താവിന് ദൈവം "ശരീരം ഒരുക്കിയിരിക്കുന്നത്" തിരിച്ച് "ജീവനും പ്രസാദവുമുള്ള യാഗമായി അനുസരണയോടെ അവനെ സേവിക്കേണ്ടതിനാണ്."[18] പേർ പറയാതെയാണ് ലേഖകൻ LXX ഉദ്ധരിച്ചത്. ദൈവശ്വാസിയ ലേഖകൻ LXX തർജ്ജമ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്ന് വിവരിക്കുന്നതാകാം ഈ വിവരണം. "സെപ്ത്വജിന്റ് ആരംഭത്തിലെ അർത്ഥം ശരിയായി പറയുന്നതിനാലാണ് സാധാരണ അതിൽനിന്ന് ഉദ്ധരിക്കാറുള്ളത്; അല്ലെങ്കിൽ, ഒന്നുകിൽ ശരിയാക്കുവാൻ ആവശ്യമായ മാറ്റം വരുത്തുകയോ, എബ്രായ ഭാഷയുടെ പുതിയ തർജ്ജമ നൽകുകയോ വേണം."[19] സമാന്തരപ്രയോഗം നടത്തിയതാണെങ്കിൽ പോലും, ദൈവം LXX നെ അനുഗ്രഹിച്ചിരിക്കുന്നു എന്ന വിധത്തിൽ, പുസ്തകത്തിന്റെ ശരിയായ അർത്ഥമാണെന്ന് കരുതാമോ? അങ്ങനെയെങ്കിൽ, ആവശ്യമെങ്കിൽ വാക്യം 5 ലേതുപോലെ ചെറിയ മാറ്റം വരുത്താം.[20] ചിലപ്പോൾ, പുതിയ നിയമ എഴുത്തുകാർ അംഗീകാരത്തിനാണെന്നു തോന്നുന്നു LXX പ്രത്യേകിച്ച് എബ്രായലേഖകൻ ഉപയോഗിച്ചിരിക്കുന്നു. അക്ഷരികമായ തർജ്ജമ കൂടാതെ തർജ്ജമക്കാർ അർത്ഥം പ്രകടമാക്കിയിരിക്കുകയാണ്. ആദ്യ പ്രയോഗങ്ങൾ അക്ഷരികമായി മറ്റൊരു ഭാഷയിലേക്ക് ആക്കിയാൽ, അതിന്റെ ശരിയായ അർത്ഥം വ്യക്തമാകാത്തതിനാൽ, സമാന്തരപ്രയോഗം ആവശ്യമായി വരുന്നു. ദൈവം എല്ലാവർക്കും ഒരു ശരീരം നൽകിയിരിക്ക കൊണ്ട്, അത് തിരിച്ച് അവന് "ജീവനുള്ള യാഗമായി" സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. എങ്ങനെയായാലും, ഒരു പുസ്തകം വിശദമാക്കി കൊടുപ്പാൻ സാധാരണ ഉപദേഷ്ടാക്കന്മാർ ചെയ്യുന്നതുപോലെ, എബ്രായ ലേഖകനും ആദ്യം സമാന്തര പ്രയോഗം നടത്തിയിരിക്കാം.

പാപങ്ങളിൽ നിന്നു രക്ഷ പ്രാപിപ്പാൻ കഴിയാത്ത പഴയ നിയമ യാഗങ്ങളായിരുന്ന **ഹനനയാഗത്തിലും ഹോമ യാഗത്തിലും** ദൈവത്തിന് പ്രസാദമില്ല എന്ന് വാക്യം 6 ചൂണ്ടി കാണിക്കുന്നു. **നീ ഇഛിച്ചില്ല** എന്ന പ്രയോഗത്തിന്റെ (വാ. 5), അത്തരം യാഗങ്ങൾ ദൈവം ഉദ്ദേശിച്ചിരുന്നില്ല അല്ലെങ്കിൽ ആഗ്രഹിച്ചിരുന്നില്ല എന്നർത്ഥം.[21] മറിച്ച്, അത് നേടിയെടുക്കുവാനുള്ള പുത്രന്റെ മരണത്തിൽ അവന് പൂർണ്ണ പ്രസാദം ഉണ്ടായിരുന്നു. തോട്ടത്തിൽ വെച്ച് മനുഷ്യർ വീണുപോകുന്നതിനു മുൻപ് അവരിൽ പ്രസാദിച്ചിരുന്നതുപോലെ, വീണ്ടെടുക്കപ്പെട്ടവരെ "അവൻ നോക്കുന്നതു" പൂർണ്ണപ്രസാദത്തോടെയാണ്.[22]

പുസ്തക ചുരുളിൽ എന്ന പ്രയോഗം (വാ. 7) ആരംഭ എബ്രായ പുസ്തകത്തിലുള്ളത് സങ്കീർത്തനങ്ങൾ 40:7 ആണ്, "ഏതൊന്നിന്റേയും അറ്റത്തെയാണ് അത് പറയുന്നത്-ഒരു ഷൂസിന്റെ അറ്റം, ഒരു മേശയുടെ അറ്റം എന്നെല്ലാം പറയാം. കയ്യെഴുത്ത് പ്രതി ചുരുട്ടുവാൻ ഉപയോഗിച്ച വടിയുടെ തല അല്ലെങ്കിൽ പിടി എന്നും അർത്ഥം വരാം." അതുകൊണ്ട് ആ വാക്യം ഇങ്ങനെ തർജ്ജമ ചെയ്തിരിക്കുന്നു.[23] "പുസ്തക ചുരുൾ" എന്നതിന്റെ അക്ഷരികമായ ആശയം എബ്രായ ലേഖനം എഴുതുന്ന സമയത്ത് ഇറങ്ങിയ മിക്ക കയ്യെഴുത്തുപ്രതികളും എഴുതപ്പെട്ടിരുന്നത് പുസ്തക ചുരുളുകളായിട്ടായിരുന്നു. ഈ സംഭവ

ത്തിൽ, “പുസ്തകം” എന്നു പറയുന്നത് ദൈവ നിയമം ആണ്, പ്രത്യേകിച്ച് അവൻ മരണത്തിലേക്ക് പോയപ്പോൾ നേടിയതാണ് (മർ. 14:49). വാക്യം 8 ലെ “ന്യായപ്രമാണം” എന്നു പറയുന്നത് വാക്യം 7 ലെ “ചുരുൾ” വ്യക്തമാക്കുക യാണ്. “പുസ്തക ചുരുളിൽ എഴുതിയിരിക്കുന്നു” എന്നതിന്റെ അർത്ഥമായി മാർട്ടിൻ ലൂഥർ പറഞ്ഞത്, ‘അത് എഴുതപ്പെട്ടു തന്നെ യിരിക്കുന്നു.’ ലംഘിക്ക പ്പെടാനാകാത്ത ഒരു സ്വഭാവം കരസ്ഥമാക്കുകയാണ് എന്നത്രെ.”[24]

യോഹന്നാൻ 10:34 ൽ, യേശു സങ്കീർത്തനങ്ങൾ 82:6 ഉദ്ധരിച്ചത് സങ്കീർത്ത നങ്ങൾ “ന്യായപ്രമാണത്തിന്റെ” ഭാഗമായിട്ടാണ്. മുഴുവൻ പഴയനിയമ ത്തെയും ന്യായപ്രമാണം എന്നു വിളിച്ചിട്ടുണ്ട്. എബ്രായർ 10:7 ലെ “ചുരുൾ” ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ മാത്രമാണെങ്കിൽ, അതിൽ ക്രിസ്തുവിനെ കുറിച്ചും പറഞ്ഞിരിക്കും (ഉല്. 3:15; 49:10; ആവ. 18:15–18 നോക്കുക). പുത്രൻ ഒരു യാഗമായി തീരുക എന്നത് പിതാവിന്റെ ഇഷ്ടമായിരുന്നു, പുത്രൻ വിശേ ഷതയേറിയ ദൗത്യത്തിന് ഉടമയാകുന്നത് പിതാവിന്നു പ്രസാദമായി. അത് പു ത്രനും ഇഷ്ടമായിരുന്നു.

ദാവീദ് എഴുതി, “**ദൈവമേ ... നിന്റെ ഇഷ്ടം ചെയ്യുവാനാണ്** ഞാൻ വന്നി രിക്കുന്നത്, ” ആത്മാവിൽ ക്രിസ്തു ആണ് ആ പ്രസ്താവന പുറപ്പെടുവിക്കു ന്നത്. അവൻ ലോകത്തിലേക്ക് വന്നപ്പോൾ അത് നിറവേറുകയും, അവൻ പി താവിന്റെ ഇഷ്ടം പൂർണ്ണമായി നിവർത്തിക്കുകയും ചെയ്തു. ദാവീദ് ഭാഗികമായിട്ടു മാത്രമാണ് ദൈവേഷ്ടം തികക്കുവാൻ ശ്രമിച്ചത്, യേശു തന്റെ മരണ ദൗത്യം നിറവേറ്റി. ദാവീദ് ദൈവേഷ്ടമനുസരിച്ചത്, അവൻ ലോകത്തിലേക്ക് അഥവാ ഭൂമിയിലേക്ക് വന്നത്, ദൈവേഷ്ടത്തിന് ഏൽപി ച്ചു കൊടുക്കുന്നതിന് ആയിരുന്നുവെന്ന് പറഞ്ഞു; യേശുവിനെ സംബ ന്ധിച്ച് അവൻ സത്യസന്ധമായും മുഴുവനായും ഇതാണ് പറഞ്ഞിരിക്കുന്നത് (യോഹ. 6:38; 17:4 നോക്കുക). പഴയ നിയമ പ്രവാചകന്മാരിൽ, ക്രിസ്തുവിന്റെ ആത്മാവ് ദൈവേഷ്ടം പൂർത്തീകരിച്ചു; “ക്രിസ്തുവിന്റെ ആത്മാവ്” ആയി രുന്നു പഴയ നിയമത്തിലെ പ്രവാചകന്മാർ, അവർ പറയുന്നത് എന്തെന്നോ എഴുതുന്നത് എന്തെന്നോ അവർക്ക് അജ്ഞാതമായിരുന്നു. ‘ക്രിസ്തുവിന്റെ ആത്മാവ്’ പഴയ നിയമ പ്രവാചകന്മാരിൽ ഉണ്ടായിരുന്നു. അവർ പറഞ്ഞതോ എഴുതിയതോ ആയ കാര്യങ്ങൾ പലപ്പോഴും പൂർണ്ണമായി അവർക്ക് മനസി ലായിരുന്നില്ല (1 പത്രൊ. 1:10, 11). ഇഛാശക്തിയുള്ള ഒരു വ്യക്തിക്കു മാത്രമെ, സ്വയം സ്വീകാര്യമായ യാഗമാകുന്നത് തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളു. മൃഗത്തെ തിരഞ്ഞെടുത്ത് യാഗമർപ്പിച്ചാൽ അത് അന്തിമമായി ദൈവത്തിന്റെ നീതി നിറവേറ്റുവാൻ കഴിയുകയില്ല. തന്റെ ജീവനെ നൽകുവാനും അതിനെ വീണ്ടും പ്രാപിപ്പാനും യേശുവിന് കഴിയുമായിരുന്നു (യോഹ. 10:11, 15, 17, 18).

അവ ആദ്യ നിയമം ആയിരുന്നു (10:8–10)

**8ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന “യാഗങ്ങളും വഴിപാടുംസർവ്വാം ഗഹോമങ്ങളും പാപയാഗങ്ങളും നീ ഇഛിച്ചില്ല”. അവയിൽ പ്രസാദിച്ചതുമില്ല (അത് ന്യായപ്രമാണപ്രകാരം അർപ്പിച്ചതാണ്) എന്നിങ്ങനെ പറഞ്ഞശേഷം 9“ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു” എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കി കളയുന്നു. 10ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ**

**വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.**

**വാക്യങ്ങൾ. 8–10.** ആ യാഗങ്ങളെല്ലാം പഴയ (ഒന്നാമത്തെ) നിയമത്തിന്റെ ഭാഗമായിരുന്നു എന്നാണ് എഴുത്തുകാരൻ പറഞ്ഞത്. സങ്കീർത്തനങ്ങൾ 40:6–8 വിശദമാക്കുവാൻ, ഊന്നലിനായി അതിന്റെ ഒരു ഭാഗം വീണ്ടും ഉദ്ധരിച്ചു. 13:22 ലേതുപോലെ, അത് പ്രസംഗത്തിന്റെ സ്വഭാവമാണ്. ഈ ഉദ്ധരണിയിൽ സംസാരിക്കുന്നത് ക്രിസ്തു ആണ്. പുതിയ നിയമം കൊണ്ടുവരുന്നതിന് വളരെ മുൻപ് തന്നെ പഴയ നിയമ യാഗങ്ങളുടെ നിഷ്പ്രയോജനത്വം അവൻ അറിഞ്ഞിരുന്നു. അവൻ ഭൂമിയിൽ വന്നത് പിതാവിന്റെ ഇഷ്ടം പൂർണ്ണമായി നിവർത്തിപ്പാനായിരുന്നു. ആ പ്രവചനം ദാവീദിൽകൂടിയാണ് വന്നതെങ്കിലും അതിന്റെ ഉറവിടം അവനായിരുന്നില്ല. ദൈവേഷ്ടം ചെയ്യുവാൻ, യേശു **ഒന്നാമത്തെ നിയമം നീക്കം ചെയ്യുന്നവനായി** മാറണമായിരുന്നു (വാ. 9). *അനെയിരെയോ* എന്ന വാക്ക് ("നീക്കം ചെയ്യൽ") "റദ്ദാക്കൽ" എന്നും തർജ്ജമ ചെയ്യാം (എൻആർഎസ്‌വി), പൊതുവിൽ അതിന്റെ അർത്ഥം "കൊല്ലുക" എന്നാണ്.[25] "പഴയത് 'നീക്കി കളഞ്ഞു' എന്നത് മൊത്തത്തിലുള്ള റദ്ദാക്കലാണ് സൂചിപ്പിക്കുന്നത്".[26]

പുതിയ നിയമം സ്ഥാപിക്കുവാനായി പഴയത് നീക്കം ചെയ്യേണ്ടിയിരുന്നു. ലേഖകൻ ആ പോയിന്റ് ഊന്നിക്കൊണ്ട്, ഫലത്തിൽ പറഞ്ഞു, "സങ്കീർത്തനങ്ങൾ 40:6–8 ഉദ്ധരിച്ചതു. യേശു വന്നത് പിതാവിന്റെ ഇഷ്ടം ചെയ്യുവാനായിരുന്നു. നമ്മെ പാപത്തിന്റേയും ന്യായപ്രമാണത്തിന്റേയും അടിമത്വത്തിൽനിന്ന് വിടുവിക്കുവാനായി തന്റെ സ്വന്ത ശരീരം ഏൽപിച്ചു കൊടുത്തു, രണ്ടാമത്തെ ഉടമ്പടിയായ നിയമം നൽകി. **രണ്ടാമത്തേത് സ്ഥാപിക്കുവാൻ** (വാ. 9), "ഒന്നാമത്തെ" നിയമത്തെ നീക്കം ചെയ്തു (റോമ. 7:1–7 നോക്കുക).

**യാഗങ്ങളെ ന്യായപ്രമാണം** അധികാരപ്പെടുത്തിയിരുന്നതായി എബ്രായ ലേഖകന് അറിയാമായിരുന്നു (വാ. 8; ലേവ്യാ. 1–7). വഴിപാടും യാഗവും അർപ്പിക്കുന്ന സമയത്ത് ആരാധകന്റെ ഹൃദയത്തിൽ ആത്മാർത്ഥതയില്ലെങ്കിൽ, അവ സ്വീകരിക്കുകയില്ലെന്ന് പ്രവാചകന്മാർ മുന്നറിയിച്ചിരുന്നു (ഉദാഹരണമായി, ഹോശെ. 6:6; യെശ. 1:11–14; മീഖാ. 6:6–8). ആകയാൽ നാം വായിക്കുന്നു, "നീ ഇച്ഛിച്ചില്ല, അവയിൽ പ്രസാദിച്ചതുമില്ല" (വാ. 8). അത് സത്യമാകയാലായിരുന്നു, ദൈവം നിത്യതയുടെ ആരംഭത്തിൽ തന്നെ വിശേഷതയുള്ള ഒരു വഴിപാടും യാഗവും ഉള്ള പദ്ധതി നടപ്പാക്കുവാൻ ആവിഷ്ക്കരിച്ചത് (വാ. 9, 10). **ക്രിസ്തുവിന്റെ വഴിപാടും യാഗവും ഒരിക്കൽ എന്നേക്കുമായി** (*എഫാപാക്സ്*) പ്രശ്ന പരിഹാരം വരുത്തി.[27]

ക്രിസ്തുവിന്റെ യാഗത്താൽ, നാം **ശുദ്ധീകരിക്കപ്പെട്ടു**, അല്ലെങ്കിൽ "വിശുദ്ധമാക്കപ്പെട്ടു." അതാണ് ഒരിക്കൽ "രക്ഷിക്കപ്പെടുക" എന്നു പറഞ്ഞാൽ (ഇവിടെ ഉപയോഗിച്ചിരിക്കുന്നത് അയോറിസ്റ്റ് ടെൻസാണ്).[28] ക്രിസ്തുവിന്റെ യാഗത്താൽ പുതിയ നിയമത്തിന്റെ നിയമ നിർമ്മാണവും പൂർത്തിയാക്കുവാൻ കഴിഞ്ഞു. ക്രിസ്തു പിതാവിന്റെ ഇഷ്ടം ചെയ്തില്ലായിരുന്നു എങ്കിൽ, നമുക്ക് രക്ഷയുടെ പ്രത്യാശ ലഭിക്കയില്ലായിരുന്നു. "വിശുദ്ധീകരിക്കപ്പെടുക" എന്നതു യെഹൂദന്മാരുടെ മനസിൽ, ആരാധനക്കായി ദൈവത്തിന്റെ അടുക്കൽ ചെല്ലുക എന്നതാണ്. നമ്മെ സംബന്ധിച്ച് അതും അതിൽ കൂടുതലും അടങ്ങുന്നു.

"വിശുദ്ധീകരണം" ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ ഒരിക്കൽ-സംഭവിക്കുന്നതും, ക്രിസ്തീയ സ്വഭാവ വികസനത്തിൽ

തുടർച്ചയായി ഉണ്ടായിരിക്കേണ്ടതുമാണ്. ഇതേ ആശയം 2 കൊരിന്ത്യർ 7:1 ൽ കാണാം. “നാം ജഡത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക.”[29]

പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിനെ സംബന്ധിച്ച് യേശുവിന് രണ്ട് കാര്യങ്ങൾ ആവശ്യമായിരുന്നു. ആദ്യം അവനായി ഒരു ശരീരം ഒരുക്കണമായിരുന്നു (വാ. 5), അവൻ ജനിച്ചപ്പോൾ അത് സംഭവിച്ചു. രണ്ടാമതായി, പഴയ വ്യവസ്ഥ നീക്കം ചെയ്യേണ്ടതായി വന്നു (വാ. 9). അവൻ ഭൂമിയിൽ വരുന്നതിന് വളരെ മുൻപ് തന്നെ അത് നമ്മുടെ കർത്താവിന് അറിയാമായിരുന്നു. ആവർത്തനം ആവശ്യമില്ലാത്തവിധത്തിൽ അവന്റെ യാഗങ്ങൾ തികവുള്ളവയായിരുന്നു![30] ആ ഒരു അനുസരണത്തിലും, സ്വയ-യാഗം അർപ്പിച്ചതിലും ദൈവം പ്രസാദിച്ചു, അങ്ങനെ അവൻ പാപങ്ങളെ പൂർണ്ണമായി മോചിച്ചുകൊടുക്കുന്നു. സ്വർഗസ്ഥനായ യേശുവിന് ഭൂമിയിലുള്ള മനുഷ്യരുടെ രക്ഷക്കുള്ള എല്ലാ ആവശ്യങ്ങളും അറിവുണ്ടായിരുന്നു. തന്റെ ജീവരക്തം അവൻ സ്വയമായി മനുഷ്യവർഗത്തിന്റെ രക്ഷക്കു വേണ്ടി നൽകി (യോഹ. 3:16).

**ക്രിസ്തുവിനാൽ വിശുദ്ധീകരിക്കപ്പെട്ടു (10:11–18)**

മൃഗയാഗത്തിന്റെ അപര്യാപ്തത ചൂണ്ടിക്കാണിച്ച ശേഷം ലേഖകൻ ക്രിസ്തുവിന്റെ കഷ്ടതയുടെ പര്യാപ്തതയെ ആണ് കാണിക്കുന്നത്. അവന്റെ യാഗത്തിന്റെ അവസാനം ക്രിസ്തുവിനു ലഭിച്ച ഉയർച്ചയെ പ്രദർശിപ്പിച്ചിരിക്കുകയാണ് (വാ. 11–14), പരിശുദ്ധാത്മാവിന്റെ സാക്ഷ്യത്താലായിരുന്നു അത് ചെയ്തത് (വാ. 15–18).[31]

നമുക്ക് വേണ്ടി വാസ്തവത്തിൽ ക്രിസ്തു ചെയ്തത് എന്താണ്? നീതി ആവശ്യപ്പെടുന്നതെല്ലാം തൃപ്തികരമായി മരണത്താൽ നീതി നിറവേറ്റി നമ്മെ വിശുദ്ധീകരിച്ചത് എങ്ങനെ? ആ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയാണ് എബ്രായർ 10:11–18.

മുദ്ര ചെയ്ത നമ്മുടെ കർത്താവാണ്, ക്രിസ്തു (10:11, 12)

**11ഏതു പുരോഹിതനും ദിവസേന ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിപ്പാൻ ഒരുനാളും കഴിയാത്ത അതേ യാഗങ്ങളെ കൂടെ കൂടെ കഴിച്ചുംകൊണ്ട് നിൽക്കുന്നു. 12യേശുവോ പാപങ്ങൾക്ക് വേണ്ടി ഏകയാഗം കഴിച്ചിട്ട് എന്നേക്കും ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു.**

**വാക്യങ്ങൾ 11, 12.** നമ്മുടെ രക്ഷകൻ ആയിട്ടാണ്. നാം ആദ്യം യേശുവിനെ കാണുന്നത്. **ദിവസവും ഓരോ പുരോഹിതനും നിന്നാണ് ശുശ്രൂഷിച്ചിരുന്നത്.** സമാഗമന കൂടാരത്തിലായാലും ദേവാലയത്തിലായാലും, പുരോഹിതൻ വീട്ടിലാണെന്ന് ഒരിക്കലും ധരിക്കരുതായിരുന്നു. അവർ എപ്പോഴും നിൽക്കണമായിരുന്നു. പഴയ വ്യവസ്ഥയിൽ പാപപരിഹാരപ്രവൃത്തികൾ തീർന്നില്ല എന്ന് സൂചിപ്പിക്കുന്നതാണ് നിൽക്കൽ. അതിൽനിന്നു വ്യത്യസ്തമായി, യേശു തന്റെ യാഗപ്രവൃത്തികൾ പൂർത്തിയാക്കി ഇപ്പോൾ മഹത്വത്തിൽ ഇരിക്കുകയാണ്. “യാഗം സ്വീകരിച്ചതിന്റേയും പ്രവൃത്തി പൂർത്തിയാക്കിയതിന്റേയും ഉറപ്പ് നൽകുന്നതാണ് ഇരിക്കുന്ന പുരോഹിതൻ.”[32] ക്രിസ്തു ദൈവത്തിന്റെ **വലത്തുഭാഗത്ത്** ഇരിക്കുന്ന ആശയം മുഖ്യ പുതിയനിയമ ചിന്തയും പരിവർത്തനം

ചെയ്ത യെഹൂദന് സഹായകരവുമാണ്. അത് സാധാരണ "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു" എന്ന പ്രയോഗത്തോടുകൂടിയാണ് ഉപയോഗിച്ചിരിക്കുന്നത് (പ്രവൃ. 2:34-36; സങ്കീ. 110:1 നോക്കുക).

പഴയനിയമ പൗരോഹിത്യ ശുശ്രൂഷയിൽ **ഒരേ യാഗങ്ങൾ** തന്നെ ദിവസവും ചെയ്യുന്നത് "പൂജ്യങ്ങളുള്ള ഒരു ചരട് പോലെയാണ്."[33] "അതേ യാഗങ്ങൾ" എന്ന് ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് ഓരോ ദിവസവും ചെയ്തുകൊണ്ടിരിക്കുന്ന വഴിപാടുകൾ എന്ന ചടങ്ങുകളാണ്. ന്യായപ്രമാണത്തിൻ കീഴിൽ ചടങ്ങുകൾ ധാരാളം ഉണ്ടായിരുന്നതിനാൽ അകത്തും പുറത്തുമായി അനവധി പുരോഹിതന്മാരായിരുന്നു മാറി മാറി ഈ ജോലികളെല്ലാം ചെയ്തിരുന്നത്. ഒന്നാം-നൂറ്റാണ്ടിൽ അന്യ ദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ അവരുടെ ദേവന്മാരെ പ്രസാദിപ്പിക്കുവാൻ "മൃഗയാഗങ്ങൾ" അർപ്പിച്ചിരുന്നു, എന്നാൽ ക്രിസ്ത്യാനിത്വത്തിൽ മാത്രമാണ് പാപങ്ങൾക്ക് **എല്ലാ കാലത്തേക്കുമായി** നമ്മുടെ കർത്താവ് യാഗം പൂർത്തിയാക്കിയത്. ലോകത്തിന്റെ മുഴുവൻ പാപത്തിനായി ചരിത്രത്തിൽ ഒരിക്കൽ പാപപരിഹാരപ്രവൃത്തി ചെയ്ത ചരിത്രം മറ്റൊരു മതത്തിലുമില്ല, ക്രിസ്തു എന്ന പുരോഹിതൻ മാത്രമാണ് തന്റെ പ്രവൃത്തികൾ പൂർത്തിയാക്കിയശേഷം ഇരുന്നത് (വാ. 12). യേശുവിന്റെ വീണ്ടെടുപ്പ് പദ്ധതി പൂർത്തിയാക്കി.

നമ്മുടെ കാത്തിരിക്കുന്ന കർത്താവാണ് ക്രിസ്തു (10:13, 14)

**13തന്റെ ശത്രുക്കൾ തന്റെ പാദപീഠം ആകുവോളം കാത്തിരിക്കുന്നു. 14ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു.**

**വാക്യം 13.** രണ്ടാമതായി, കാത്തിരിക്കുന്ന നമ്മുടെ കർത്താവായിട്ടാണ് നാം യേശുവിനെ കാണുന്നത്. ആ സമയം മുതൽ ത**ന്റെ ശത്രുക്കളെല്ലാം തന്റെ പാദപീഠത്തിലാകുവോളം കാത്തിരിക്കുകയാണ്** ചെയ്യുക. ഇവിടെ സങ്കീർത്തനങ്ങൾ 110 ന്റെ മറ്റൊരു ഉദ്ധരണി കാണാം (വാ. 1). അദ്ധ്യായങ്ങൾ 5 ലും 7 ലും സങ്കീർത്തനങ്ങൾ ആവർത്തിച്ചാണ് ഉദ്ധരിച്ചിരിക്കുന്നത്. ഈ വേദാഗത്തെ കുറിച്ച് കൂടുതൽ പരാമർശത്തിന് പൗലൊസ് 1 കൊരിന്ത്യർ 15 ൽ പറഞ്ഞിരിക്കുന്നത് നോക്കുക. ക്രിസ്തു തന്റെ മഹത്തായ യാഗത്തിനു ശേഷം അവസാനം തന്റെ രാജ്യം പിതാവിന്ന് ഏൽപിക്കുന്നതുവരെ അവൻ കാത്തിരിക്കുകയാണ്. അവസാനത്തെ ശത്രുവായ-മരണം നീങ്ങിപോകുമ്പോഴാണ്-അത് സംഭവിക്കുന്നത്, അത് പുനരുത്ഥാനത്തോടുകൂടെ നടക്കും, അവൻ അന്ന് തന്റെ രാജ്യം പിതാവിനെ ഏൽപിക്കും (1 കൊ. 15:23-28). അവൻ മടങ്ങിവന്ന് ഭൂമിയിൽ വാഴും എന്ന് പലരും വിചാരിച്ചിരിക്കുന്നതിന് വിരുദ്ധമായിട്ടാണ് ബൈബിൾ പറയുന്നത്.

നമ്മുടെ ശത്രുക്കളെയെല്ലാം കീഴ്പ്പെടുത്തി യേശു ജയാളിയാകുന്ന അന്ത്യദിവസത്തിനായി ഭൂമി നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവസാനമായി നീക്കേണ്ടത് മരണം ആണ് (1 കൊ. 15:26). ക്രിസ്തു മടങ്ങി വരുമ്പോൾ, എല്ലാം അവസാനിക്കും. അവൻ മടങ്ങി വരുന്നത് "അന്ത്യനാളിൽ" ആയിരിക്കും (യോഹ. 6:39, 44). അന്തിമ വിധിയായ ന്യായവിധി നടത്തുവാനുള്ള സമയമാണ് അത് എന്നും സൂചിപ്പിക്കുന്നു. അന്ന് നീതിമാന്മാരും നീതി കെട്ടവരും ഉയർത്തെ

ഴുന്നേൽക്കും (യോഹ. 5:28, 29).

**വാക്യം 14. ഏകയാഗം** എന്നത് ആവർത്തിച്ചിരിക്കുന്നത് മതിയായത് എന്ന് വ്യക്തമാക്കുകയാണ്. ക്രിസ്തുവിന്റെ പ്രവൃത്തികൾ മുഖാന്തരം വിശ്വാസികൾ **വിശുദ്ധീകരിക്കപ്പെടുന്നു**. അത് തർജ്ജമ ചെയ്തിരിക്കുന്നത് *ഹാഗിയാസോ* ആണ്, "വിശുദ്ധി" എന്ന വാക്കിന്റെ അർത്ഥം "വിശുദ്ധമാക്കുക," അല്ലെങ്കിൽ "ഒരു പ്രത്യേക ഉദ്ദേശത്തിനായി വേർതിരിക്കുക"[34] എന്നാണ്. ആ നടപടി ക്രിസ്തുവിനെ ധരിക്കുന്ന എല്ലാവർക്കും ഉള്ളതാണ് (ഗലാ. 3:26, 27). ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ് അവർ എഴുന്നേറ്റത് (കൊലൊ. 2:12; 3:1), അത് വിശുദ്ധ ജീവിതമാണ് (1 തെസ്സ. 4:1-8). ക്രിസ്തു നമ്മെ വിശുദ്ധീകരിച്ചിരിക്കയാൽ, നാം അപ്രകാരം ജീവിപ്പാൻ അവനോട് കടപ്പെട്ടിരിക്കുന്നു. യേശു തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുത്ത് പരിശീലിപ്പിച്ച് വളരെ നാളുകൾക്ക് ശേഷം, അവരുടെ വിശുദ്ധീകരണ പ്രക്രിയ തുടരുവാനായി യേശു പ്രാർത്ഥിച്ചു (യോഹ. 17:17). "ന്യായപ്രമാണത്തിന് കഴിയാതിരുന്ന മനസാക്ഷിയിലുള്ള സമാധാനം" ഈ വിശുദ്ധീകരണത്താൽ അവൻ നമുക്ക് നൽകുന്നു.[35] ഒരിക്കൽ നാം വീണ്ടെടുക്കപ്പെട്ട എല്ലാവരുമായി യോജിക്കും.

''വിശുദ്ധീകരിക്കപ്പെടുക'' എന്നാൽ നാം തികവുള്ളവരാകുക (ടെലെയിയു; 2:10; 7:11, 19, 28; 10:1 നോക്കുക) എന്നർത്ഥം. വിശുദ്ധീകരണം കർത്താവിന്റെ സഭയിലുള്ള അംഗങ്ങൾക്കാണ് ലഭിക്കുന്നത്, അത് വചനത്താലാണ് നടക്കുന്നത് (യോഹ. 17:17). "വെള്ളത്താലുള്ള കഴുകലിൽ കൂടെയും" എന്നു പറഞ്ഞിരിക്കുന്നത് സ്നാനത്തെയാണ് സൂചിപ്പിച്ചിരിക്കുന്നത് (എഫെ. 5:25, 26; എബ്രാ. 10:22 നോക്കുക). നമ്മുടെ വിശുദ്ധീകരണത്തിന് ആ രണ്ട് മൂലകങ്ങളും ആവശ്യമാണ്.

നമ്മുടെ മുഴുവൻ പ്രായശ്ചിത്തവും, ക്രിസ്തുവാണ് (10:15-18)

**15അത് പരിശുദ്ധാത്മാവും നമുക്ക് സാക്ഷീകരിക്കുന്നു.**

**16ഈ കാലം കഴിഞ്ഞശേഷം ഞാൻ അവരോട് ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു. എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും എന്ന് കർത്താവിന്റെ അരുളപ്പാട് എന്ന് അരുളിച്ചെയ്ത ശേഷം**

**അവൻ പിന്നെ പറയുന്നു,**

**17"അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കയുമില്ല എന്ന് അരുളിച്ചെയ്യുന്നു."**

**18എന്നാൽ ഇവയുടെ മോചനം ഉള്ളേടത്ത് ഇനിമേൽ പാപങ്ങൾക്ക് വേണ്ടി ഒരു യാഗവും ആവശ്യമില്ല.**

മൂന്നാമതായി, നമ്മുടെ മുഴുവൻ പ്രായശ്ചിത്തമായിട്ടാണ് നാം യേശുവിനെ കാണുന്നത് (വാ. 15-18). ഒരു പ്രാസംഗികനെ പോലെ ലേഖകൻ പുസ്തകത്തിലെ മുഖ്യഭാഗത്തേക്ക് കടക്കുന്നത് പ്രാഥമിക സന്ദേശത്തെ ഊന്നി

പറഞ്ഞുകൊണ്ടാണ്. ഉദ്ധരിച്ച വേദഭാഗം യിരെമ്യാവ് 31:31–34 ആണ്, പരിശുദ്ധാത്മാവ് അരുളിച്ചെയ്തതായിട്ടാണ് പറഞ്ഞത്. പഴയ നിയമത്തിൽ "പുതിയ നിയമത്തെ" പ്രത്യേകമായി പറയുന്ന വേദഭാഗം ഇതു മാത്രമാണ്. ക്രിസ്തീയ കാലഘട്ടത്തിലുള്ളവർക്കു വേണ്ടിയാണ് ഇത് എഴുതുന്നത് എന്ന് ലേഖകൻ വ്യക്തമാക്കിയിരിക്കുന്നു, ഇതേ ചിന്ത പൗലൊസ് 1 കൊരിന്ത്യർ 10:6, 11 ൽ വ്യക്തമാക്കുന്നുണ്ട്. നമുക്ക് എഴുതിയിരിക്കുന്നതുപോലെ വേണം നാം പഴയ നിയമം വായിക്കുവാൻ-പക്ഷെ പഴയ നിയമ കൽപനകൾ നമ്മെ ബാധിക്കുന്നില്ല. അനുസരണത്തിനുള്ള ദൈവത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് മാറ്റം ഇല്ല. ന്യായപ്രമാണം ജാതികളെ പോലും ക്രിസ്തുവിലേക്ക് കൊണ്ടുവന്നത് ഓർമ്മിക്കുക (ഗലാ. 3:24; ഗലാത്യയിയുണ്ടായിരുന്ന ക്രിസ്ത്യാനികളധികവും ജാതികളായിരുന്നു എന്നാണ് നാം കരുതുന്നത്.)

**വാക്യങ്ങൾ 15, 16. പരിശുദ്ധാത്മാവ് ... സാക്ഷീകരിക്കുന്നു** (*മാർടുരെയോ*) അല്ലെങ്കിൽ നമ്മോട് "സാക്ഷ്യപ്പെടുത്തുന്നു." 8:8 ൽ ലേഖകൻ ദൈവം പറയുന്നതായിട്ടാണ് സൂചിപ്പിക്കുന്നത്, എന്നാൽ അർത്ഥത്തിൽ വലിയ മാറ്റം ഇല്ല. എല്ലാ തിരുവെഴുത്തും "ദൈവം ശ്വസിച്ചതാണ്," "പരിശുദ്ധാത്മ നിയോഗത്താൽ ശ്വാസിയമായതാണ്" (2 തിമൊ. 3:16, 17).

ഇവിടത്തെ ഉദ്ധരണി കൃത്യമായും 8:8–12 ലേതുപോലെ അല്ല, പക്ഷെ അടങ്ങിയിരിക്കുന്നത് അതേ സത്യമാണ്. ലേഖകൻ ഒരു ഹൊമിലെറ്റിക്കൽ സമീപനമാണ് നടത്തിയിരിക്കുന്നത്. കൂടുതൽ വിപുലമാക്കി ഊന്നി പറയുവാൻ പഴയ നിയമ വേദഭാഗത്തെ പുനക്രമീകരിച്ചാണ് ഉപയോഗിച്ചിരിക്കുന്നത്. ഹൂഗ്സ് എഴുതി,

> വസ്തുതയും ഈ ഉദ്ധരണിയും യിരെമ്യാവ് 31:33 ... ലെ വാക്കുകൾ അതേ വാക്കുകളാലല്ല ഉദ്ധരിച്ചിരിക്കുന്നത് ... വീണ്ടും വാക്കുകളുടെ അർത്ഥത്തിനാണ് പ്രാഥമിക പരിഗണന, അല്ലാതെ ഓരോ വാക്കിന്റേയും ഉപയോഗം എടുത്ത് ആധുനിക സാഹിത്യ വിലയിരുത്തൽ നടത്തിയാൽ നിയമാനുസൃതമെന്ന് പറഞ്ഞില്ലെന്നു വരാം. തർജ്ജമയും വ്യാഖ്യാനമായാൽ പോലും അതായിരിക്കാം സ്ഥിതി ... –[അ]ത് തെളിയിക്കുന്നത് പരിശുദ്ധാത്മാവ് തന്നെയും ... ഉറവിട സത്യം മനസിലാക്കുവാനും പ്രായോഗികമാക്കുവാനുമാണ് ഉദ്ദേശിച്ചത് എന്നാണ്.[36]

എബ്രായ ലേഖനത്തിൽ പലപ്പോഴും പ്രയോഗങ്ങൾ പുനക്രമീകരണം നടത്തുകയും വിശദീകരിക്കയും ചെയ്തിരിക്കുകയാണ്. ഉദ്ധരണിയിൽ ചെറിയ ചേർച്ചക്കുറവ് തോന്നാമെങ്കിലും, ഈ വേദഭാഗത്തെ സംബന്ധിച്ചോ അല്ലെങ്കിൽ മറ്റേതൊരു വേദഭാഗത്തെ സംബന്ധിച്ചോ ആത്മശ്വാസിയത നിഷേധിക്കുവാൻ സാധ്യമല്ല.

ദൈവ വചനത്തിൽ ഉടനീളം പരിശുദ്ധാത്മാവിന്റെ സാക്ഷ്യപ്പെടുത്തൽ കാണാം. പ്രവാചകന്മാരും മറ്റു ദൈവശ്വാസിയ എഴുത്തുകാരും എഴുതിയിട്ടുള്ളത് ഇപ്പോൾ തിരുവെഴുത്തിൽ കാണാം. അതുകൊണ്ട്, ഒരു ദൈവശ്വാസിയ പുരുഷൻ പഴയ നിയമം വായിച്ച് വ്യാഖ്യാനിക്കുമ്പോൾ, നമുക്ക് അത് മൂലഗ്രന്ഥത്തിൽ ആദ്യം ഉദ്ദേശിച്ച അർത്ഥമാണ് ഉദ്ധരണിയിലുള്ളത് എന്നു പറയാം. അത് ഒരു ഉറച്ച പ്രസ്താവനയാണ് കാരണം (1) പ്രവാചകന്മാർ ദൈവത്തിൽനിന്നു ലഭിച്ച അധികാരത്താലും ദൈവശ്വാസിയതയാലുമാണ് എഴുതിയത്

(2) ഇപ്പോഴത്തെ തർജ്ജമയിൽ നമുക്ക് അവന്റെ വാക്കുകൾ വായിക്കുവാൻ കഴിയുന്നു (2 പത്രൊ. 1:20, 21).

വരുവാനിരിക്കുന്ന “പുതിയ നിയമത്തെ” കുറിച്ചാണ് യിരെമ്യാവ് എഴുതിയത് (യിരെ. 31:31–34), അവന് തന്റെ വാക്കുകളേക്കാൾ ആധികാരികമായി പറയുവാൻ കഴിഞ്ഞത് അവൻ പരിശുദ്ധാത്മനിയോഗം ലഭിച്ച പുരുഷൻ ആയിരുന്നതിനാലാണ്. ആ പുതിയ നിയമം യേശു നൽകിയതല്ലാതെ പിന്നെ ഏതാണ്?

**വാക്യം 17.** മറ്റൊരു യാഗം കൂടാതെ പുതിയനിയമത്തിൽ **പാപങ്ങൾക്ക്** മുഴുവൻ മോചനവും നൽകുവാൻ കഴിയുന്നു എന്നതാണ് പഴയനിയമവും പുതിയനിയമവും തമ്മിലുള്ള മുഖ്യമായ വ്യത്യാസം. ഇനി ഓർക്കാതിരിക്കുവാനുള്ള കഴിവ് ദൈവത്തിന് ഉണ്ട്. യേശു മരിച്ചതിനാൽ, ദൈവത്തിന് ഇപ്പോൾ മുഴുവനായും നീതീകരിക്കുവാനും ക്ഷമിക്കുവാനും കഴിയും. ഇനി തുടർച്ചയായ യാഗം എന്നു പറയുന്നത് ബൈബിൾ അടിസ്ഥാനത്തിലുള്ളതല്ല. ഒരു കുർബ്ബാനയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ശുശ്രൂഷയിലോ യേശുവിന്റെ ശരീരം നൽകുവാൻ സാധ്യമല്ല, കാരണം അത് “ഒരിക്കൽ എന്നേക്കുമായി” അർപ്പിക്കപ്പെട്ടു (വാ. 12) പൂർണ്ണമായ രക്ഷയും നൽകുന്നു (9:26–28; 10:14).

**വാക്യം 18.** ദൈവം “ഇനി” പാപങ്ങളെ ഓർക്കുകയില്ല എന്ന ആശയം **അവയുടെ മോചനം** അല്ലെങ്കിൽ “പാപമോചനം” (പ്രവൃ. 2:38). അത് ക്രിസ്തുവിൽ ഇപ്പോൾ പൂർത്തീകരിച്ചു. അന്തിമ വിധിക്കായി നമുക്ക് കാത്തിരിക്കേണ്ട ആവശ്യമില്ല; സുവിശേഷം അനുസരിക്കുമ്പോൾ തന്നെ നമുക്ക് പാപമോചനം ലഭിക്കും. അത് ഒരിക്കൽ ലഭിച്ചു കഴിഞ്ഞാൽ, പിന്നെ **മറ്റൊരു യാഗം പാപങ്ങൾക്കായി** ആവശ്യമില്ല.

ഈ വേദഭാഗത്തോടുകൂടി ലേഖനത്തിലെ ഉപദേശ ഭാഗം അവസാനിപ്പിക്കുയാണ്. പുസ്തകത്തിലെ ശേഷം ഭാഗം, വിശ്വാസത്തിന്റേയും, ക്രിസ്തുവിനെ പിൻപറ്റുന്നതിന്റേയും, വിശ്വാസം പൂർത്തിയാക്കുന്നതിന്റേയും ഉദാഹരണങ്ങളാണ്.

## ദൈവത്തോടുള്ള ഉയർന്ന സാമീപ്യം
## (10:19-39)

ഈ വേദഭാഗത്തോടുകൂടി തുടങ്ങുന്ന ഭാഗത്തെ നമുക്ക് “നമുക്ക് ആരാധിക്കുവാൻ ഒരുങ്ങാം” എന്നു വിളിക്കാം.[37] “വിശ്വാസത്തിനും സ്ഥിരോൽസാഹത്തിനും, ആരാധനക്കുമായുള്ള ക്ഷണം,” എന്നാണ് 10:19–12:29 വരെയുള്ള വേദഭാഗത്തെ മറ്റൊരു വ്യഖ്യാതാവ് വിളിച്ചത്.[38] എബ്രായ ലേഖനത്തിലെ ഉപദേശ നിർദ്ദേശങ്ങളെല്ലാം തീർന്നിരിക്കുകയാണ്, ഇനി വിശ്വാസത്തിലുള്ള നടപ്പ് പരിശീലിക്കുന്നതിനെ കുറിച്ചാണ് പറയുന്നത്. പുതിയ നിയമം എല്ലായ്പോഴും ഉപദേശ പ്രവൃത്തികളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഉപദേശത്തിന് സ്വയമായി നിൽക്കുവാൻ സാധ്യമല്ല; നമ്മുടെ സ്വന്ത ജീവിതത്തിൽ ക്രിസ്തുവിന്റെ ഉപദേശം ആവശ്യപ്പെടുന്നതെല്ലാം അനുസരിക്കുവാൻ തയ്യാറാവേണ്ടത് ആവശ്യമാണ്. ഈ ഉത്തേജകമായ (പ്രബോധനകരമായ) ഭാഗം ക്രിസ്തുവിന്റെ രക്ത സ്വാധീനത്തിൽ അടിസ്ഥാനപ്പെടുത്തിയതും (9:11–28), അവന്റെ യാഗത്തിന്റെ സ്ഥിരമായ ശക്തി ഉൾപ്പെട്ടതുമാണ് (10:1–18).[39]

ഗ്രീക്ക് പുസ്തകത്തിൽ ദൈർഘ്യമേറിയതും തുടരുന്നതുമായ വാചകമാണ്, വാക്യം 19 മുതൽ 25 വരെ അതാണ് തുടങ്ങുന്നത്. വാക്യം 19 മുതൽ

“ആകയാൽ എന്നുതുടങ്ങി ആ വാക്ക് ശക്തമായ ഒരു പുതിയ ഭാഗം 4:14, 9:1, 23 ലേതുപോലെ, തുടങ്ങുന്നു. “ഒരു പ്രസ്താവനക്കായുള്ള മാറ്റത്തിന് അപേക്ഷിക്കുകയാണ്.”[40] “അതുകൊണ്ട്” എന്ന ആശയം വാക്യം 19 മുതൽ 21 വരെ മൂന്നു പ്രാവശ്യം കാണാം. വാക്യം 19 ലും 21 ലും അത് പ്രത്യേകമായി പറഞ്ഞിരിക്കുന്നു, എന്നാൽ വാക്യം 20 ൽ അത് അന്തർലീനമാക്കിയിരിക്കുന്നു. നമുക്ക്-ഒരു “ജീവനുള്ള പുതുവഴി” എന്ന ചിന്ത സത്യം “ആകയാൽ”, നാം അതിനായി ചിലത് ചെയ്യേണ്ടിയിരിക്കുന്നു.

**ധൈര്യത്തിനുള്ള കാരണം (10:19–25)**

**[19]അതുകൊണ്ട് സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശീലയിൽകൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി [20]തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും [21]ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്ക് ഉള്ളതുകൊണ്ട് നാം [22]ദുർമ്മനസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക. [23]പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ. [24]ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് [25]സ്നേഹത്തിലും സൽപ്രവൃത്തിയിലും ഉൽസാഹം വർദ്ധിപ്പിക്കുവാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അത് അധികമധികമായി ചെയ്യേണ്ടതാകുന്നു.**

**വാക്യം 19. നമുക്ക് ധൈര്യം ഉള്ളതുകൊണ്ട്** എന്നു പറയുവാനാണ് ആദ്യത്തെ “അതുകൊണ്ട്” എന്ന വാക്ക് ഉപയോഗിച്ചത്. ഇത് പ്രായശ്ചിത്തത്തിന്റെ ധൈര്യമാണ്. നമുക്ക് ഈ വഴി ഉള്ളതിനാൽ, നാം അതിൽ പ്രവേശിക്കുകയും ജീവിക്കുകയും വേണം.

ഈ ലേഖനത്തിന്റെ ഗുണഭോക്താക്കൾ, **സഹോദരന്മാരായിരുന്നു**, അത് തന്റെ അനുയായികൾക്കായിട്ടാണ് അവൻ അവരുടെ സഹ പങ്കാളിത്തവും, കൂട്ടായ്മയും ആവശ്യപ്പെടുന്നത്. സഹോദരന്മാരായതിനാൽ, അവർ ദൈവത്തിന്റെ “കൂട്ടു-വേലക്കാർ,” അല്ലെങ്കിൽ “സഹ-പ്രവർത്തകർ” ആയിരുന്നു (1 കൊ. 3:9; കെജെവി നോക്കുക). എബ്രായ ലേഖനത്തിൽ ഊന്നി പറഞ്ഞിരിക്കുന്ന പുതിയ ആരാധനാ വഴി “സഹോദരന്മാർക്കായി” തുറന്നിരിക്കുകയാണ്, “സ്വർഗീയ വിളിക്ക് ഓഹരിക്കാരായവർക്ക്” (3:1).[41] ലേഖകൻ തന്നെ വായനക്കാരുമായി ചേർത്ത് പറഞ്ഞിരിക്കുന്ന ഉത്തമമായ വാക്കാണ് അത്.

4:16 ൽ പറഞ്ഞിരിക്കുന്നതുപോലെ, ഇപ്പോൾ നമുക്ക് “ധൈര്യത്തോടുകൂടി” ദൈവത്തിന്റെ അടുത്തു ചെല്ലാം. ക്രിസ്തുവിൽ നമുക്ക് ശ്രേഷ്ഠമായ ഒരു “പ്രത്യാശ” ഉള്ളതിനാൽ നമുക്ക് ധൈര്യത്തോടെ അടുത്തു ചെല്ലുവാൻ സാധിക്കുന്നു (7:19). നാം എബ്രായ ലേഖനം പഠിക്കുന്നതിനാൽ, നമുക്ക് ആ ധൈര്യവും ഉറപ്പും ലഭിക്കുന്നു. പാപം ക്ഷമിക്കപ്പെട്ട ആളുകൾക്ക് ആരാധിക്കുവാൻ ദൈവത്തിന്റെ അടുക്കൽ വരുന്നവർക്ക് ഭയപ്പെടേണ്ട ആവശ്യമില്ല.

നമ്മുടെ ധൈര്യത്തിൽ താഴെ കൊടുക്കുന്ന സത്യങ്ങൾ ഉൾപ്പെടുന്നു:

ക്രിസ്തു മുഖാന്തരം ഏറ്റവും വിശുദ്ധമായ സ്ഥലത്തേക്കുള്ള
വഴി തുറന്നു കിട്ടി
തന്റെ രക്തം മുഖാന്തരം ആണ് യേശു അവിടെ പ്രവേശിച്ചത്.
അവൻ പുരോഹിതനായി നമുക്കായി സദാ പക്ഷവാദം ചെയ്യുന്നു (7:25)
അവന്റെ പ്രായശ്ചിത്ത രക്തത്തിന്റെ ഗുണം നിമിത്തം നമുക്ക് അവനെ അനുഗമിപ്പാൻ കഴിയുന്നു. "കൈകൊണ്ടല്ലാതെ പണിത ഒരു മന്ദിരം നമുക്ക് തരുമെന്ന് ഉറപ്പാക്കിയിരിക്കുന്നു (2 കൊ. 5:1).

ആ ഉറപ്പുകളിൽ നമുക്ക് ഉള്ള വിശ്വാസം നിമിത്തം, നാം ദൈവത്തിലായി കഴിഞ്ഞു എന്നു പറയാം.

വാക്യം 19 മുതൽ 21 വരെ എബ്രായ ലേഖനത്തിൽ ഇതുവരെ പറഞ്ഞ കാര്യങ്ങളെ ചുരുക്കി പറഞ്ഞിരിക്കുകയാണ്. പറഞ്ഞ പോയിന്റുകൾ വായനക്കാരെ ഓർപ്പിക്കുവാൻ ഒന്നിലധികം പ്രാവശ്യം ചുരുക്കി പറയുന്നത് സഹായകരമാകും. ഈ ഭാഗം ഊന്നി പറയുന്നത്, ധൈര്യം, പുതിയ വഴി, നമ്മുടെ പുതിയ മഹാപുരോഹിതന്റെ സഹായം എന്നിവയാണ്.

നമുക്ക് ഇപ്പോൾ നമ്മുടെ ദൈവത്തെ ആരാധിക്കുവാൻ **വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ** കഴിയും. പഴയനിയമത്തിൽ മഹാപുരോഹിതന് ഒഴിച്ച് മറ്റാർക്കും പ്രവേശിക്കുവാൻ അനുവാദം ഇല്ലായിരുന്നു. ഈ സ്ഥലത്തെ എബ്രായർ 9:3 സൂചിപ്പിക്കുന്നത് അതിവിശുദ്ധ സ്ഥലം ആയിട്ടാണ്. ആത്മിയമായ ആരാധനയിൽ നമുക്ക് ഇപ്പോൾ ആത്മിയമായി വിശ്വാസത്താലും പ്രാർത്ഥനയാലും സ്വർഗത്തിലേക്ക് ഉയർത്തുവാൻ കഴിയും. **യേശുവിന്റെ രക്തം മുഖാന്തരമാണ്** നമുക്ക് അതിനു കഴിയുന്നത്.

**വാക്യം 20.** ഇവിടെ "അതുകൊണ്ട്" എന്നത് അന്തർലീനമാണ്, നമുക്ക് ഒരു നടപ്പാത ഉള്ളതുകൊണ്ട് ധൈര്യമുണ്ട്. **ജീവനുള്ള ഒരു പുതുവഴിയാണ്** യേശു നമുക്ക് നൽകിയിരിക്കുന്നത്. അവൻ "ഏക വഴിയാണ്" (യോഹ. 14:6). പുതിയ മുന്തിരിങ്ങ, പുതിയ ഒലിവ്, പുതിയ മൽസ്യം, പുതിയ വെള്ളം, എന്നിങ്ങനെ അടുത്ത സമയത്ത് സംഭവിച്ചതിനെ പറയുന്നതാണ് "പുതിയ" (*പ്രോസ്ഫാറ്റോസ്*).[43] അത് "പുതിയതാണ്" കാരണം ക്രിസ്തു തുറന്നു പ്രവേശനം സാധ്യമാക്കുന്നതുവരെ അസാധ്യമായിരുന്നു, അതുവരെ പിതാവിന്റെ അടുക്കലേക്ക് പ്രവേശിക്കുവാൻ "വഴിയിൽ" തടസം ഉണ്ടായിരുന്നു. അവൻ തന്റെ മരണത്താൽ നമുക്ക് വേണ്ടി സ്വർഗീയ വഴി തുറന്നു. അവന്റെ **ദേഹം** ക്രൂശിൽ നുറുങ്ങി; അവൻ മരിച്ചപ്പോൾ **തിരശീല** കീറുകയും ചെയ്തു (മത്താ. 27:51 നോക്കുക). ഈ പുതിയ വഴി പഴയതിൽനിന്നു വ്യത്യസ്തമാണ്, പഴയതിനെ മാറ്റി പുതിയത് സ്ഥാപിച്ച് നിറവേറ്റിയിരിക്കുന്നു. യേശു കാരണം ഈ വഴി എപ്പോഴും പുതിയതായിരിക്കും. നമ്മുടെ യോഗ്യതകൊണ്ടല്ല, മറിച്ച് ക്രിസ്തുവിന്റെ യോഗ്യത മുലമാണ് ആ വഴി സാധ്യമായത് (വാ. 19). നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുന്ന ശുശ്രൂഷ തുടർച്ചയായി യേശു ചെയ്തുകൊണ്ടിരിക്കയാലാണ് അത് "പുതിയതും," "ജീവനുള്ളതും" ആയിരിക്കുന്നത് (7:25 നോക്കുക).

"തിരശീലയിൽ കൂടെ" മാത്രമെ ദൈവാലയത്തിനകത്തു പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നുള്ളു, നമുക്ക് ക്രിസ്തുവിന്റെ ശരീരം എന്ന ആത്മിയ "തിരശീലയിൽ" കൂടെ പ്രവേശിക്കുവാൻ കഴിയുന്നു. ഇവിടെ അവന്റെ മരണത്തെ ആലങ്കാരികമായി വീണ്ടും പറയുകയാണ്. ലേഖകൻ അതിന്റെ ആവ

ശ്യത്തെയാണ് എടുത്ത് കാണിക്കുന്നത്. സമാഗമനകൂടാരത്തിലെ തിരശീല മനുഷ്യരെ ദൈവത്തിൽനിന്ന് അകറ്റി നിർത്തിയിരുന്നു; എന്നാൽ ഇപ്പോൾ യേശുവിന്റെ ദേഹം നുറുക്കപ്പെടുകയും പിതാവിങ്കലേക്കുള്ള വഴി തുറക്കുകയും ചെയ്തു. ഹൂഗ്സ് പറഞ്ഞു,

> അവന്റെ ക്രൂശിലെ മരണ സമയം ആയിരുന്നു നമ്മുടെ പ്രായശ്ചിത്ത സമയവും, ശല്യപ്പെടുത്തുന്നതും തടസപ്പെടുത്തുന്നതുമായ തിരശീല മുകളിൽനിന്ന് താഴേക്ക് കീറി [മർ. 15:38] യത്, സൂചിപ്പിക്കുന്നത് ദൈവം ചെയ്ത പ്രവൃത്തി എന്നാണ്, അങ്ങനെ അവസാനം ദൈവസന്നിധിയിലേക്കുള്ള വഴി തുറക്കപ്പെട്ടു.[44]

**വാക്യം 21.** നമുക്ക് ഒരു **മഹാപുരോഹിതൻ ഉള്ളതുകൊണ്ട്** എന്നു പറയുവാനാണ് അടത്തതായി "അതുകൊണ്ട്" എന്ന വാക്ക് ഉപയോഗിച്ചത്. നൽകുന്നവൻ ഉള്ള ധൈര്യമാണ് അത്. പുതിയ നിയമത്തിലെ ആരാധനാ നേട്ടങ്ങളെ നാം കണ്ടുകഴിഞ്ഞു; ആ മഹാപുരോഹിതൻ നമ്മെ എങ്ങനെ അനുഗ്രഹിച്ചു എന്നാണ് അടുത്തതായി ലേഖകൻ കാണിച്ചു തരുന്നത്.

ദൈവഗൃഹത്തിലെ നമ്മുടെ പുതിയ മഹാപുരോഹിതനായ ക്രിസ്തു സഭയുടെ തലയാണ് (വാ. 1; എഫെ. 1:22, 23; 1 തിമൊ. 3:15; എബ്രാ. 3:6; 8:1). "ദൈവഭവനം" എന്നു പറയുന്നത് ക്രിസ്തീയ കാലത്തെ ദൈവജനത്തെയാണ് (3:6 നോക്കുക). അഹരോന്റെ പൗരോഹിത്യത്തിൽനിന്നുമുള്ള വ്യത്യസ്തത കാണിക്കുവാനായിരിക്കാം "വലിയ" എന്ന വാക്ക് ചേർത്ത് ഉപയോഗിച്ചത്. യെരുശലേം ദൈവാലയം എ. ഡി. 70 ൽ വീഴുന്നതിന് മുൻപ് മഹാപുരോഹിതന്മാരായി പ്രവർത്തിച്ചിരുന്ന ചിലരുടെ മാഹാത്മ്യക്കുറവ് തീർച്ചയായും ഊന്നി പറയാവുന്നതു തന്നെയായിരുന്നു.

**വാക്യം 22.** നമ്മോട് **അടുത്തു ചെല്ലുവാനാണ്** പറഞ്ഞിരിക്കുന്നത്. തിരശീലയുടെ തടസം നീങ്ങിയതിനാൽ, നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കും എന്ന് അറിഞ്ഞ്, "അടുത്തു ചെല്ലുവാൻ" നമുക്ക് **വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം** ഉണ്ട്. "അടുത്തു ചെന്നുകൊണ്ടിരിക്കുക"[45] എന്ന് പറയുന്നതായിരിക്കും ശരി. മറ്റൊരു വാക്കിൽ പറഞ്ഞാൽ, മാനസാന്തര ജീവിതം നമ്മിൽ സ്വാഭാവികമായി തീരണം എന്നർത്ഥം. ആ വാക്ക് വാസ്തവത്തിൽ നമ്മോട് "അടുത്ത് ചെല്ലുവാൻ"[46] കൽപിക്കുകയാണ്. അവന്റെ ഓരോ വാഗ്ദാനവും വിശ്വസിച്ച്, അവന്റെ ഓരോ കൽപനയും അനുസരിച്ച് വേണം നാം അവന്റെ വചനത്താൽ ദൈവത്തെ സ്വീകരിക്കുവാൻ. സിനായ് പർവ്വതത്തിൽ വെച്ച് യിസ്രായേൽ ദൈവസന്നിധിയിൽ പ്രവേശിക്കുന്നതിനു മുൻപ് അവർ അവരെ ശുദ്ധീകരിക്കേണ്ടിയിരുന്നു (പുറ. 19:10), അതുപോലെ, നാമും അവന്റെ സന്നിധിയിൽ പ്രവേശിക്കുന്നതിനു മുൻപ് നമ്മുടെ ഹൃദയങ്ങളെ നാം നിർമ്മലമാക്കണം (1 പത്രൊ. 1:22, 23).

**നമുക്ക്** എന്ന് പറയുന്നത് ഒരുപക്ഷെ ഗൗരവം വെടിഞ്ഞ് ദയയുള്ള ആത്മാവും താഴ്മയുള്ള എഴുത്തുകാരനെയും ഉൾപ്പെടുത്തിയാണ്. അവൻ വെല്ലുവിളി നടത്തിയപ്പോൾ, അവരോട് ചേർത്ത് അവനെയും ഉൾപ്പെടുത്തിയിരുന്നു, "നമുക്ക് ഒരുമിച്ച് മുമ്പോട്ട് ഗമിക്കാം."[47] വാക്യങ്ങൾ 22 മുതൽ 24 വരെ മൂന്നു പ്രാവശ്യം വർത്തമാന ക്രിയകൾ ഉപയോഗിച്ചിരിക്കുന്നതിൽ ആദ്യത്തെയാണ് ഇത്, സൂചിപ്പിക്കുന്നത് തുടർപ്രവൃത്തികളെ അല്ലെങ്കിൽ പ്രോ

ൽസാഹനത്തെയാണ്.

നാം ദൈവത്തോടും അവന്റെ "കൃപാസനത്തോടും" ആണ് "അടുത്ത് ചെല്ലുന്നത്" (4:16), പഴയ നിയമ പുരോഹിതന്മാർ സമാഗമന കൂടാരത്തിലും ദൈവാലയത്തിലും പ്രവേശിക്കുന്നതുപോലെയാണ്, പക്ഷെ നാം പൂർണ്ണമായതും യഥാർത്ഥവുമായ സ്ഥാനത്താണ് ചെല്ലുന്നത്. നാം ആരാധനക്കായി ദൈവത്തിനടുത്ത് ചെല്ലുമ്പോൾ, പുരോഹിതന്മാരായിട്ടാണ് പ്രവർത്തിക്കുന്നത്.

നമുക്ക് മുൻപോട്ട് പോകുവാൻ എന്താണ് ആവശ്യം എന്ന് ലേഖകൻ കാണിച്ചു തരുന്നു: "വിശ്വാസത്തിൽ പൂർണ്ണനിശ്ചയമുള്ള" **പരമാർത്ഥ ഹൃദയം.** ഇതു കൂടാതെ ആത്മിയ ധ്യാനത്തിന് ദൈവത്തിന്റെ സന്നിധിയിൽ പ്രവേശിക്കുവാൻ സാധ്യമല്ല. കാപട്യമില്ലാത്ത ആത്മാർത്ഥ ഹൃദയമാണ് ഒരാൾക്ക് ആവശ്യം (യോഹ. 4:24 നോക്കുക). യേശുവിന്റെ രക്തത്താൽ **ഹൃദയത്തിൽ തളിക്കപ്പെട്ടവരുമായി** വേണം നാം അടുത്ത് ചെല്ലുവാൻ, അങ്ങനെ നമ്മുടെ എല്ലാ അശുദ്ധിയും നീങ്ങി പോകണം. നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുകയാണെങ്കിൽ നമുക്കും ദൈവത്തിനുമിടയിൽ ഒരു തടസം ഉണ്ട് എന്നർത്ഥം. എങ്ങനെയായാലും, യേശു മൂലം ദൈവത്തിന് നമ്മുടെ തടസങ്ങൾ മാറ്റി തരുവാൻ കഴിയും. "സകലവും അറിയുന്ന ദൈവം നമ്മുടെ ഹൃദയങ്ങളേക്കാൾ വലിയവനത്രെ" (1 യോഹ. 3:20). എല്ലാ പാപങ്ങളുടേയും കാരണവും നമ്മുടെ എല്ലാ ബലഹീനതയുടേയും കാരണങ്ങളും അവന് അറിയാം. ആ പൂർണ്ണമായ അറിവോടെ, തന്റെ പുത്രന്റെ മഹാ യാഗമാകുന്ന കൃപയാലും, അവന്റെ തുടർച്ചയായ പക്ഷവാദത്താലും, നമ്മുടെ പാപങ്ങളെല്ലാം ക്ഷമിക്കുവാൻ അവന് കഴിയും (7:25).

"പരമാർത്ഥ ഹൃദയത്തിന്" പുറമെ ദൈവത്തോട് അടുക്കുവാൻ നമ്മുടെ **ശരീരത്തെ ശുദ്ധവെള്ളത്താൽ കഴുകുകയും** വേണം. നമ്മുടെ വിശ്വാസം പൂർണ്ണ ഉറുപ്പുള്ളതായിരിക്കണം. വിശ്വാസം കൂടാതെ നമുക്ക് ദൈവത്തോട് അടുക്കുവാൻ സാധ്യമല്ല. "പൂർണ്ണനിശ്ചയം" ഉള്ളതായിരിക്കണം നമ്മുടെ വിശ്വാസം. "ക്രിസ്തുവിന്റെ പൗരോഹിത്യത്തെ സംബന്ധിച്ച് അചഞ്ചലമായ ഉറപ്പും പഴയ നിയമത്തേക്കാൾ പുതിയ നിയമത്തിന്റെ വിശേഷതയും മനസിലാക്കണം."[48] എബ്രായ ക്രിസ്ത്യാനികളെ പോലെ നാമും ദൈവത്തോട് അടുക്കുവാൻ സ്നാനത്തിൽ യേശുവിന്റെ രക്തത്താൽ "കഴുകപ്പെട്ടു" (വെളി. 1:5, 6; പ്രവൃ. 22:16).

വാക്യം 22 ൽ പറഞ്ഞിരിക്കുന്ന "വെള്ളം" സ്നാനത്തെ കുറിച്ച് പറഞ്ഞതാകണം.[49] അത് പുതിയനിയമത്തിൽ പാപമോചനത്തിനായി ഏൽക്കുന്ന സ്നാനം അഥവാ മുങ്ങൽ ആണ് (പ്രവൃ. 2:38; 22:16). ഒരു വ്യാഖ്യാതാവ് പറഞ്ഞു, "ആരെങ്കിലും പൊതുവിൽ അടുത്തു വരുന്നതിനു മുൻപ് ഒരു പ്രാരംഭ ചടങ്ങ് ഉണ്ട്."[50] രക്തത്തിന്റേയും വെള്ളത്തിന്റേയും ആവശ്യം ഊന്നി പറയേണ്ട ആവശ്യമില്ല. വെള്ളത്തെയും രക്തത്തെയും കുറിച്ച് യോഹന്നാനും അധികം പറഞ്ഞിട്ടുണ്ട് (1 യോഹ. 5:7, 8).

പ്രായശ്ചിത്ത ദിവസം പൗരോഹിത്യ ദൗത്യത്തിലേർപ്പെടുന്നതിനു മുൻപ് ഔദ്യോഗിക പുരോഹിതൻ ശുശ്രൂഷക്ക് മുമ്പ് "കുളിക്കേണ്ടിയിരുന്നു" (ലേവ്യാ. 16:4). പുതിയ കഴുകൽ വെറും ജഡത്തിന്റെ അഴുക്ക് കളയുന്നതിനായിട്ടുള്ളതല്ല; മറിച്ച്, അത് നല്ല മനസാക്ഷിക്കായുള്ള അപേക്ഷക്കായി നമ്മെ രക്ഷിക്കുന്നതിനുള്ളതാണ് (1 പത്രൊ. 3:21). സ്നാനത്തെ പലപ്പോഴും

കഴുകൽ ആയി പറഞ്ഞിരിക്കുന്നു (പ്രവൃ. 22:16; എഫെ. 5:26; തിത്തൊ. 3:5)[51] "തളിക്കലിന്" സ്നാനവുമായി ഒരു ബന്ധവുമില്ല, പക്ഷെ "പരിവർത്തന നടപടിയുടെ ഭാഗമാണ്. അതിൽ മാനസാന്തരവും സ്നാനവും ഉൾപ്പെടുന്നു."[52] ആ വേദഭാഗം നമ്മോട് പറയുന്നു, "ക്രിസ്തുവിന്റെ പ്രവൃത്തിയിലുള്ള വിശ്വാസം മൂലം, ക്രിസ്തീയ സ്നാനം ഏറ്റുകഴിഞ്ഞ് പാപം ക്ഷമിച്ചുകിട്ടിയ നല്ല മനസാക്ഷിയോടുകൂടി വേണം [ക്രിസ്ത്യാനി] ദൈവത്തെ ആരാധിക്കുവാൻ."[53] സ്നാനത്തിൽ ഒരാളുടെ പാപം തീർച്ചയായും നീങ്ങി പോകുന്നതിനെയാണ് "ശുദ്ധ വെള്ളത്തിൽ" എന്ന പ്രയോഗം ഉദ്ദേശിക്കുന്നത്. യെഹൂദ ചടങ്ങുകളുടെ കാഴ്ച്ചപ്പാടിൽ, സ്നാനം ഏറ്റ വ്യക്തി ശുദ്ധനായി തീർന്നു. എങ്ങനെയായാലും, യെഹൂദ കഴുകലിനു ശേഷമുള്ള വെള്ളം അശുദ്ധമാകുന്നതുപോലെ. ഒരാൾ സ്നാനം ഏറ്റ ശേഷം ആ വെള്ളം അശുദ്ധമാകുന്നില്ല. കൂടാതെ ലേവ്യാ വ്യവസ്ഥയിൽ ലഭിച്ചതുപോലെ താൽക്കാലിക ശുദ്ധീകരണമല്ല, ക്രിസ്ത്യാനിക്ക് സ്ഥിരമായ ശുദ്ധിയാണ് ലഭിക്കുന്നത്; ഒരാൾ ക്രിസ്തുവിലായാൽ, അയാളെ ക്രിസ്തുവിന്റെ രക്തം തുടർച്ചയായി ശുദ്ധീകരിച്ചുകൊണ്ടിരിക്കും (1 യോഹ. 1:7).[54]

രക്തം തളിക്കൽ പഴയ നിയമത്തിൽ പലപ്പോഴും ശുദ്ധീകരണവുമായി ബന്ധപ്പെട്ടാണിരുന്നത്, അതുകൊണ്ട്, അതിനാൽ അതിനു പുതിയ നിയമത്തിലെ യേശുവിന്റെ രക്തവുമായി ആലങ്കാരികകമായി പ്രായോഗികതയുണ്ട് (എബ്രാ. 9:13, 14; 11:28). മനുഷ്യൻ മുഴുവനായും ശുദ്ധീകരിക്കപ്പെടണം; അതിൽ മനസാക്ഷിയും (ആത്മാവ്) ശരീരവും ഉൾപ്പെട്ടിരിക്കുന്നു (യോഹ. 3:5). വാക്യം ഒന്നിൽ ആത്മാവിന്റെ ശുദ്ധീകരണ പ്രവൃത്തിയെ കുറിച്ചും, അനുസരണത്തെ കുറിച്ചും പറഞ്ഞശേഷം, ഒന്ന് പത്രൊസ് 1:2 ൽ യേശുവിന്റെ രക്തം "തളിക്കുന്നതുമായി" ബന്ധപ്പെടുത്തിയിരിക്കുന്നു. എങ്ങനെ രക്ഷ ലഭിക്കുന്നു എന്നു വിവരിക്കുന്നതാണ് അത്.

നമുക്ക് സ്വർഗത്തിലേക്ക് പ്രവേശിക്കുവാൻ കഴിയുന്ന "ജീവനുള്ള പുതുവഴി" ആണ് ക്രിസ്തുവിന്റെ നിയമം. അവന്റെ മരണവും മദ്ധ്യസ്ഥതയും മൂലം, നമുക്ക് ദൈവസന്നിധിയിൽ ശുദ്ധ മനസാക്ഷിയോടും നിർമ്മല ഹൃദയത്തോടും കൂടെ നിൽപാൻ അവസരം ഒരുക്കി. നമ്മുടെ വിശ്വാസത്തിന്റേയും ദൈവികശുശ്രൂഷയോടുള്ള താൽപര്യത്തിന്റേയും അടിസ്ഥാനത്തിൽ ഉള്ളതാണ് ആ വലിയ ദാനം.

**വാക്യം 23.** ഉപദേശപരമായ കാര്യങ്ങളുടെ ചർച്ച അവസാനിപ്പിച്ച് ലേഖകൻ, ജീവനുള്ള പുതുവഴിയിൽ വസിച്ച്, ക്രിസ്തുവിൽ എങ്ങനെ വിശ്വസ്തമായി ജീവിക്കാമെന്ന അടിസ്ഥാനകാര്യത്തിലേക്ക് തിരിയുകയാണ്. എബ്രായർ 10:23-25 ൽ "നമുക്ക്" എന്ന് പറഞ്ഞ് രണ്ട് നിരോധന ഉത്തരവുകൾ കൂടെ നൽകുകയാണ്. ആദ്യത്തേത് വാക്യം 22 ൽ ആണ്. വാക്യം 25 ൽ നാലാമത്തെ "നമുക്ക്" എന്നതു കാണാം.

ഈ ഭാഗത്തെ രണ്ടാമത്തെ **നമുക്ക്** എന്നത് വാക്യം 23 ൽ തുടങ്ങുന്നു. "ഇപ്പോൾ നമ്മുടെ ശരീരം കഴുകപ്പെട്ടതുകൊണ്ട്, നമുക്ക് നമ്മുടെ വിശ്വാസം മുറുകെ പിടിക്കാം" എന്നതാണ് ചിന്ത.

**മുറുകെ പിടിച്ചുകൊൾവാനാണ്** ലേഖകൻ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചത്. എബ്രായ ലേഖനത്തിലെ മുഖ്യ ചിന്ത ഇതാണ്. 3:6 അനുസരിച്ച്, സഭയുടെ അല്ലെങ്കിൽ ദൈവ ഭവനത്തിന്റെ ഭാഗമായി നിലനിൽക്കുവാൻ ധൈര്യത്തോടെ മുറുകെ പിടിക്കുന്നത് സഹായിക്കും. ക്രിസ്തുവിനോട് പങ്കാളിയായി

അവസാനത്തോളം പിടിച്ചു നിൽക്കുവാനാണ് 3:14 പറയുന്നത്. ഇവിടെയുള്ള വിവേചനം റോമർ 6:1–5 ലേതുപോലെയുള്ളതാണ്, അവിടെ വിശുദ്ധന്മാർ–എന്നു പറഞ്ഞിരിക്കുന്നവർ സ്നാനം ഏറ്റവരാണ്–അവരോട് വീണ്ടും പാപം ചെയ്യരുത് എന്ന് പ്രബോധിപ്പിക്കുകയാണ്. ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനായിരിക്കുമെന്നത് നമ്മെ പ്രോൽസാഹിപ്പിക്കുന്നതാണ്, കാരണം നിത്യജീവന്റെ അനുഗ്രഹം അതിനെല്ലാം വിലയുള്ളതാക്കുന്നു.

"മുറുകെ പിടിക്കുക" എന്നത് ക്രിസ്തീയ ജീവിതത്തിൽ ആവശ്യമുള്ളതാണ് ഒരാൾ വാസ്തവത്തിൽ പരിവർത്തനം ചെയ്താൽ തെറ്റിപ്പോകുവാൻ സാധ്യതയില്ല എന്നാണ് കാൽവിനിസ്റ്റുകാരുടെ ഉപദേശം. തീർച്ചയായും, തെറ്റിപ്പോകുവാൻ സാധ്യതയില്ലെങ്കിൽ, വിശ്വാസം മുറുകെ പിടിച്ചുകൊൾവാൻ പറയേണ്ട ആവശ്യമില്ല.

**ഏറ്റുപറച്ചൽ** ഗ്രീക്കിൽ, *ഹോമോലോജിയാ*, അർത്ഥം സമ്മതിച്ചത്, ഏറ്റു പറയുക, സത്യമായി അംഗീകരിച്ച് പ്രഖ്യാപിക്കുക. ഒരിക്കൽ നാം ക്രിസ്തുവിലുള്ള വിശ്വാസം സമ്മതിച്ചതാണ്, അത് കർത്താവിനോടുകൂടെ നടക്കുവാൻ തിമൊഥെയൊസ് ആരംഭത്തിൽ എടുത്ത "നല്ല സ്വീകാരം" മുറുകെ പിടിക്കുന്നതിനു തുല്യമാണ്. യേശു പൊന്തിയൊസ് പിലാത്തൊസിന്റെ മുമ്പിൽ പറഞ്ഞതിനോട് യോജിക്കുന്നതാണ് ഇത് (1 തിമൊ. 6:12, 13). തന്റെ ജീവനുള്ള വിശ്വാസം തുടരുമെന്ന് സമ്മതിക്കലാണ് ദൈവപുത്രനിലുള്ള പ്രത്യാശയും വിശ്വാസവും തുറന്ന് ഏറ്റു പറയുന്നത്. തന്റെ വിശ്വാസം മറ്റുള്ളവരുമായി പങ്കിടുന്നതിന്റെ ഭാഗമായി അവരെയും വിശ്വാസത്തിൽ ശക്തിപ്രാപിക്കുവാനുള്ള പ്രോൽസാഹനവുമാണ് (3:12, 13 നോക്കുക). നമ്മുടെ കർത്താവ് നമ്മോട് വിശ്വസ്തനായിരിക്കുന്നതുപോലെ, നാമും അവനോട് വിശ്വസ്തനായിരിക്കണം.

**നമ്മുടെ പ്രത്യാശയുടെ** "സ്വീകാരം" എന്നത് എബ്രായലേഖനത്തിലെ മറ്റൊരു അടിസ്ഥാനപരമായ ആശയമാണ്. ക്രിസ്തീയ മതത്തെ മൊത്തത്തിൽ വലയം ചെയ്തു നിർത്തുന്നതാണ് "പ്രത്യാശ"; ദൈവത്തെ കുറിച്ചുള്ള നമ്മുടെ ജ്ഞാനമാണ് നമ്മിൽ പ്രത്യാശ ഉണർത്തുന്നത്. നമ്മുടെ ജീവിതത്തിൽ തടസങ്ങൾ നേരിട്ടാലും, ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വാസ്തനായിരിക്കയാൽ, നമുക്ക് പ്രത്യാശ നിലനിർത്തുവാൻ കഴിയും.

വിശ്വാസത്തിൽ ആവശ്യമായ മൂലകമാണ് പ്രത്യാശ (11:1). ദൈവം "തന്നെ അന്വേഷിക്കുന്നവർക്ക്" "പ്രതിഫലം നൽകുമെന്ന" വിശ്വാസം ഇല്ലെങ്കിൽ ഒരാൾക്ക് വാസ്തവത്തിലുള്ള വിശ്വാസം ഇല്ല (11:6). നമ്മുടെ പ്രത്യാശയുടെ ശ്രദ്ധിക്കേണ്ട പോയിന്റ് ക്രിസ്തുവാണ് (6:19, 20). അവനിൽ നമുക്കുള്ള പ്രത്യാശ നമ്മെ സന്തോഷിപ്പിക്കുന്നു (3:6; എൻകെജെവി). പ്രത്യാശ എന്നത് ആത്മാവിന്റെ "നങ്കൂരമാണ്." (6:11, 12, 18–20).

**വാഗ്ദത്തം ചെയ്തവൻ** തന്റെ വാഗ്ദാനങ്ങളോട് **വിശ്വസ്തനായിരിക്കയാൽ** നമുക്ക് "മുറുകെ പിടിക്കാം." നമ്മുടെ യാചനകളുമായി ദൈവത്തോടുള്ള സമീപനത്തെയും, പാപമോചനത്തെയും, സ്വർഗത്തിലുള്ള മറ്റെന്തിനെയും ബാധിച്ചാലും ദൈവം തന്റെ വാക്ക് പാലിക്കുന്നവനാണ്. നാം കുലുങ്ങാതെ വിശ്വസ്തരാകയും, ദൈവം നമ്മോട് എങ്ങനെയാണോ അങ്ങനെ തന്നെ നാം അവനോടും ആയിരിക്കയും വേണം. അവന്റെ വിശ്വസ്തതയുടെ ഉറപ്പാണ് നമ്മെ പ്രത്യാശയുള്ളവരാക്കുന്നത്.

**വാക്യം 24.** മറ്റൊരു "നമുക്ക്" എന്ന പ്രയോഗം ഈ വാക്യത്തിൽ കാ

ണാം: **സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉൽസാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾവിൻ**. എൻഇഎബി പറയുന്നത്," സ്നേഹത്തിലും നന്മപ്രവൃത്തിയിലും നാം അന്യോന്യം എങ്ങനെ ഉണർത്താമെന്ന് സൂക്ഷിപ്പിൻ."

"ഉൽസാഹിപ്പിക്കുക" എന്ന ശക്തമായ വാക്കിന് "നിർത്തൽ" "അപസ്മാരം" എന്നീ അർത്ഥങ്ങളാണുള്ളത്. "പ്രകോപിപ്പിക്കുക" (കെജെവി)[55] എന്ന വാക്കിന് ഇന്ന് നിഷേധാർത്ഥമില്ല എങ്കിൽ, ഏറ്റവും നല്ല ഉപയോഗം അതായിരിക്കും. ഈ സന്ദർഭത്തിൽ ഉപയോഗിച്ച വാക്ക് *പാരോക്സുസ്മോസ്*, അന്യോന്യം സൽപ്രവൃത്തിയും സ്നേഹവും വർദ്ധിപ്പിച്ചുകൊണ്ടുള്ള സേവനമാണ് മറ്റുള്ളവർക്ക് ആവശ്യം. "പ്രതികൂലവും വെറുപ്പിക്കുന്നതുമായ" അർത്ഥത്തിനു പകരം എബ്രായ ലേഖനത്തിലെ പ്രയോഗത്തിന് നല്ല ഉത്തേജനം നൽകുന്ന അർത്ഥമാണുള്ളത്.[56]

വാക്യം 24 ലെ "സ്നേഹം""ക്രിസ്തുവിനോടുള്ള സ്നേഹത്തിന്" പ്രായോഗിക ഫലമാണുള്ളത്. പ്രവൃത്തികൾ 15:39 ൽ പാരാസുസ്മോസ്, പറയുന്നത്, "അത്തരം ഒരു ഉഗ്രവാദമാണ്." അതിനർത്ഥം "പോരാട്ട" മെന്ന അവസ്ഥയോളം എത്തണമെന്നാണോ പറയുന്നത് (കെജെവി)? ഉത്തേജിക്കപ്പെട്ടയാൾ സൽപ്രവർത്തികൾ ചെയ്യുന്നില്ലെങ്കിൽ, കൈപും ഈർഷ്യയും ഉടലെടുക്കും. ക്രിസ്തീയ സ്നേഹം "ദേഷ്യപ്പെടുന്നില്ല" എന്നു പറയുവാൻ 1 കൊരിന്ത്യർ 13:5 ൽ ഇതേ വാക്ക് ഉപയോഗിച്ചിരിക്കുന്നു. അന്യോന്യം സ്നേഹം ഉണർത്തുവാനായി തിരുവെഴുത്തോടുകൂടി ശക്തമായതും ശരിയായതുമായ വികാരമാണ് പ്രകടിപ്പിക്കേണ്ടത്.

വാക്യം 24 ലെ സ്നേഹം "ക്രിസ്തുവിനു വേണ്ടിയുള്ളതാണെങ്കിൽ, വാക്യം 25 ൽ നമ്മോട് പറയുന്നത് ക്രിസ്തുവിനെ ആരാധിക്കുന്നത് സംഭവിക്കുമ്പോഴെല്ലാം നാം നിരന്തരമായി അതിൽ സംബന്ധിക്കണം എന്നാണ്. അത് അന്യോന്യമുള്ള സ്നേഹമാണെങ്കിൽ, അതേ പ്രവൃത്തി തന്നെയാണ് ആവശ്യപ്പെടുന്നത്. സഹോദരന്മാരോടുള്ള സ്നേഹം വർദ്ധിപ്പിക്കുവാൻ വിശുദ്ധന്മാരുമായി നാം തുടർച്ചയായി ആരാധിക്കണം.

**വാക്യം 25. സഭായോഗം ഉപേക്ഷയായി വിചാരിക്കരുത്** എന്നു പറയുവാനാണ് അടുത്ത "നാം" എന്ന പ്രയോഗം ഉപയോഗിച്ചിരിക്കുന്നത്. "നാം" സഭായോഗം ഉപേക്ഷയായി വിചാരിക്കരുത്. ഈ വാക്യത്തിൽ ഉണർത്തിയിരിക്കുന്നത് ഉത്തേജന പ്രവൃത്തികളിൽ സ്ഥിരോൽസാഹം ഉള്ളവരായിരിക്കണം എന്നാണ്. അതായത് നാം ആരാധനക്കായി സഭായോഗത്തിന് കൂടിവരുമ്പോൾ, നാം **അന്യോന്യം പ്രബോധിപ്പിക്കയും** വേണം. സഭായോഗം എന്നതിനുള്ള വാക്ക്, *എപിസുനാഗോഗ്*, അർത്ഥം "യോഗത്തിനായ കൂടിവരവ്". ഈ വേദഭാഗവും, യാകൊബ് 2:2 ഉം അന്തർലീനമാക്കിയിരിക്കുന്നത് ഒന്നാം-നൂറ്റാണ്ടിലെ സഭ "പള്ളിയിൽ" (*സുനഗോഗെ*) കൂടി വന്നിരുന്നതിനെയാണ്.[57] ആ വാക്ക് ആദ്യം "കൂടിവരവിനെ" ആണ് പറഞ്ഞിരുന്നത്, പിന്നീട് അത് "കൂടി വരുന്ന സ്ഥലത്തെ"[58] പറയുവാൻ തുടങ്ങി. എങ്ങനെയായാലും, യെരുശലേമിലെ മുഴുവൻ സംഘവും പള്ളിയിൽ കൂടി വന്നിരുന്നു-അവിടെ ധാരാളം പള്ളികൾ ഉണ്ടായിരുന്നു-അവർ പരിവർത്തനം ചെയ്തവരായിരുന്നേക്കാം. അവർ കൂടിവന്നിരുന്ന കെട്ടിടങ്ങൾ പിന്നീട് സഭായോഗത്തിനായി ഉപയോഗിച്ചിരിക്കാം. ഈ സാധ്യതയനുസരിച്ച്, പുതിയ നിയമകാലത്ത് സഭയ്ക്ക് "സഭാ മന്ദിരങ്ങൾ" ഇല്ലായിരുന്നു എന്നു പറഞ്ഞാൽ പൂർണ്ണമായും

ശരിയായിരിക്കുകയില്ല.

അന്യോന്യം പ്രബോധിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും ക്രിസ്ത്യാനികൾ കൂടി വന്നിരുന്നു (വാ. 24). ദിവസേന ചെയ്യുവാനായിരുന്നു ലേഖകൻ അപേക്ഷിച്ചത് (3:12, 13). കൂടിവരുവാൻ പ്രോൽസാഹിപ്പിക്കുവാനല്ല വാക്യം 25 പറയുന്നത്, മറിച്ച് "കൂടി വന്ന് പ്രോൽസാഹിപ്പിക്കുവാനാണ്." നിരന്തരമായ വിശ്വസ്തതക്ക് പ്രാരംഭ ക്രിസ്ത്യാനികൾ അന്യോന്യം ഏങ്ങനെ പ്രോൽസാഹിപ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തു? അതിനായി അവർ കൂടി വരണമായിരുന്നു. സഭാ യോഗം കൂടുന്നത് പ്രബോധിപ്പിച്ച്, ആത്മിക വർദ്ധന വരുത്തുവാനായിരുന്നു (1 കൊ. 14:26-33). മറ്റു വിശ്വാസികളുമായി നിരന്തരമായി കൂടിവരാതിരുന്നാൽ ഒരാൾ കർത്താവിനോട് വിശ്വസ്തനാണെന്നല്ല ലേഖകൻ പറഞ്ഞത്. "ഒറ്റക്കിരിക്കുന്ന ആൾ" വിശ്വാസിയായിരിക്കാം, എന്നാൽ സാധാരണ അയാൾ സ്ഥിരോൽസാഹി ആയിരിക്കുകയില്ല.

അപ്പോൾ, ഈ വാക്യം, കർത്തൃദിവസത്തിലെ വെറും കൂടിവരവിന്റെ പ്രാധാന്യം മാത്രമല്ല ആവശ്യപ്പെടുന്നത്, മറിച്ച്, ഈ പ്രബോധനം സഹ ക്രിസ്ത്യാനികളെ ഉത്തേജിപ്പിക്കുവാൻ അധികം കൂടിവരവ് ആവശ്യമാണെന്നാണ്. അതുകൊണ്ട്, ആവശ്യം വരുമ്പോൾ പ്രത്യേക കൂടിവരവ് പ്രാധാന്യമുള്ളതാണ്, സഹോദരന്മാർ ഒത്തൊരുമിച്ച് കൂടി പ്രാർത്ഥിക്കുമ്പോഴും പാട്ടു പാടുമ്പോഴും അതിന്റെ ശക്തിയെ അളക്കുവാൻ ആർക്ക് കഴിയും?

സഭായോഗം "ഉപേക്ഷിക്കൽ" (*എഗ്കാടെലെയിപോ*) തീർച്ചയായും വിശ്വാസ ത്യാഗത്തിന്റെ അടയാളമാണ്-അല്ലെങ്കിൽ വിശ്വാസ ത്യാഗം ഉടനെ സംഭവിക്കും. "ഉപേക്ഷിക്കൽ," "പുറകിലേക്ക് വിടൽ" അല്ലെങ്കിൽ "ത്യജിക്കൽ." വിശുദ്ധന്മാരുടെ കൂടി വരവിന് ആരെങ്കിലും ഉപേക്ഷ വിചാരിച്ചാൽ, അത് വിശ്വാസത്തിൽനിന്നുള്ള വേർതിരിയലാണ്. ന്യായപ്രമാണപ്രകാരം ദൈവാലയത്തിൽ പോയി ആരാധിക്കണമെന്ന സമ്മർദ്ദം നേരിട്ടുകൊണ്ടിരുന്നവരായിരുന്നു ഈ ലേഖനത്തിന്റെ ആദ്യ വായനക്കാർ. അവർ ക്രിസ്തുവിനോട് വിശ്വസ്തരായിരിക്കണം എന്നാണ് എഴുത്തുകാരൻ അവരെ പ്രബോധിപ്പിച്ചത്. അവർ പൂർണ്ണമായും വിട്ടുകളഞ്ഞിരുന്നില്ല, എന്നാൽ അവർ മുൻപ് ഇത്തരം പരീക്ഷണങ്ങൾക്ക് വിധേയരായിരുന്നു (വാ. 32-36).

**നാൾ സമീപിക്കുന്നു** എന്നു കാണുന്തോറും സാഹോദര്യ പ്രബോധനത്തിന്റെ ആവശ്യകതയെയാണ് ഈ വായനക്കാരെ ഓർപ്പിക്കുന്നത്. ഒരാളുടെ മരണമോ അല്ലെങ്കിൽ ക്രിസ്തുവിന്റെ മടങ്ങിവരവോ "അടുത്തിരിക്കുന്നത്" ഒരാൾക്ക് **കാണുവാൻ** കഴിയുകയില്ല. രോഗാവസ്ഥയിലുള്ള ആൾക്കോ അല്ലെങ്കിൽ പ്രായാധിക്യത്തിലെത്തിയ ആൾക്കോ മരണത്തിന്റെ നാൾ അടുത്തിരിക്കുന്നു എന്നു പറയാം. എങ്ങനെയായാലും, ആ രണ്ടിന്റേയും സമയം തീർച്ചപ്പെടുത്തുവാൻ നമുക്ക് ദൈവത്തിന്റെ വെളിപ്പാട് ആവശ്യമാണ്.

ദൈവിക വെളിപ്പാടിനാൽ, ക്രിസ്ത്യാനികൾക്ക് കാണുവാൻ കഴിയുന്ന ഒന്നായിരുന്നു വരുവാനിരിക്കുന്ന യെരുശലേമിന്റെ വീഴ്ച്ച; ആ പ്രവചനം മത്തായി 24 ലും, മർക്കൊസ് 13 ലും, ലൂക്കൊസ് 21 ലും കാണാം. "സമീപമായിരിക്കുന്ന നാൾ" പ്രത്യേകമായി യേശുവിന്റെ പ്രസ്താവന യെഹൂദ്യയിലെ യെഹൂദന്മാർക്ക് അറിയാമായിരുന്നു. "ആ നാൾ" ഒരുപക്ഷെ ആയിരക്കണക്കിന് യെഹൂദന്മാർ കഷ്ടതയനുഭവിച്ച സമയമായിരുന്നേക്കാം. എ. ഡി. 70 ലെ യെരുശലേമിന്റെ ഉപരോധവും വീഴ്ച്ചയും ആണ് ആയിരക്കണക്കിന് യെഹൂദന്മാരെ വിഷമത്തിലാക്കിയത്.

ആ സമയത്തെ കുറിച്ചുള്ള അടയാളങ്ങൾ ഒന്നുമില്ലാത്തതിനാൽ ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ സമയം നമുക്ക് അറിയില്ല. യെരുശലേമിന്റെ നാശത്തെ കുറിച്ച് യേശു പ്രവചിച്ചതനുസരിച്ചാണ് ടൈറ്റസിന്റെ നേതൃത്വത്തിൽ സൈന്യം യെരുശലേമിനെ വളഞ്ഞതും നശിപ്പിച്ചതും. ലോകാവസാനത്തെ കുറിച്ചും, അവന്റെ രണ്ടാം വരവിന്റെ സമയത്തെ കുറിച്ചും തനിക്ക് അറിയില്ല എന്നാണ് കർത്താവ് പറഞ്ഞത് (മത്താ. 24:36). സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെ കുറിച്ച് അറിഞ്ഞതിനാൽ, അവൻ യെരുശലേമിനെ നോക്കി കരഞ്ഞതിൽ ഒരു അതിശയവുമില്ല (ലൂക്കൊ. 19:41, 42) (കൂടുതൽ പഠനത്തിന് "നാൾ അടുത്തിരിക്കുന്നു" എന്നതും, "അടയാളങ്ങളും," നോക്കുക).

വാക്യം 23 മുതൽ 25 വരെ ലേഖകൻ എന്താണ് അർത്ഥമാക്കിയത് എന്നതിന്റെ ഒരു സംക്ഷിപ്തം മോസെസ് സ്റ്റുവർട്ട് നൽകിയിരിക്കുന്നു: " 'സഹോദരന്മാരേ, നിങ്ങളുടെ കഴിവ് മുഴുവൻ ഉപയോഗിച്ച് വിശ്വാസത്യാഗം ഒഴിവാക്കുക. അത് അധികം സൂക്ഷിക്കേണ്ടതാണ് ഇപ്പോൾ. കാരണം യെഹൂദമതത്തിലേക്ക് തിരിച്ചുപോകുന്നത് ഇപ്പോൾ ഏറ്റവും-മോശമായ സമയത്താണ്; കാലം അടുത്തിരിക്കുന്നു, യെശുശലേമും ദൈവാലയവും നശിപ്പിക്കുവാനിരിക്കുന്നു.' "

## മുന്നറിയിപ്പ്: മരണത്തെ പുറപ്പെടുവിക്കുന്നത് പാപമാണ് (10:26–31)

**26സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം മനപ്പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്ക് വേണ്ടി ഇനി ഒരു യാഗവും അവശേഷിക്കാതെ ന്യായവിധിക്കായി 27ഭയങ്കരമായൊരു പ്രതീക്ഷയും എതിരികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളു. 28മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവന്ന് കരുണ കൂടാതെ രണ്ട് മൂന്നു സാക്ഷികളുടെ വാമൊഴി കേട്ട് മരണശിക്ഷ കൽപിക്കുന്നുവല്ലൊ. 29ദൈവപുത്രനെ ചവുട്ടി കളകയും തന്നെ വിശുദ്ധീകരിച്ച നിയമ രക്തത്തെ മലിനം എന്നു നിരുപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷക്ക് പാത്രമാകും എന്നു വിചാരിപ്പിൻ. 30'പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം വീട്ടും" എന്നും "കർത്താവ് തന്റെ ജനത്തെ ന്യായം വിധിക്കും' എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലൊ. 31ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം.**

10:26–31 പോലെയുള്ള വേദഭാഗം മനസിലാക്കുന്നത് തിരുവെഴുത്ത് വ്യാഖ്യാനിക്കുന്ന വേദശാസ്ത്രം സ്വാധീനിക്കുന്നതനുസരിച്ചാണ്. സ്വാഭാവികമായും "ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ രക്ഷ എന്നേക്കുമുള്ളത്" എന്ന് വിശ്വസിക്കുന്നവരുടെ ഉപദേശത്തിന് ഈ വേദഭാഗം ബുദ്ധിമുട്ടുളവാക്കും. ഇത് ഒന്നാം-നൂറ്റാണ്ടിലെ യെഹൂദ ക്രിസ്ത്യാനികളെ മാത്രമാണ് ബാധിക്കുന്നത് എന്നാണ് ചിലരുടെ നിഗമനം; അതായത്, യെഹൂദ മതത്തിലേക്ക് തിരിച്ചു പോകുന്നവർ വാസ്തവത്തിൽ പരിവർത്തനം ചെയ്തവരല്ല എന്നാണ് അവരുടെ വാദം. ഈ വേദഭാഗത്തിന് അത്തരം ഒരു അർത്ഥമില്ല. വാസ്തവത്തിൽ പരിവർത്തനം ചെയ്തവരും വീണുപോകുമെന്ന് 6:4–6 ൽ നാം കണ്ടു.

ലേഖകൻ മൂന്നു വീക്ഷണങ്ങളിൽകൂടി വിശ്വാസത്യാഗം ഭയങ്കര പാപമാണെന്ന് വ്യക്തമാക്കുകയാണ്.

**വാക്യം 26.** ഈ വാക്യത്തിൽ പറയുന്ന പാപം മനപ്പൂർവ്വം ചെയ്യുന്ന പാപമാണ്. അത് തുടർച്ചയായ മൽസരമാണ്.

**ഫോർ** (*ഗാർ*) മുൻ ഖണ്ഡികയുമായി ബന്ധിപ്പിക്കുകയാണ്. സഭായോഗം ഉപേക്ഷയായി വിചാരിക്കരുത് എന്നു പറഞ്ഞശേഷമാണ് ഈ ഭീതിജനകമായ പ്രസ്താവന വരുന്നത്. സഭായോഗം ഉപേക്ഷിക്കുന്നത്, കർത്താവിനെ ഉപേക്ഷിക്കുന്നതിനു തുല്യമാണ് എന്ന അപകടമാണ് മുന്നറിയിക്കുന്നത്. ഇത് ബലഹീന ക്രിസ്ത്യാനിയെ കുറിച്ചോ അല്ലെങ്കിൽ പുതിയ പരിവർത്തകരെ കുറിച്ചോ മാത്രം പറയുന്നതല്ല. ഇത് മനപ്പൂർവ്വമായി വിശ്വാസത്തിൽ നിന്നു വീണുപോകുന്നവരെ കുറിച്ചാണ് പറയുന്നത് (ഇത് ഏകദേശം 6:4–6 വരെ പറഞ്ഞിരിക്കുന്നവരോട് ഒക്കുന്നു).

സഭായോഗം മുടക്കുന്നത് വിശ്വാസത്യാഗത്തിലേക്ക് നയിച്ചേക്കാമെന്നതിനാലാണ്, അതിന്റെ അപകടം ഇവിടെ മുന്നറിയിച്ചിരിക്കുന്നത്. “സഭായോഗം ... ഉപേക്ഷിക്കലിൽ” നിന്ന് മനപ്പൂർവ്വമായി, ക്രിസ്തുവിനെ തന്നെ ഉപേക്ഷിക്കലിലേക്ക് അറിഞ്ഞുകൊണ്ട് തിരിയും എന്നാണ് ലേഖകൻ തുടർന്നു പറയുന്നത്. ഇന്ന് പ്രചാരത്തിലിരിക്കുന്ന അഭിപ്രായം എന്തെന്നാൽ, രണ്ടിനും അടുത്ത ബന്ധം ഇല്ല എന്നാണ്. സഭായോഗം മുടക്കുന്ന പലരും അവകാശപ്പെടുന്നത് അവർ ക്രിസ്തുവിനെ വിട്ടുകളഞ്ഞിട്ടില്ല എന്നാണ്. അത് സാധ്യമല്ല. താൽപര്യക്കുറവ് നിമിത്തമോ അല്ലെങ്കിൽ ഭീരുത്വം നിമിത്തമോ നാം മനപ്പൂർവ്വമായി സഭായോഗം ഉപേക്ഷിക്കുകയാണെങ്കിൽ, അത് ദൈവ കൽപനകളെ പരസ്യമായി നിന്ദിക്കുകയാവും. അന്ന് ഭീരുത്വം സാധാരണയായി ഉണ്ടായിരുന്നു, അതിനാൽ അത് കർശനമായി ശാസിക്കണമായിരുന്നു (വെളി. 21:8).

**നാം** എന്നു പറഞ്ഞ്, പൂർണ്ണമായും വിശ്വാസ ത്യാഗത്തിന്റെ വക്കിൽ നിൽക്കുന്നവരോട് തന്നെയും ചേർത്താണ് ലേഖകൻ പറയുന്നത്. ആ ഉൾപ്പെടുത്തൽ അവന്റെ ഭാഗത്തു നിന്നു വരുന്നത് ചിന്തനീയമാണ്.

ഗ്രീക്ക് പുസ്തകത്തിൽ, മനപ്പൂർവ്വം അല്ലെങ്കിൽ “കരുതിക്കൂട്ടി” എന്ന വാക്ക് വാചകത്തിന്റെ ആദ്യം ഉപയോഗിച്ചിരിക്കുന്നത് ഊന്നൽ കൊടുക്കുവാനാണ്. പാപത്തിൽ തുടരുന്നതിനെയാണ് മനപ്പൂർവ്വം എന്ന വാക്ക് ഈ വാക്യത്തിൽ കാണിക്കുന്നത്. “ശബ്ദബഹുലമായ മൽസരത്തെയും വിശ്വാസത്യാഗത്തെയുമാണ് ഈ വേദഭാഗത്തിൽ വ്യക്തമാക്കുന്നത്.”[60]

**പരിജ്ഞാനം** (*എപിഗ്നോസിസ്*) എന്ന് വാക്യം 26 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, “മുഴുവനായും അറിയുക എന്നാണ്, അത് അടിസ്ഥാനമായ അറിവ് (*നോസിസ്*) എന്നതിൽനിന്നു വ്യത്യസ്തമാണ്. മനപ്പുർവ്വമായി പാപം ചെയ്യുന്നവൻ അടിസ്ഥാന നോസിസിൽ നിന്ന് **സത്യത്തിലേക്ക്** വന്നിരിക്കുകയാണ്.[61] അയാൾ ഒരു പുതിയ പരിവർത്തകനല്ല; അയാൾ സത്യം മുഴുവനായും മനസിലാക്കിയ ശേഷം പിൻതിരിയുന്നതിനെയാണ് വേദഭാഗം പറയുന്നത്. “കരുതിക്കൂട്ടി” ചെയ്യുന്ന പാപത്തെയാണ് ഈ വേദഭാഗം ഉയർത്തികാണിക്കുന്നത്.” ബുദ്ധിപരമായി ‘സത്യം’ മനസിലാക്കി കഴിഞ്ഞു. “അതുകൊണ്ട്” “ആവശ്യമുള്ളതെല്ലാം ലഭിച്ചവരാണ് എന്നർത്ഥം.”[62]

അപ്പോൾ ഈ ഭാഗം ചർച്ച ചെയ്യുന്നത് ഒരിക്കൽ വാസ്തവത്തിൽ പരിവർത്തനം ചെയ്തവരെയാണ്. 2 തിമൊഥെയൊസ് 3:7 അനുസരിച്ച്, ചിലർ “എത്ര പഠിച്ചിട്ടും സത്യത്തിന്റെ പരിജ്ഞാനത്തിൽ [*എപിഗ്നോസിസ്*] എത്താത്തവരാണ്.” യെഹൂദന്മാർ “ദൈവത്തോട് എരിവ്” ഉള്ളവരായിരുന്നു എങ്കിലും ഈ “പരിജ്ഞാനത്തിൽ” കുറവുള്ളവരാണ് എന്ന് റോമർ 10:2 പറയുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ “സമർപ്പിക്കപ്പെട്ട അവസ്ഥയും” 10:26 ൽ പറയുന്ന പരിജ്ഞാനത്തിൽ ഉൾപ്പെട്ടിരിക്കുന്നു.[63] അത്തരം വിശ്വാസത്തി

ലെത്തിയ ഒരാൾ വീണു പോയാൽ, വ്യക്തമായും അതിന് സാധ്യതയുണ്ട്, അങ്ങനെയായാൽ അയാളുടെ അന്തിമ സ്ഥാനം ഭയപ്പെടുത്തുന്നതു തന്നെയായിരിക്കും. ഒരാൾ സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച് പരിവർത്തനം ചെയ്ത ശേഷം, മനപ്പൂർവ്വം പാപത്തിൽ തുടർന്ന് ജീവിച്ചാൽ പിന്നെ അയാൾക്ക് പ്രത്യാശ അവശേഷിക്കുന്നില്ല. അയാൾ തെറ്റിലേക്ക് കൂപ്പ് കൂത്തിയിരിക്കുന്നു എന്ന് മാത്രമെ അയാളെ കുറിച്ച് പറയുവാൻ കഴിയു.

മനപ്പുർവ്വമല്ലാത്ത അല്ലെങ്കിൽ അശ്രദ്ധയുടെ ഭാഗമായി ചെയ്യുന്ന പാപത്തിനെതിരായുള്ള മുന്നറിയിപ്പ് അല്ല ലേഖകൻ നൽകുന്നത്, മറിച്ച് കരുതിക്കൂട്ടിയുള്ള പാപത്തെയും നിരന്തരമായ മൽസരത്തെയുമാണ് പറയുന്നത്.[64] അത്തരം പാപം ചെയ്യുന്നവരെ 1 യോഹന്നാൻ 2:19 ൽ പറയുന്നവരോട് തുലനം ചെയ്യാവുന്നതല്ല, അവിടെ പറയുന്നത്, "അവർ നമ്മുടെ ഇടയിൽനിന്നു പുറപ്പെട്ടുവെങ്കിലും, നമുക്കുള്ളവർ ആയിരുന്നില്ല" എന്നാണ്. വാസ്തവത്തിൽ പരിവർത്തനം ചെയ്യാത്തവർ ധാരാളം ഉണ്ടായിരുന്നു. മറ്റുള്ളവർ പരിവർത്തനം ചെയ്തവരാണെങ്കിലും, അവരുടെ തെറ്റായ മനോഭാവം കാരണം, പാപത്തിലേക്കു നയിക്കയും ചെയ്യും. അത്തരത്തിലുള്ള പാപമായിരുന്നു ആഭിചാരക്കാരനായിരുന്ന ശിമോന്റേത് (പ്രവൃ. 8:13, 18–24). അവന്റെ ആ ഒരു പാപശേഷമുള്ള അവസ്ഥ നോക്കുക, ആ പാപത്തിനു മാത്രമാണെങ്കിലും അവനോട് മാനസാന്തരപ്പെടുവാൻ ആവശ്യപ്പെട്ടിരുന്നത് പരിശോധിക്കുക. പ്രവൃത്തികൾ 8:22 പറയുന്നത് "നിന്റെ ദുഷ്ടത" എന്നാണ്. അതിൽനിന്നു വ്യത്യസ്തമായി എബ്രായർ 10:26 ലെ പാപം സ്ഥിരമായിരിക്കുന്നതും ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയുന്നതുമായിരുന്നു (3:12). മറ്റു വെർഷനുകൾ പരിശോധിച്ചാൽ അർത്ഥം കൂടുതൽ വ്യക്തമാകും. ടിഇൗവി യിൽ "നാം കരുതിക്കൂട്ടി പാപം ചെയ്തുകൊണ്ടിരുന്നാൽ," എന്നും എൻഐവിയിൽ "നാം മനപ്പൂർവ്വമായി പാപം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ" എന്നുമാണ്."[65]

അത്തരം പ്രവൃത്തിയുടെ അനന്തരഫലമെന്താണ്? **പാപങ്ങൾക്ക് വേണ്ടി ഇനി ഒരു യാഗവും അവശേഷിക്കുന്നില്ല**. ഒരാൾ ക്രിസ്തുവിൽനിന്നു പുറം തിരിഞ്ഞാൽ, പാപമോചനത്തിന് പിന്നെ മാർഗമില്ല. ക്രിസ്തു "ഒരിക്കൽ എന്നേക്കുമായി" മരിച്ചിരിക്കയാൽ, അവന്റെ യാഗമോ വഴിപാടോ ഇനി ആവർത്തിക്കാവുന്നതല്ല. രക്ഷക്ക് മറ്റൊരു മാർഗവുമില്ല. ഈ ഏകവഴി പൂർണ്ണമായി തിരസ്ക്കരിച്ചതിനാൽ, രക്ഷ നഷ്ടമാക്കിയിരിക്കുകയാണ്. പ്രാരംഭ സഭ തുടർച്ചയായി നേരിട്ട പ്രശ്നമായിരുന്നു ഉപദ്രവങ്ങൾ നിമിത്തം വിശ്വാസത്യാഗത്തിനിരയാവുക എന്നത്.

ഒരിക്കൽ പാപം "ഉപേക്ഷിച്ചിട്ട്" വിട്ടുകളഞ്ഞ അതേ പാപത്തിലേക്ക് വീണ്ടും തിരിച്ചുപോകുന്നവരെ കുറിച്ച് പത്രൊസ് പറഞ്ഞിരിക്കുന്നു. അവരുടെ "ഒടുവിലത്തെ സ്ഥിതി," "ആദ്യത്തേതിനേക്കാൾ വഷളായി പോയി" എന്നാണ് അവൻ പറഞ്ഞത് (2 പത്രൊ. 2:20–22). "ആദ്യത്തെ അവസ്ഥ" ഒരിക്കലും വിട്ടുകളയാത്തവരെയാണ് പത്രൊസ് പറഞ്ഞിരിക്കുന്നത് എന്നാണ് കാൽവിനിസ്റ്റുകാർ പറയുന്നത്. അത്തരം വ്യക്തി ഒരിക്കലും പാപത്തിൽനിന്ന് രക്ഷിക്കപ്പെട്ടിട്ടില്ല എന്നാണ് അവർ വിശ്വസിക്കുന്നത്. വാസ്തവത്തിൽ പരിവർത്തനം ചെയ്ത ഒരാൾക്ക് വിശ്വാസത്യാഗം സംഭവിക്കുമോ? സംഭവിക്കുമെന്നാണ് പൗലൊസ് പറയുന്നത്. റോമർ 11:22 ഉം ഗലാത്യർ 5:4 ഉം ആയിരിക്കാം ഈ വിഷയത്തെ കുറിച്ച് വ്യക്തമായി പറയുന്ന വേദഭാഗങ്ങൾ.

വാസ്തവത്തിൽ പരിവർത്തനം ചെയ്യപ്പെട്ട ഒരാളിൽ വിശ്വാസ ത്യാഗം

സംഭവിക്കുമ്പോൾ, പത്രൊസിനു പോലും മാനസാന്തരപ്പെട്ടാലും പാപം ക്ഷമിച്ചുകിട്ടുമോ എന്ന് ഉറപ്പിക്കുവാൻ സാധിക്കാത്തതാണെന്ന് മനസിലാകുമ്പോൾ, അതെത്ര ഗൗരവമുള്ളതാണെന്ന് തെളിയിക്കുന്നു (പ്രവൃ. 8:22). ഒരിക്കൽ അവനെ അറിഞ്ഞശേഷം ഒരാൾ എന്തുകൊണ്ടാണ് ഇങ്ങനെ ക്രിസ്തുവിൽ നിന്നും അകന്നു പോകുന്നത്? ക്രിസ്തുവിന്റെ സ്വഭാവവും അവന്റെ ശക്തിയും-ദൈവികത്വവും, പ്രവൃത്തിയും അവർ മനസിലാക്കിയിരിക്കുകയില്ല, ഇല്ലെങ്കിൽ അവർ കർത്താവിനോടുള്ള ബന്ധം ഉപേക്ഷിക്കുകയില്ല. .

**വാക്യങ്ങൾ, 27, 28**. മനപ്പൂർവ്വം ചെയ്യുന്ന പാപങ്ങൾ ശിക്ഷാവിധി കൊണ്ടുവരുമെന്നാണ് ലേഖകൻ പറയുന്നത്. **ന്യായവിധി പ്രതീക്ഷിക്കുന്നത് ഭയങ്കര കാര്യമാണ്**. പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യമാണ് "ഭയങ്കരം" (*ഫെബ്രാറോസ്*) എന്ന വാക്ക് കാണുന്നത്, അവ എല്ലാം ഈ ലേഖനത്തിൽ കാണാം (വാ. 27, 31; 12:21). ദൈവത്തോട് അടുത്തു വരുന്നതിനെ കുറിച്ചാണ് ആ മൂന്നു വേദഭാഗങ്ങളിലും പറയുന്നത്. കെജെവി ആ "ഭയങ്കര പ്രതീക്ഷയെ" "ഭയങ്കരമായ ക്രോധത്തോടുകൂടിയ ന്യായവിധിയായിട്ടാണ് നോക്കുന്നത്." വാക്യം 26 ൽ പറഞ്ഞ വ്യക്തിക്ക് ന്യായവിധി തീർച്ചയുള്ളതും, അനിവാര്യവുമായതാണ്. പാപത്തിൽ മുഴുകി തനിക്ക് ശത്രുക്കളായി ജീവിക്കുന്നവരോട് ദൈവം മൃദുവായി ഇടപെടും എന്ന് ആരും വിചാരിക്കരുത്. കുറ്റവാളികളെ തീയോടുകൂടിയായിരിക്കും ന്യായവിധിയിൽ ശിക്ഷിക്കുക (2 തെസ്സ. 1:8; മത്താ. 25:30, 41). ഇങ്ങനെയായിരിക്കാം കോരഹിനേയും അവന്റെ കുടുംബത്തെയും നശിപ്പിച്ചത് (സംഖ്യാ. 16:1-35). ദൈവത്തിന്റെ ന്യായവിധി ദുഷ്ടന്മാരുടെ മേൽ വരുന്നത് പലപ്പോഴും തീയാലാണ് (എബ്രാ. 12:29).

മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ, മനപ്പൂർവമായി ദുഷ്ടരായവർക്ക് പാപക്ഷമാപണം ഇല്ലായിരുന്നു. മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചവർക്ക് കഠിന ശിക്ഷയായിരുന്നു നൽകിയത് (2:2). എന്നാൽ പുതിയ നിയമകാലം കൃപായുഗമാകയാൽ, പാപത്തിനുള്ള ശിക്ഷയിൽനിന്ന് മുക്തരാകുമെന്ന് പ്രതീക്ഷിക്കരുത്. ആവർത്തനം 17:2-7 ലെ ചിത്രീകരണമായിരിക്കാം വാക്യം 28 ൽ പറഞ്ഞിരിക്കുന്നത്, അവിടെ മനപ്പൂർവ്വം പാപം ചെയ്യുന്നവർക്കുള്ള ശിക്ഷയെ കുറിച്ച് പറഞ്ഞിരിക്കുന്നു. എങ്ങനെയായാലും, അത് രണ്ട് **മൂന്ന് സാക്ഷികളുടെ വാമൊഴിയാലാണ്** നടപ്പാക്കിയിരുന്നത്. യിസ്രായേലിൽ മരണശിക്ഷ നടപ്പാക്കുവാൻ ഒരു സാക്ഷി മാത്രം പോരായിരുന്നു. ആ തത്വം പിന്നീടും തുടർന്നിരുന്നു, ഒരാൾക്കെതിരെ വേറൊരാൾ മാത്രം കുറ്റം ആരോപിച്ചാൽ പോരാ എന്നർത്ഥം, ഒരാൾ മാത്രം ഉന്നയിച്ചാൽ അത് തള്ളിക്കളയാം (1 തിമൊ. 5:19). ന്യായപ്രമാണത്തിൻകീഴിൽ ഒരാൾ കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ **കരുണ കൂടാതെ** മരണ[ശിക്ഷ] നടപ്പാക്കിയിരുന്നു (വാ. 28).

**വാക്യം 29**. വീണ്ടും കുറഞ്ഞതിൽനിന്ന് കൂടിയവയിലേക്കുള്ള അവതരണവാദമാണ് നടത്തുന്നത്. പഴയ നിയമത്തിൻ കീഴിലെ ഓരോരോ ലംഘനത്തിനും ന്യായമായ ശിക്ഷ നൽകിയിരുന്നു (എബ്രാ. 2:2). പുതിയ നിയമത്തിൻ കീഴിലെ ശിക്ഷ വാസ്തവത്തിൽ ഏറ്റവും മോശമായതാണ്! ക്രിസ്തുവിനെ നിഷേധിച്ചാൽ മരണത്തിൽ കുറഞ്ഞ ശിക്ഷ എങ്ങനെ നൽകും? കൂടുതൽ പരിജ്ഞാനവും അനുഗ്രഹങ്ങളും ലഭിച്ചവരിൽനിന്ന് ദൈവം കൂടുതൽ പ്രതീക്ഷിക്കും (ലൂക്കൊ. 12:47, 48).

ഈ മുന്നറിയിപ്പ് അനുസരിച്ച്, ഉപേക്ഷിച്ച് വിശ്വാസത്തിൽനിന്നു പിൻമാ

റിയ വ്യക്തി "കഠിനമേറിയ ശിക്ഷക്ക് പാത്രമാകും." കഠിനമേറിയ ശിക്ഷ നൽകുവാൻ മൂന്നു കാരണങ്ങളാണ് പറയാവുന്നത്,

1. **ദൈവപുത്രനെ ചവിട്ടിക്കളഞ്ഞ വ്യക്തിക്ക് എത്ര കഠിനമേറിയ ശിക്ഷക്ക് പാത്രമാകും** ...? എന്നു വിചാരിപ്പിൻ എന്നു പറഞ്ഞിരിക്കുന്നു (വാ. 29). അവർ" ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരെ"പോലെയാണ് (6:6). "ദൈവപുത്രനെ ചവിട്ടിക്കളയുന്ന" ആശയം മത്തായി 7:6 ലേതുപോലെയാണ്, അവിടെ വിലയേറിയ മുത്ത് പന്നികളുടെ മുമ്പിൽ ഇട്ടാൽ പന്നികൾ അവയെ ചവിട്ടിക്കളയും എന്നാണ് പറഞ്ഞിരിക്കുന്നത് (ആലങ്കാരികമായി സുവിശേഷത്തെയാണ് പറയുന്നത്). ദൈവപുത്രനെ ചവിട്ടിക്കളയുന്നത് പിതാവിനെ ചവിട്ടിക്കളയുന്നതിനു തുല്യമാണെന്നാണ് എബ്രായലേഖനം പറയുന്നത്.[66] ഇത്തരം പാപി തന്റെ പ്രവൃത്തിയാൽ "ദൈവപുത്രനെ" അവജ്ഞയോടെയാണ് കാണുന്നത്; അതിലും വലിയ പാപം കാണുകയില്ല. അയാൾ ക്രിസ്തുവിന്റെ യാഗത്തെ നിന്ദിച്ചിരിക്കുകയാണ്. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഇതിലും വലുത് എന്താണ് ലഭിക്കുവാനുള്ളത്?

അവർ സ്നേഹിച്ചതായ ക്രിസ്തുവിനെ അശുദ്ധമാക്കരുത് എന്ന് ലേഖകൻ വിശ്വാസികളോട് പറഞ്ഞപ്പോൾ അവർ ഞെട്ടിയിരിക്കും. അവരുടെ പരിചയക്കാരിൽ ചിലർ ഈ ദുഃഖിപ്പിക്കുന്ന പ്രവൃത്തി ചെയ്തു കഴിഞ്ഞിരുന്നു. അത്തരം ദൂഷണം നാം ക്രിസ്തുവിന്റെ ശത്രുക്കളിൽനിന്നാണ് പ്രതീക്ഷിക്കുന്നത്, അല്ലാതെ അവൻ രക്തം കൊടുത്തു സമ്പാദിച്ചവരിൽനിന്നു ഒട്ടും പ്രതീക്ഷിക്കുന്നില്ല. ക്രിസ്തുവിനെ ക്രൂശിൽ വെച്ച് പരിഹസിച്ചവർക്കിടയിൽ അയാൾ ഉണ്ടായിരുന്നുവെങ്കിൽ പോലും അത് കുറ്റമായി കണക്കിടുമായിരുന്നില്ല. താൻ ചെയ്യുന്നതെന്തെന്ന് ക്രിസ്ത്യാനി അറിഞ്ഞിട്ട് ക്രിസ്തുമൂലം ലഭിക്കുന്ന ദൈവ കരുണയെ ത്യജിച്ചുകളയുന്നവൻ വിശ്വാസത്യാഗി എന്ന കുറ്റമുള്ളവനാണ്. ഈ പ്രസ്താവന "യേശുക്രിസ്തുവിനെതിരായ ശക്തമായ വിരോധം വെച്ചുകൊണ്ടുള്ളതാണ്."[67] "ക്രിസ്തുവിനെ ധരിക്കുവാനായി ഒരാൾ സ്നാനം ഏറ്റതിനെ തന്നെ ഇത് നിഷേധിക്കലാകാം" (ഗലാ. 3:27), കൂടാതെ അവന്റെ മരണത്തിലും, അടക്കത്തിലും, ഉയർപ്പിലും പങ്കാളിയായ തിരിച്ചറിയിക്കലും നിരാകരിക്കുകയാവും ചെയ്യുന്നത് (റോമ. 6:3–5; കൊലൊ. 2:12).[68]

"കഠിനമെറിയ ശിക്ഷ" എന്ന പ്രയോഗം "ഒരിക്കൾ രക്ഷിക്കപ്പെട്ടൽ എന്നെക്കും രക്ഷിക്കപ്പെട്ടു" എന്ന് അവകാശപ്പെടുന്നവർക്ക് പ്രശ്നമാണ്. അതിന്റെ അർത്ഥം ഒന്നുകിൽ ശിക്ഷ ഇളവാക്കി മാറ്റണം, അല്ലങ്കിൽ–അത് തെളിയിക്കുവാൻ പ്രയാസമാണെന്ന് അവർക്ക് സമ്മതിക്കെണ്ടി വരും.

2. **അവനെ ശുദ്ധീകരിച്ച നിയമരക്തത്തെ അവൻ മലിനമെന്ന് നിരൂപിച്ചു** (വാ. 29). അതിനർത്ഥം, രക്തത്തെ അവൻ "അശുദ്ധം," "സാധാരണ," "നിർമ്മലമല്ലാത്തത്" എന്നാണ് കണക്കാക്കിയത്.[69] പുതിയ നിയമത്തെ ഉറപ്പിച്ചതും പാപമോചനം നൽകിയതുമായ രക്തത്തെ അനുതാപം ഉള്ളവർക്ക് വിലയേറിയതാണ്. പഴയ നിയമ കാലത്തെ മൃഗയാഗത്തിനു സമാനമായി യേശുവിന്റെ രക്തത്തെ കാണുന്നത് ശിക്ഷാർഹമാണ്. ഇവിടെ പറയുന്ന ആൾ ഒരിക്കൽ രക്ഷിക്കപ്പെടുകയും യേശുവിന്റെ രക്തത്താൽ "ശുദ്ധീകരിക്കപ്പെടുകയും" ചെയ്തവനാണ്; എന്നാൽ പിന്നീട് അവൻ ക്രിസ്ത്യാനിയായി ജീവിക്കാതിരിക്കുന്നു.

"നിയമ രക്തത്തെ" ആഘോഷിക്കുന്നതിനായി ആഴ്ച്ചവട്ടത്തിന്റെ ഒന്നാം

നാളിൽ കർത്തൃമേശ പങ്കിടുന്നതിനെ കുറിച്ച് എഡ്ഗ് കുമ്പെ ഹൂഗ്സ് താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ നിരീക്ഷിച്ചു:

> വീണ്ടെടുപ്പുകാരന്റെ ഓർമ്മക്കായി പങ്കിടുന്ന പാനപാത്രം എടുക്കുന്ന കപ്പിലെ വീഞ്ഞ് അവന്റെ പുതിയ നിയമത്തിന്റെ രക്തത്തെയാണ് സ്മരിക്കുന്നത് (1 കൊ. 11:25). വിശ്വാസത്തിൽനിന്നു വീണുപോയ ആൾ ആഴ്ച്ച തോറും കർത്താവിന്റെ വിശുദ്ധ ശരീരത്തിന്റേയും രക്തത്തിന്റേയും ഓർമ്മക്കായി വിശുദ്ധ മേശയിൽനിന്ന് പങ്കെടുത്തതാണ്, തുടർന്ന് പാപങ്ങളെ കഴുകി കളയുവാനായി ക്രിസ്തുവിനെ നോക്കിയതുമാണ്.

മുൻപ് പല പ്രാവശ്യം ഓർമ്മിച്ചശേഷം കർത്താവിന്റെ ശരീരത്തെ വെടിയുന്നത് അവന്റെ ശരീരത്തിൽനിന്നും ഒഴുകിയ രക്തത്തെ മലിനമാക്കുന്ന പ്രവൃത്തിയാണ്. അങ്ങനെ ചെയ്യുന്നതിലൂടെ അയാൾ ക്രിസ്തുവിന്റെ തികഞ്ഞ യാഗത്തെ അശുദ്ധമാക്കി തീർക്കുകയാണ്.

3. ആ മനുഷ്യൻ **കൃപയുടെ ആത്മാവിനെ നിന്ദിച്ചിരിക്കുകയാണ്** [*എനുബ്രിസോ*] (അല്ലെങ്കിൽ ആത്മാവിനെ "ദ്രോഹിക്കുകയാണ്").[71] (വാ. 29). അതിനർത്ഥം ആത്മാവിനാലാണ് അവന് കൃപ നൽകിയത് എന്നാണ്. അവൻ കൃപയെ അഗണ്യമാക്കി വിചാരിച്ചതിനാൽ, "കൃപയുടെ ആത്മാവിനെ" ആണ് നിന്ദിച്ചത്. നമ്മുടെ ബലഹീനതകളെ അവൻ സഹായിക്കുന്നത് അവന്റെ കൃപയാലാണ് (റോമ. 8:26) പാപത്തെ ബോധ്യമാക്കുന്നതും (യോഹ. 16:8). പത്രൊസ് പ്രസംഗിച്ച വചനത്താലാണ് ആത്മാവിനാൽ ബോധ്യമായത് (ഉദാഹരണമായി പ്രവൃ. 2:36–38). സ്തെഫാനൊസിന്റെ പ്രസംഗത്തെ നിഷേധിച്ച് ന്യായാധിപസഭ, അവന്റെ സന്ദേശം മൂലം അവരുടെ ഹൃദയങ്ങളിൽ ദൈവം പ്രവർത്തിക്കുന്നതിനെയാണ് നിഷേധിച്ചത് (പ്രവൃ. 7:51).

ഒരാൾ തന്റെ ക്രിസ്തീയ വിശ്വാസം തള്ളിക്കളഞ്ഞ് യെഹൂദ മതത്തിലേക്ക് തിരിയുമ്പോൾ, അയാൾ ആത്മാവിനും പുത്രനും എതിരായി പാപം ചെയ്യുകയാണ്. അപ്പോൾ അയാൾ "ദൈവപുത്രനെ ചവിട്ടിക്കളകയും ... കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്യുന്നു." (ഈഎസ്‌വി). ഇത് ദൈവ നിയമത്തിന് എതിരായ പാപം ആണ്.[72] ആത്മാവിനെ നിന്ദിക്കുന്നവൻ ഒരിക്കൽ അറിഞ്ഞ സത്യത്തിൽ നിന്നാണ് പൂർണ്ണമായി പിന്തിരിഞ്ഞത്, അതിനാൽ കഠിനമേറിയ ശിക്ഷക്ക്-നിത്യ ശിക്ഷാവിധിക്ക് അർഹനാണ്. ദൈവ വചനത്തിലെ സത്യത്തെ ത്യജിച്ച അയാളുടെ പ്രവൃത്തി അഭക്തിയിലേക്ക് തിരിഞ്ഞതാണ്. അയാളെ ഇനി കാത്തിരിക്കുന്നത് ന്യായവിധി അല്ലാതെ മറ്റൊന്നുമല്ല. "ക്രോധാഗ്നി അവനെ ദഹിപ്പിച്ചു കളയും" (10:27). അത്തരം കുറ്റവാളിയിലുള്ളത് "[പരിശുദ്ധാ]ത്മാവിനെതിരായ ദൂഷണം ആണ്" (മത്താ. 12:31, 32; മർ. 3:28, 29; ലൂക്കൊ. 12:10), അങ്ങനെ അയാൾക്ക് രക്ഷയുടെ എല്ലാ പ്രത്യാശയും നഷ്ടമായിരിക്കുന്നു.[73]

**വാക്യങ്ങൾ 30, 31.** അതിൽ അന്തർലീനമാക്കിയിരിക്കുന്നതെല്ലാം പരിശോധിച്ചാൽ, വിശ്വാസ ത്യാഗിയുടെ പാപം ഭയാനകമാണ്. അതിനെ കുറിച്ച് ചിന്തിക്കുന്നതുപോലും നമ്മെ ഭയാകുലപ്പെടുത്തും.

അദ്ധ്യായം 10 ലെ ഈ മുന്നറിയിപ്പോടുകൂടി, ആത്മിയ കുന്നിൽനിന്ന് മരണത്തിലേക്ക് ചാടുവാനിരിക്കുന്ന തന്റെ വായനക്കാരെ ലേഖകൻ പിടിച്ചുമാറ്റുകയാണ്. തീർച്ചയുള്ള ഒരു പ്രസ്താവനയോടുകൂടിയാണ് വാക്യം

30 ആരംഭിക്കുന്നത്: ദൈവം തന്റെ വചനവും ഭീഷണിയും നടപ്പിൽ വരുത്തും എന്നു നാം അറിയുന്നു എന്നാണ് ആ പ്രയോഗത്തിന്റെ അർത്ഥം. "**പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം വീട്ടും**" എന്ന പ്രയോഗം തീർച്ചയായും പൗലൊസ് റോമർ. 12:19 ൽ പറഞ്ഞിരിക്കുന്നതുപോലെയാണ്. LXX നോടോ അല്ലെങ്കിൽ എബ്രായ തിരുവെഴുത്തുകളുടെ പകർപ്പുകളോടോ കൃത്യമായും യോജിക്കുന്നവയല്ല വാക്യം 30 ലെ ഉദ്ധരണികൾ. തീർച്ചയായും പഠിപ്പിക്കുന്ന സത്യം ഒന്നു തന്നെയാണ്. നമുക്ക് അറിയപ്പെടാത്ത വേദഭാഗത്തിൽനിന്നു പൗലൊസ് ഉദ്ധരിച്ചതുപോലെയാകാം എബ്രായ ലേഖകനും ഉദ്ധരിച്ചത്. പ്രചാരത്തിലിരിക്കുന്ന വാക്യത്തിന്റെ രൂപമായിരിക്കാം അവൻ ഉദ്ധരിച്ചത്. അല്ലെങ്കിൽ റോമാ ലേഖനത്തിൽനിന്നാകാം ഉദ്ധരിച്ചത്. ഒരുപക്ഷെ ലേഖകൻ തന്റേതായ സമാന്തര പ്രയോഗമാകാം ഉദ്ധരിച്ചത്.[74] പൗലൊസിൽനിന്നോ അല്ലെങ്കിൽ പൗലൊസിന്റെ അടുത്ത സന്തതസഞ്ചാരിയിൽ നിന്നോ ആയിരിക്കാം വന്നത് എന്നതാണ് അവശേഷിക്കുന്ന മറ്റൊരു സാധ്യത. ആവർത്തന പുസ്തകം 32:35–41 ആണ് ആദ്യത്തെ ഉദ്ധരണി, അതിന്റെ ഒരു വെർഷൻ സങ്കീർത്തനങ്ങൾ 135:14 ൽ കാണാം. വേദപുസ്തകത്തിന്റെ ശരിയായ അർത്ഥം വിലയുള്ളതാക്കുവാനാണ് ലേഖകൻ തിരുവെഴുത്തുകളെ സമാന്തരപ്രയോഗം നടത്തിയത്.

ദൈവത്തിന്റെ "പ്രതികാരം" പക വീട്ടലല്ല, മറിച്ച് നീതിപൂർവ്വമാണ്. തെറ്റിന് യോഗ്യമായ രീതിയിലാണ് അവന്റെ പകരം വീട്ടൽ. അത് എപ്രകാരം ആയിരിക്കണമെന്ന് അവൻ നിർണ്ണയിക്കും; നമുക്ക് അതിനു സാധ്യമല്ല. ഒരാൾ മറ്റൊരാളെ കുല ചെയ്തതിന് കോടതിയിൽ ന്യായാധിപൻ കുല ചെയ്തവനെ തൂക്കിക്കൊല്ലുവാൻ വിധിച്ചാൽ, അത് കൊന്ന വ്യക്തിയുടെ ജീവന് തുല്യമായതാണ് കൊന്ന വ്യക്തിയുടെ ജീവൻ എന്ന് ന്യായാധിപന് എങ്ങനെ തീർച്ചപ്പെടുത്തുവാൻ കഴിയും? നീതി നിർവ്വഹിക്കുവാൻ ദൈവത്തിന് മാത്രമെ കഴിയു; അതുകൊണ്ടാണ് നമ്മുടെ ജീവിതത്തിനായി അവൻ നൽകിയിരിക്കുന്ന നിയമങ്ങളെ നാം ആശ്രയിക്കുന്നത്.

ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് നീതിമാന്മാർക്ക് നല്ലതാണ്–"കാരണം" ദാവീദ് പറയുന്നു, "അവന്റെ കരുണ വലിയതല്ലൊ" (2 ശമു. 24:14). ഒരാൾ ശത്രുവിന്റെ **കയ്യിൽ വീഴുന്നത്** അവന്റെ പൂർണ്ണ നിയന്ത്രണത്തിലാകുകയാണ്. വിശ്വാസത്തിൽനിന്നു വീണുപോകുന്നയാൾക്ക് നിത്യശിക്ഷയാണ് വരുവാനിരിക്കുന്നത് (2 തെസ്സ. 1:9). അത് ഭയങ്കരമായ അവസ്ഥയാണ് (മത്താ. 25:46; വെളി. 14:11; 20:10).

വാക്യം 31 ലെ ഭയങ്കരം എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് തന്നെ ആണ് വാക്യം 27 ൽ ഉപയോഗിച്ചിരിക്കുന്നത്. ആർക്കും ദൈവത്തെ വിഡ്ഢിയാക്കാമെന്ന് വിചാരിക്കരുത്. ഒരിക്കൽ ക്രിസ്തുവിലായ വ്യക്തി പിന്നീട് ആ കൂട്ടായ്മയിൽനിന്ന് വേർപെട്ടു പോകുന്നതാണ് ഏറ്റവും ഭയങ്കരമായ അവസ്ഥ. "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം!"[75] ക്രിസ്തുവിൽ വിശ്വസ്തനായി ജീവിക്കുന്ന വ്യക്തിക്ക് സർവ്വശക്തന്റെ "കൈ" തെറ്റു ചെയ്തിട്ട് മാനസാന്തരപ്പെട്ടാൽ, പ്രതികാരത്തിന് പകരം ദയയും കരുണയുമായിരിക്കും ദൈവത്തിൽ നിന്ന് ലഭിക്കുക.

ദൈവത്തിന്റെ കരുണയെ അറിയാവുന്ന വ്യക്തി മനപ്പൂർവ്വം പാപം ചെയ്താൽ, അനന്തരഫലം അതി ഭയങ്കരമായിരിക്കും. തന്റെ ആത്മാവിനു വേണ്ടി യേശുക്രിസ്തു നൽകിയ വലിയ വില വിശ്വാസ ത്യാഗി അറിഞ്ഞവനാണ്,

എന്നിട്ടും രക്ഷകന്റെ ആ വിലയേറിയ രക്തത്തെ അശുദ്ധമാക്കി തീർക്കുകയായിരുന്നു. അതുകൊണ്ട് ദൈവത്തിന്റെ ക്രോധവും പ്രതികാരവും മാത്രമെ അയാൾക്ക് അവശേഷിക്കുന്നുള്ളു.

**ഓർമ്മിക്കുവാനുള്ള പ്രബോധനം (10:32–39)**

**32എന്നാൽ നിങ്ങൾ പ്രകാശനം ലഭിച്ച ശേഷം നിന്ദകളാലും പീഢ
കളാലും കൂത്തുകാഴ്ച്ചയായി ഭവിച്ചും 33ആ വക അനുഭവിക്കുന്നവർക്ക്
കൂട്ടാളികളായി തീർന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച
പൂർവ്വകാലം ഓർത്തുകൊൾവിൻ. 34തടവുകാരോട് നിങ്ങൾ സഹതാപം
കാണിച്ചതല്ലാതെ സ്വർഗത്തിൽ നിലനിൽക്കുന്ന ഉത്തമസമ്പത്ത് നിങ്ങൾക്ക്
ഉണ്ട് എന്നറിഞ്ഞ് സമ്പത്തുകളുടെ അപഹാരവും സന്തോഷത്തോടെ സഹി
ച്ചുവല്ലൊ. 35അതുകൊണ്ട് മഹാ പ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളി
ക്കളയരുത്. 36ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത
നിങ്ങൾക്ക് ആവശ്യം.**

**37ഇനി ഇത്രയും അല്പകാലം കഴിഞ്ഞിട്ട് വരുവാനുള്ളവൻ വരും താമ
സിക്കയുമില്ല. 38എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും;
പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിൽ അവന്നു സ്ഥാനമില്ല,.**

**39നാമോ നാശത്തിലേക്ക് പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ച്
ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രെ ആകുന്നു.**

തന്റെ വായനക്കാർക്ക് പ്രോൽസാഹനം ആവശ്യമാണെന്ന് എബ്രായ ലേഖകന് അറിയാമായിരുന്നു. 6:7, 9 ലേതുപോലെ, അവൻ 10:32–39 ൽ ചില പ്രത്യാശ അവർക്ക് നൽകുകയാണ്. അവന്റെ ആദ്യ വായനക്കാർ വിശ്വാസത്യാഗത്തിലേക്ക് പോയില്ല എന്ന് അവൻ ബോധ്യമാക്കുന്നു. അപ്പോൾ അവർ ഉപേക്ഷിക്കുവാനായി ഒരുങ്ങുകയായിരുന്നു. ഓർമ്മിക്കുവാനുള്ള പ്രോൽസാഹനമായിരുന്നു അവൻ അവർക്ക് നൽകിയത്.

**വാക്യം 32**. ക്രിസ്ത്യാനികളായി തീർന്ന ശേഷമുള്ള അവരുടെ ആദ്യ നാളുകൾ അവർക്ക് പരിഗണിക്കത്തക്കതായിരുന്നു. എതിർപ്പിലും എബ്രായർ വിശ്വസ്തരായി ജീവിച്ചിരുന്നു. ഗൂണഭോക്താക്കളിൽ ചിലർ പുരോഹിതന്മാരായിരുന്നവർ പരിവർത്തനം ചെയ്തവരാണെങ്കിൽ (പ്രവൃ. 6:7), ഉപദ്രവിക്കപ്പെട്ടപ്പോൾ, അവർ തങ്ങളെ അപായസ്ഥിതിയിലാക്കിയിരിക്കാം, അത് സ്തെഫാനോസിന്റെ രക്തസാക്ഷിത്വത്തെ തുടർന്ന് ഉടനെ സംഭവിച്ചിരുന്നു (പ്രവൃ. 7:8). വാസ്തവത്തിൽ, പുരോഹിതന്മാരുടെ പരിവർത്തന സാധ്യത, അവരുടെ വിശ്വാസത്തിന്റെ “വൈദിക ഗണം” ആയിരുന്നതിനാൽ, അവിശ്വാസികളായിരുന്ന യെഹൂദന്മാരെ ഞെട്ടിച്ചിരിക്കും–പ്രത്യേകിച്ച്, എരിവുള്ള തർസോസുകാരനായിരുന്ന ശൗലിനെ പോലെയുള്ളവരെ. വിശ്വാസത്തിൽ ബാല്യത്തിലായവരെ സംബന്ധിച്ച് അനുഭവപ്പെട്ട പരിഹാസ്യം മരണത്തേക്കാൾ അസഹ്യമായിരുന്നു.

“പ്രകാശനം ലഭിച്ച ശേഷമുള്ള ... നിങ്ങളുടെ പൂർവ്വകാലം” (എൻകെജെവി) “നിങ്ങൾക്ക് വെളിച്ചം ലഭിച്ച ശേഷം” (എൻഐവി). ഈ പ്രകാശനം (6:4)

തീർച്ചയായും "സുവിശേഷത്തിന്റെ പ്രകാശത്താൽ" ലഭിച്ചതാണ് (2 കൊ. 4:4; എഫെ. 5:8, 11; കൊലൊ. 1:13). തുടർന്നുള്ള നൂറ്റാണ്ടുകളിൽ, ഈ വാക്ക് അവരുടെ സ്നാനവുമായുള്ള ബന്ധത്തിൽ ഉപയോഗിച്ചിരുന്നു. അവർ സ്നാനപ്പെട്ട സമയത്ത് തീർച്ചയായും "പ്രകാശനം" ലഭിച്ചിരിക്കും, അത് മുൻപ് തങ്ങൾക്ക് കഴിയാതിരുന്ന വിധത്തിൽ "ആന്തരിക പ്രകാശം" ലഭിക്കുന്നതിനെയല്ല സൂചിപ്പിക്കുന്നത്. അവർ പെന്തെകൊസ്തുനാളിൽ വചനം കേട്ടപ്പോൾ കുത്തുകൊണ്ടതുപോലെ പ്രചോദിതരായി എന്നു പറയാം. അന്ന് ദൈവ വചനം കേട്ട ആത്മാർത്ഥതയുള്ളവർ വിശ്വസിച്ച്, മാനസാന്തരപ്പെട്ട് അനുസരിച്ചു (പ്രവൃ. 2:32–41). കേട്ട വചനത്താൽ അവരുടെ ഹൃദയത്തിന് മാറ്റമുണ്ടാകുകയും, മുൻപ് വചനം അനുസരിച്ചവർക്ക് ലഭിച്ച പ്രകാശം അവർക്ക് ലഭിക്കുകയും ചെയ്തു. അവർ പ്രവൃത്തികളുടെ പുസ്തകം അദ്ധ്യാം 2 ൽ പരിവർത്തനം ചെയ്തവർ അല്ലായിരിക്കാം. അവൻ ജഡത്തിലായിരുന്നപ്പോൾ, അവർ യേശുവിനെ കണ്ടിരിക്കുവാനും സാധ്യതയില്ല. എങ്ങനെയായാലും, അതിനു ശേഷം അവർ മറ്റുള്ളവരുടെ ഉപദേശം കേട്ട് ക്രിസ്തുവിനെ സ്വീകരിച്ചവരായിരിക്കാം (പ്രവൃ. 6:7).

അവരുടെ ആദ്യകാലത്ത് അവർ കഷ്ടങ്ങളാൽ വലിയ പോരാട്ടം കഴിച്ചവരായിരുന്നു. യെരുശലേം സഭയെ ഉപദ്രവിച്ചതിനെയായിരിക്കാം ഇത് സൂചിപ്പിക്കുന്നത് (പ്രവൃ. 8:1; 12:1–3). ലേഖനത്തിന്റെ ആദ്യ ഗുണഭോക്താക്കൾ മുൻപ് അനുഭവിച്ച കഷ്ടങ്ങൾ എബ്രായ ലേഖനം എഴുതുന്നതിന് വളരെ മുമ്പ് സംഭവിച്ചതാണെങ്കിലും അവർ രക്തസാക്ഷിത്വം അനുഭവിച്ചിരുന്നില്ല. ഏ. ഡി. 62 ൽ അന്യായമായി യേശുവിന്റെ സഹോദരനെ കൊന്ന ശേഷം ഉപദ്രവത്തിന് അയവ് വന്നതായാണ് കാണപ്പെടുന്നത്. ഇത് സംഭവിച്ചത് പൗലൊസിന്റെ  പരിവർത്തനം കഴിഞ്ഞ് പല വർഷങ്ങൾക്ക് ശേഷമാണ് (പ്രവൃ. 9), അത് ഒറ്റപ്പെട്ട സംഭവവുമായിരിക്കാം.

**വാക്യം 33**. എന്നിരുന്നാലും. ആ വായനക്കാർക്ക് കഷ്ടതയിലും മറ്റു സഹോദരങ്ങളുമായി കൂട്ടായ്മ (*കൊയിനോണോസ്*; "പങ്കാളിയാകുക") ഉണ്ടായിരുന്നു. അവർ **നിന്ദകളാലും പീഢകളാലും** കൂത്തുകാഴ്ച്ചയായി തീർന്നവരായിട്ടായി [രുന്നു] **പങ്കാളികളായതും** അവരെ സഹായിച്ചതും. പക്ഷെ നല്ല ശമര്യക്കാരന്റെ സംഭവത്തിൽ ലേവ്യന്റേയും പുരോഹിതന്റേയും പെരുമാറ്റത്തിലുള്ള വ്യത്യാസം എന്താണ് നമ്മെ പഠിപ്പിക്കുന്നത് (ലൂക്കൊ. 10:25–37)! ഒരുപക്ഷെ യേശുവിന്റെ ഉപമ കേട്ട പുരോഹിതന്മാരിൽ ചിലർ അവരുടെ ബലഹീനതകളെ മനസിലാക്കി മാനസാന്തരപ്പെട്ട് പരിവർത്തനം ചെയ്തിരിക്കുമോ (പ്രവൃ. 6:7)? പ്രാരംഭ ക്രിസ്ത്യാനികൾ ആ ഉപമ പുരോഹിതന്മാരിലേക്ക് എത്തിച്ചിരിക്കാം.

എബ്രായ ലഖന വായനക്കാരെ **പരസ്യമായ കൂത്തുകാഴ്ച്ച**യാക്കിയിരുന്നു. "കൂത്തുകാഴ്ച്ച" എന്ന വാക്ക് *തെയാട്രിസോ* എന്ന ക്രിയയുടെ രൂപഭേദമാണ്, അർത്ഥം "ഗെയിസിങ്ങ് സ്റ്റോക്ക്" എന്ന അതിന്റെ നാമം, *തിയേറ്ററോൺ* ആണ്, അതിൽനിന്നാണ് നമുക്ക് "*തിയേറ്റർ*" എന്ന വാക്ക് ലഭിച്ചത്. തടവുകാരെ കോണിപ്പടിയുടെ മുകളിൽ ജനക്കൂട്ടം നോക്കി കാണുവാനായി നിർത്തുന്ന ആശയമാണ് അത് വ്യക്തമാക്കുന്നത്. ഇതേ വാക്കിന്റെ ഒരു രൂപം അപ്പൊസ്തലനായ പൗലൊസ് അപ്പൊസ്തലന്മാരെ വിശദമാക്കുമ്പോൾ ഉപയോഗിച്ചിരിക്കുന്നു ("പ്രദർശിപ്പിച്ചു"; 1 കൊ. 4:9). അവർ **നിന്ദ** സഹിച്ചിരുന്നു, അതിൽ പരിഹാസ്യ-വിളികളും ഉൾപ്പെട്ടിരുന്നു. **ഉപദ്രവങ്ങളിൽ** വിവിധ

തരത്തിലുള്ള എതിർപ്പുകളും കുഴപ്പങ്ങളും ഉണ്ടായിരുന്നു. ലേഖനത്തിന്റെ ആദ്യ വായനക്കാർ തങ്ങളുടെ സഹ യെഹൂദന്മാരെ ഓർത്ത് വിലപിച്ചിരുന്നോ? സമൂഹം അവരെ ഭ്രഷ്ട് കൽപ്പിച്ചിരുന്നുവോ?

**വാക്യം 34**. അവരുടെ പങ്കിടലിന്റെ തെളിവ് അനുസരിച്ച്, അവരുടെ മഹാ **സഹതാപം** (*സുംപതെയോ*) ഓർമ്മിച്ചു. കെജെവിയിലും എൻകെജെവിയിലും, "മനസലിവ്" എന്നാണ് ക്ലെമെന്റ് ഓഫ് അലെക്സാണ്ഡ്രിയയോടൊപ്പം പറയുന്നത്. അതി കഠിനമായ സമ്മർദ്ദമുള്ളപ്പോൾ "സഹതാപം" കാണിക്കുക പ്രയാസം ആയിരിക്കും, എന്നാൽ വാസ്തവത്തിലുള്ള ക്രിസ്തീയ മനോഭാവം അതാണ് കാണിക്കുന്നത്.

ഒരുപക്ഷെ പുരോഹിതന്മാർ തടവിലാക്കപ്പെട്ടിരിക്കയില്ല, പക്ഷെ മറ്റു ക്രിസ്ത്യാനികൾ തടവിലടക്കപ്പെട്ടിരുന്നു. **തടവുകാരുടെ** അടുക്കലേക്ക് ആഹാരം എത്തിക്കുന്നതുപോലും അക്കാലത്ത് അപകടമായിരുന്നു, പക്ഷെ ആ ക്രിസ്ത്യാനികൾ അത് ചെയ്തിരുന്നു. പ്രവൃത്തികൾ 2:42, 44–46; 4:34, 35 ൽ തുടങ്ങിയതിന്റെ ഭാഗമായിരിക്കാം അത്തരം "കൂട്ടായ്മ." എബ്രായ ലേഖനം എഴുതുന്ന സമയത്ത് ഉപദ്രവം കുറേ കാലത്തേക്ക് നിൽക്കുകയും ക്രിസ്ത്യാനികൾ ചുരുങ്ങിയ കാലത്തേക്ക് നിർവൃതിയിലാവുകയും ചെയ്തിരുന്നു.

അവർ [അവരുടെ] **സമ്പത്തുക്കളുടെ അപഹാരം സന്തോഷത്തോടെ സഹിച്ചു** എന്നു ലേഖകൻ അവരെ ഓർപ്പിച്ചത് അൽപം വിഷമമുള്ളതായി തോന്നിയേക്കാം. അതിനെ അസാധാരണ പ്രതികരണമായിട്ടായിരിക്കും നാം കാണുക. എങ്കിലും വിശ്വാസമുള്ളവർക്ക് അവരുടെ ഭൗമിക വസ്തുക്കൾ സന്തോഷത്തോടെ ഉപേക്ഷിക്കുവാൻ കഴിയും. അക്രമാസക്തമായ ജനക്കൂട്ടം ഓടിപ്പോയവരുടെ വസ്തുവകകൾ കവർന്നെടുക്കുമായിരുന്നു. അവരുടെ ജീവൻ സമ്പത്തുക്കളിലല്ല എന്ന് ആ സഹോദരന്മാർ മനസിലാക്കിയിരുന്നു (ലൂക്കൊ. 12:15). അത്തരം അപഹാരം സന്തോഷത്തോടെ സഹിച്ചവർക്ക് യെരുശലേം ദൈവാലയത്തിന്റെ മനോഹാരിതയും പ്രൗഢിയും നഷ്ടമായത് പ്രശ്നമേ ആയിരുന്നില്ല. ആ പ്രശ്നങ്ങളെല്ലാം നേരിട്ടപ്പോൾ, വിശ്വാസത്തിൽ മുൻപോട്ട് അവരെ നയിച്ചത് അവർക്കായി ഒരുക്കിയിരിക്കുന്ന **നിലനിൽക്കുന്ന വിശേഷതയേറിയ സമ്പത്തായിരുന്നു**. ലൂക്കൊസ് 6:23 ൽ യേശു അവരെ പഠിപ്പിച്ചതനുസരിച്ചായിരുന്നു അവർ അങ്ങനെ പെരുമാറിയത്: "ആ നാളിൽ *സന്തോഷിച്ച് തുള്ളുവിൻ*, നിങ്ങളുടെ പ്രതിഫലം സ്വർഗത്തിൽ വലിയത്" (എംഫസിസ് ആഡഡ്.)

തടവുകാരെ സന്ദർശിക്കണമെന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചിരുന്നു (മത്താ. 25:35, 36 നോക്കുക). തടവിൽനിന്നു മോചിക്കപ്പെട്ടവരോട് യെഹൂദ്യയിലെ വിശുദ്ധന്മാർ സഹതാപം കാണിച്ചു (പ്രവൃ. 4:23), കാരണം, "ഒരു അവയവം കഷ്ടതയേറ്റാൽ എല്ലാ അവയങ്ങളും കഷ്ടം ഏൽക്കും ..." (1 കൊ. 12:26). കള്ളന്മാർ വന്ന് അവരുടെ സാധനങ്ങൾ മോഷ്ടിച്ചേക്കാം, എന്നാൽ ഒരു മനുഷ്യനും അവരുടെ നിത്യ തേജസ് കവർന്നെടുക്കുവാൻ സാധ്യമല്ല എന്ന് അവർക്ക് അറിയാമായിരുന്നു. അവർ "സ്വർഗീയ നിക്ഷേപങ്ങൾ" തങ്ങൾക്കായി സൂക്ഷിച്ചു (മത്താ. 6:20) നിത്യമായ സമ്പത്തിലായിരുന്നു അവർക്ക് പ്രത്യാശ ഉണ്ടായിരുന്നത് (എബ്രാ. 11:10, 16; 1 പത്രൊ. 1:4). "ഭൗതികമായി ഒന്നും സമ്പാദിക്കാതിരിക്കുക എന്നതാണ് എല്ലായ്പോഴുമുള്ള ക്രിസ്തീയ മനോഭാവം, അങ്ങനെ അവർക്ക് മരിക്കുമ്പോൾ ഒരു പുഞ്ചിരിയോടെ പോകുവാൻ കഴിയും"[76] ദേഹത്തെ മാത്രം കൊല്ലുവാൻ കഴി

യുന്നവരെ ഭയപ്പെടാതിരിപ്പാൻ ആ സഹോദരന്മാർ ശീലിക്കണമായിരുന്നു (മത്താ. 10:28).

**വാക്യങ്ങൾ 35, 36.** കള്ളന്മാരോ അല്ലെങ്കിൽ ഭരണാധികാരികളോ ആയിരിക്കാം എബ്രായ ലേഖന ഗുണഭോക്താക്കളുടെ സമ്പത്ത് അപഹരിച്ചത്. വരുവാനുള്ള വലിയ സമ്പത്ത് നോക്കിയാൽ നഷ്ടപ്പെട്ട ഭൗതികമായ സമ്പത്ത് ഒരു വിലയുമില്ലാത്തതാണെന്നാണ് ലേഖകൻ വായനക്കാരെ ഓർപ്പിച്ചത്. അങ്ങനെയുള്ള ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസം ഒരിക്കലും വലിച്ചെറിയുകയില്ല. അത് ഏറ്റവും വിലയുള്ളതായി അവർ പിടിച്ചുകൊള്ളും. "സ്വർഗത്തിൽ നമ്മുടെ പ്രതിഫലം വലിയത് എന്ന് ഓർത്തുകൊൾക" (ലൂക്കൊ. 6:23); എന്നാൽ ഇവിടെ പറയുന്ന വലിയ പ്രതിഫലം എന്ന പ്രയോഗം (വാ. 35) വർത്തമാനകാലത്തിലാണ്.

മുൻപിലത്തെപോലെ ഇപ്പോഴും ക്രിസ്തുവിനെ ധൈര്യത്തോടെ സേവിക്കുവാനാണ് ലേഖകൻ അപേക്ഷിക്കുന്നത്. അവൻ ഉപയോഗിച്ച **ധൈര്യം** (*പാരെസിയാ*) എന്ന മനോഭാവത്തോടെയാണ് നാം ദൈവത്തിന്റെ കൃപാസനത്തോട് അടുത്തു ചെല്ലുവാനും പറഞ്ഞിരിക്കുന്നത് (4:16; 10:19). ഭീരുവായ പടയാളി തന്റെ ഘനമുള്ള ആയുധം ഊരിക്കളഞ്ഞ് ഓടി പോകുന്നതിനെ നമുക്ക് ഊഹിക്കാവുന്നതാണ്. അത്തരം പ്രവൃത്തി അനാദരവ് തന്നെയാണ്. പൗലൊസ്, യുദ്ധത്തിൽ പോരാടുന്ന ഒരു പടയാളിയോട് ഉപമിച്ചാണ് ഉപയോഗിച്ചിരിക്കുന്നത് (എഫെ. 6:12-17). കുഴപ്പത്തിൽ ധൈര്യം ആർജ്ജിക്കുന്നത് മനോഹരമായ ഗുണമാണ്. വാസ്തവത്തിലുള്ള വിശ്വാസ സത്തയാലാണ് അത് ഉണ്ടാവുന്നത് (എബ്രാ. 11:1). അത് ആത്മ-വിശ്വാസമല്ല, പിന്നെയോ ദൈവത്തിലുള്ള ആശ്രയമാണ്.

ഒരാൾക്ക് സ്ഥിരോൽസാഹം ഇല്ലെങ്കിൽ പ്രതിഫലം ലഭിക്കുകയില്ല. **സഹിഷ്ണുത** (*ഹുപോമോണെ*) അല്ലെങ്കിൽ "ക്ഷമ" (വാ. 36; കെജെവി) അർത്ഥം, പരീക്ഷണങ്ങളിൽ സ്ഥിരോൽസാഹം കാണിക്കുക എന്നാണ്. "കഷ്ടതകളിൽനിന്നാണ് ... ഒരാളെ ഉയർത്തുന്നത്" (റോമ. 5:3). ഒരു വ്യക്തിയുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടാണ് സഹിഷ്ണുതയുളവാകുന്നത് (യാക്കൊ. 1:2, 3). നമുക്ക് ലഭിക്കുവാനിരിക്കുന്ന വലിയ പ്രതിഫലം നോക്കിയാൽ ഇപ്പോൾ നാം നേരിടുന്ന പരീക്ഷണങ്ങൾ സാരമില്ല (2 പത്രൊ. 4:17). **ദൈവേഷ്ടം** തുടരുക എന്നതാണ് നമ്മുടെ കടമ, കാരണം അത് ചുരുക്കുകയോ, വിശ്വാസം വിട്ടുകളയുകയോ ചെയ്താൽ ദൈവം നമുക്ക് **വാഗ്ദാനം ചെയ്തതു** ലഭിക്കാതെ പോകും. ആ ക്രിസ്ത്യാനികൾ കഷ്ടം അനുഭവിക്കണം എന്നത് ദൈവേഷ്ടം ആയിരുന്നില്ല, എന്നാൽ അവരുടെ സഹിഷ്ണുതക്ക് വലിയ പ്രതിഫലം നൽകുക എന്നത് ദൈവേഷ്ടമായിരുന്നു.

**വാക്യങ്ങൾ 37, 38.** ഈ വാക്യങ്ങൾ കൃത്യമായും ക്രിസ്തുവിനെ കുറിച്ചാണ് പറയുന്നത്, പക്ഷെ പഴയ നിയമഭാഗത്ത് അത് സ്പഷ്ടമല്ല. പിന്നെ, എങ്ങനെ വേദഭാഗം ക്രിസ്തുവിനെ കുറിച്ചാണ് പറയുന്നതെന്ന് നമുക്ക് ആധികാരികമായി പറയുവാൻ കഴിയും? കൂടാതെ ഇവിടെ പറയുന്ന വരുവാനുള്ളത് എന്താണ്? യെശയ്യാവ് 26:20 ലേയും ഹബക്കൂക്ക് 2:3, 4 ലേയും പ്രയോഗങ്ങളാണ് വാക്യം 37 ലും 38 ലും അടങ്ങിയിരിക്കുന്നത്. പ്രവാചകൻ വിടുതലിനു വേണ്ടി കാത്തിരുന്നതായാണ് വേദഭാഗം വ്യക്തമാക്കുന്നത്. "വരുവാനുള്ളതിന്" ഊന്നൽ കൊടുക്കുവാനായി LXX ലെ വാക്കുകൾ എബ്രായ ലേഖകൻ പുനക്രമീകരണം നടത്തിയിരിക്കുകയാണ്.

“വരുവാനുള്ളത്” എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് പല എഴുത്തുകാരും ക്രിസ്തുവിന്റെ രണ്ടാം വരവായിട്ടാണ് കാണുന്നത്. പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നതോ എബ്രായ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതോ ആ അർത്ഥത്തിലല്ല. ക്രിസ്തുവിന്റെ മടങ്ങിവരവ് ആസന്നമാണെന്ന് അപ്പൊസ്തലന്മാർ അവരുടെ കാലയളവിൽ പറഞ്ഞിരുന്നില്ല. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ അവന്റെ രണ്ടാം വരവ് ഉടനെ സംഭവിക്കുമെന്ന് കരുതി കാത്തിരുന്നില്ല എന്ന് 2 തെസ്സലൊനിക്യർ 2:1-3 കാണിക്കുന്നു. പിന്നെ കർത്താവിന്റെ വരവിനെ സംബന്ധിച്ച് പൗലൊസിന്റെ എഴുത്തുകളും മറ്റു പുതിയ നിയമ വേദഭാഗങ്ങളും തമ്മിൽ ഒരു ഉരസൽ ഉണ്ടാക്കുന്നതെന്തിനാണ്? അവരെല്ലാം യോജിപ്പിൽ തന്നെയാണ്. കർത്താവിന്റെ രണ്ടാമത്തെ പ്രത്യക്ഷത ഉടനെ ആയിരിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതല്ല.

ചിലരെ ശിക്ഷിക്കുവാനും മറ്റുള്ളവരെ വിടുവിക്കുന്നതിനുമായി പഴയ നിയമത്തിൽ ദൈവം പ്രത്യക്ഷനാകുമെന്ന് പ്രവാചകന്മാർ പറഞ്ഞത് ഓർമ്മയുണ്ടാകുമല്ലൊ. ഉദാഹരണത്തിന്, ആമോസ് 4:12 ൽ, യിസ്രായേലിനെ ശിക്ഷിക്കുവാൻ ദൈവം വരുമെന്ന് പറഞ്ഞിരിക്കുന്നു. കൽദയരിൽനിന്ന് ദൈവം തന്റെ ജനത്തെ വിടുവിക്കുവാൻ വരുമെന്ന് പറഞ്ഞത്, ജനത്തിന്റെ കാഴ്ച്ചപ്പാടിൽ വളരെ കാലം കഴിഞ്ഞായിട്ടായിരിക്കുമെന്നു തോന്നി എങ്കിലും ദൈവത്തിന് അത് താമസിച്ചായിരുന്നില്ല. യേശുവിന് വരുവാൻ ദൈവം ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു എന്ന് പൗലൊസ് പ്രവൃത്തികൾ 17:30, 31 ൽ പറഞ്ഞിരിക്കുന്നു. അവർ കാത്തിരുന്നപ്പോൾ, എന്തു സംഭവിച്ചാലും, **നീതിമാന്മാർ വിശ്വാസത്തിൽ ജീവിക്കണമായിരുന്നു**. അതേ വാക്ക് പൗലൊസ് റോമർ 1:17 ൽ ഉപയോഗിച്ചിരിക്കുന്നു. ദൈവം വാഗ്ദാനം ചെയ്ത “ജീവൻ” പ്രാപിക്കുവാൻ വിശ്വസ്തമായി ജീവിക്കണമെന്നാണ് പൗലൊസിന്റെ എഴുത്തുകളും എബ്രായലേഖനവും പറയുന്നത്.

യേശുവിന്റെ എല്ലാ “വരവുകളും” അവന്റെ രണ്ടാം വരവല്ല എന്ന് പുതിയ നിയമം വ്യക്തമാക്കുന്നു. മത്തായി 24:27 പറയുന്നത് “മനുഷ്യപുത്രന്റെ വരവിനെ” കുറിച്ചാണ്, പക്ഷെ അത് അവന്റെ രണ്ടാം വരവല്ല, മറിച്ച്, ആ സമയത്ത് അവൻ വരുന്നത്, അവനെ ത്യജിച്ച് അവിശ്വസ്തരായി തീർന്ന യെരുശലേമിനെ ശിക്ഷിക്കുവാനായിരുന്നു. അടുത്ത വാക്യത്തിൽ അവൻ “ശവങ്ങളെ” കുറിച്ചാണ് പറയുന്നത്-യെരുശലേമിലെ ആളുകളുടെ നിർജീവ വിശ്വാസത്തെ അവൻ കണ്ടിരുന്നതായി തൊട്ടടുത്ത വാക്യത്തിൽ പറയുന്നു. കാലം കഴിഞ്ഞ് അത് സംഭവിച്ചുകഴിഞ്ഞപ്പോൾ ചിത്രം വളരെ വ്യക്തമായി. ആ “ശവങ്ങളുടെ” ചുറ്റുമായിരുന്നു റോമിന്റെ “കഴുകന്മാർ” വളഞ്ഞ് നശിപ്പിച്ചത്.ആ സമയത്ത് പഴയ നിയമകാലത്ത് പ്രവാചകന്മാരിൽകൂടെ മുന്നറിയിച്ചശേഷം ദൈവം ശിക്ഷിക്കുവാൻ “പെട്ടെന്നു” വന്നതുപോലെയായിരുന്നു, കർത്താവ് വന്ന് അവരെ ശിക്ഷിക്കുകയായിരുന്നു.

**ഇനി എത്രയും അൽപകാലം കഴിഞ്ഞ് വരുവാനുള്ളവൻ വരും** എന്ന് ലേഖകൻ യേശുവിനെ കുറിച്ചാണ് പറഞ്ഞത് (വാ. 37). സംഭവിപ്പാനിരിക്കുന്ന യെരുശലേം നാശത്തെ കുറിച്ചാണ് ലേഖകൻ പറഞ്ഞതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല, ആ ദേശത്തുള്ളവരെ അവൻ വന്ന് ശിക്ഷിക്കുവാൻ കാരണം അവർ അവനെ തള്ളിക്കളഞ്ഞു ക്രൂശിച്ചതിനാലായിരുന്നു (വാ. 39 ന്റെ ചർച്ച നോക്കുക). എങ്ങനെയായാലും, തന്റെ വിശ്വസ്തരായ വിശുദ്ധന്മാരെ അവൻ വിടുവിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. യേശു വന്ന്

അവരുടെ ദൈവാലയം നശിപ്പിക്കുമെന്ന് പറയുവാനുള്ള കാരണം സ്തെഫാനൊസിനെ കുറ്റപ്പെടുത്തിയവരും, ന്യായാധിപസഭയും മറ്റും ചെയ്തതിന്റെ പ്രത്യാഘാതമായിരുന്നു (പ്രവൃ. 6:13, 14). പഴയ നിയമ കാലത്ത് ക്രിസ്തു വന്ന് ചിലരെ ശിക്ഷിക്കുകയും മറ്റു ചിലരെ വിടുവിക്കുകയും ചെയ്ത അതേ അർത്ഥത്തിലാണ് അവരെ ശിക്ഷിക്കുകയും വിശ്വസ്തരായ ക്രിസ്ത്യാനികളെ വിടുവിക്കയും ചെയ്തത്.

ഈ വിടുതലിനെ നമുക്ക് വാക്യം 37 ലേതുമായി ബന്ധിപ്പിക്കാം; അത് വാക്യം 38 മായും ബന്ധപ്പെട്ടിരിക്കുന്നു. ഹബക്കൂക്ക് 2:4 ഉദ്ധരിച്ചിരിക്കുന്നത്-എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നാണ്-ആരംഭത്തിൽ അത് കൽദയ രാജ്യത്തെ മറിച്ചിടുന്നതും അവർ യെഹൂദജനതയെ കഷ്ടപ്പെടുത്തുന്നത് അവസാനിപ്പിക്കുന്നതുമാണ്. എങ്ങനെയായാലും, അതേ പ്രായോഗികത എബ്രായ ലേഖനത്തിലും ഉപയോഗിക്കുന്നത് ഉചിതമാണ്.[77] തനിക്കുള്ളവർക്കായി ദൈവം പകരം വീട്ടുകയും നിഗളികളെ ശിക്ഷിക്കുകയും ചെയ്യുമെന്നാണ് ഹബക്കൂക്ക് പറഞ്ഞത്. അതുപോലെ യെരുശലേമിനെ നശിപ്പിച്ചപ്പോൾ, ഒരു കൂട്ടർ കഷ്ടതയനുഭവിച്ചപ്പോൾ, വിശ്വസ്തരെ ദൈവം അതിൽനിന്നു വിടുവച്ചു. എബ്രായ ലേഖകന്റെ ഉദ്ദേശത്തോടു പൂർണ്ണമായും യോജിക്കുന്നതായിരുന്നു ഹബക്കൂക്കിന്റെ പ്രവചനം. “പഴയ നിയമ വേദഭാഗത്തിന്റെ അർത്ഥത്തിന് കോട്ടം സംഭവിക്കാതെ പുതിയ നിയമ ലേഖകന്മാർ പുനക്രമികരണം നടത്തി ഉപയോഗിച്ചിരിക്കുന്നത് പരിശുദ്ധാത്മ നിയോഗത്താലായിരുന്നു.”[78]

ഒരു “നീതിമാനായവൻ”-അതായത്, ഒരു ക്രിസ്ത്യാനി **പിന്തിരിഞ്ഞുപോയാൽ,** ദൈവം തന്റെ അനുഗ്രഹങ്ങൾ അവനിൽ പകരുകയില്ല. അവിശ്വസ്തരായവരിൽ ദൈവത്തിന് **പ്രസാദമില്ല**. ലേഖനത്തിന്റെ ഗുണഭോക്താക്കൾക്ക്, തിരഞ്ഞെടുക്കുവാനുണ്ടായിരുന്നത് ഒന്നുകിൽ വിശ്വാസത്താൽ ജീവിക്കുക അല്ലെങ്കിൽ യെഹൂദ മതത്തിലേക്ക് തിരിച്ചുപോകുക എന്നതായിരുന്നു.

**വാക്യം 39**. അവർ യെഹൂദ മതത്തിലേക്ക് തിരിച്ചുപോയാൽ നാശമായിരുന്നു ഫലം. ഒരാൾ ആത്മാവിനെ രക്ഷിക്കുവാനായി തന്റെ വിശ്വാസം സൂക്ഷിക്കണം. ചിലർ യെഹൂദ മതത്തിലേക്ക് തിരിച്ചുപോയെങ്കിലും തന്റെ വായനക്കാർ വീണുപോകയില്ല എന്ന ആത്മവിശ്വാസം ലേഖകന് ഉണ്ടായിരുന്നു. അത്മാവിന്റെ **സ്ഥിരത വിശ്വാസത്താൽ കാത്തുസൂക്ഷിക്കുവാൻ** കഴിയാതിരുന്നവരാണ് **പിന്തിരിഞ്ഞു**പോയത്. ഒരാൾക്ക് തന്റെ വിശ്വാസം നഷ്ടപ്പെടുകയില്ലെങ്കിൽ പിന്നെ, ഈ പ്രബോധനത്തിന്റെ ആവശ്യം എന്താണ്? ഈ പ്രയോഗം യേശു യെരൂശലേമിന്റെ നാശത്തെ കുറിച്ച് മുന്നറിയിച്ചതുപോലെയുള്ളതാണ്: “നിങ്ങൾ ക്ഷമകൊണ്ട് നിങ്ങളുടെ പ്രാണനെ നേടും” (ലൂക്കൊ. 21:19). വിശ്വാസത്തിന് സഹിഷ്ണുത ആവശ്യമാണ്. ആ എബ്രായ ക്രിസ്ത്യാനികൾക്ക് പെട്ടെന്ന് നിർത്തുവാൻ കഴിഞ്ഞില്ല. യെഹൂദ മതം വിട്ട് പലരും യേശുക്രിസ്തുവിന്റെ ഉപദേശം പിൻപറ്റി, വിശുദ്ധനഗരത്തിൽനിന്ന് സുരക്ഷിത താവളത്തിലേക്ക് തിരിഞ്ഞു. നമുക്കും ഇന്ന് അതേ സഹിഷ്ണുത വിശ്വാസത്തിന് അനിവാര്യമാണ്.

**നാം** എന്നു പറഞ്ഞ്, ലേഖകൻ തന്നെ വായനക്കാരോടൊപ്പം ചേർത്ത് നിർത്തുന്നതായി അവതരിപ്പിച്ചു. ലേഖകൻ 2:3 ൽ ചെയ്തതുപോലെ വിശ്വസ്തരായി നിലനിൽപാൻ വായനക്കാരെ ഉത്തേജിപ്പിക്കുകയാണ്. ക്രിസ്ത്യാനി തന്റെ വിശ്വസ്തതയാൽ തന്നെ ജീവിക്കണം; അതായത്, അവൻ ജീവനോടെ

യിരിക്കുന്ന കാലത്തോളം വിശ്വസ്തനായിരിക്കണം എന്നർത്ഥം. വിശ്വസ്തത കാത്തു സൂക്ഷിക്കുന്ന ഓരോരുത്തരും “ആത്മാവിനെ (*സൂക്കെ*) സ്ഥിരമായി” ഉറപ്പിക്കും. “ജീവൻ” എന്നത് *സൂക്കെ* തർജ്ജമ ചെയ്തതാണെങ്കിൽ, ഈ പ്രസ്താവന ഇവിടത്തെ വ്യാഖ്യാനവുമായി യോജിക്കും. എങ്ങനെയായാലും, യേശുവിന്റെ വാക്ക് അനുസരിച്ച് നഗരത്തിൽനിന്നു രക്ഷപ്പെട്ടവർ തങ്ങളുടെ ആത്മാക്കളെയും ജീവനെയും സൂക്ഷിക്കുകയായിരുന്നു.

തന്റെ സഹ ക്രിസ്ത്യാനികൾ നഗരം വിട്ടുപോകുന്നതു കണ്ട് ഒരു യെഹൂദ ക്രിസ്ത്യാനി അവരോടൊപ്പം പോകുകയും, പിന്നീട് “പിന്തിരിഞ്ഞ് പോയതും” ആകാം. യെഹൂദ മതത്തിലേക്ക് തിരിഞ്ഞുപോയവർ മത്തായി 24 ലെ ക്രിസ്തുവിന്റെ വചനത്തെ തള്ളിക്കളഞ്ഞിരിക്കുകയാണ്. യേശു അവതരിപ്പിച്ച വിശ്വാസ പരീക്ഷണത്തെ അനുസരിക്കാതിരുന്ന വ്യക്തിയിൽ ദൈവത്തിന് പ്രസാദം ഇല്ലായിരുന്നു. മത്തായി 24:13 പറയുന്നു, “അവസാനത്തോളം സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും.” ആ സന്ദർഭം പറയുന്നത് ഒരാളുടെ ജീവിതാവസാനത്തോളം എന്നല്ല; യെരുശലേമിന്റെ അവസാനത്തോളം എന്നാണ്. മത്തായി 24 ൽ യേശു പ്രയോഗിച്ചതിന്റെ സമാന്തരപ്രയോഗമാണ് വാക്യം 39. നഗരം വിട്ട് പെല്ലയിലേക്ക് പോകുന്നത്, ഒരു വിശ്വാസി തന്റെ വിശ്വസ്തത സൂക്ഷിക്കുന്നതും അവസാനത്തോളം സഹിക്കുന്നതുമാണ്, പിൻവരുവാനിരിക്കുന്നത് നിത്യജീവനാണ്. നീതിമാനായ ആൾ തന്റെ ആത്മാവിനെയും ജീവനെയും വിശ്വസ്തമായി അവസാനത്തോളം കാത്തുകൊള്ളണം. “നാശം”എന്നു പറഞ്ഞിരിക്കുന്നതിൽ, അയാളുടെ ജീവൻ നഷ്ടപ്പെടുന്നതും ഉൾപ്പെടുന്നു, തീർച്ചയായും സ്വാതന്ത്ര്യം നഷ്ടമാകുന്നതും അടങ്ങിയിരിക്കുന്നു. യെരുശലേമിന്റെ നാശത്തോടുകൂടി ജീവിതവുമായി അടുത്തിരിക്കുന്ന എല്ലാം നശിപ്പിക്കപ്പെടും. അത്തരം സാഹചര്യത്തിൽ ഒരു ക്രിസ്ത്യാനി എന്തിനാണ് നഗരത്തിൽ തന്നെ കഴിയുന്നത്?

രക്ഷിക്കുന്ന വിശ്വാസത്തിന്റെ മുഖവുരയായി ഈ പാഠത്തെ എടുക്കാം. അദ്ധ്യായം 11 ലേക്ക് നമ്മെ എത്തിക്കുന്ന വിഷയം അതാണ്. വിശ്വാസം എങ്ങനെ രക്ഷക്കായി പ്രവർത്തിക്കുന്നു എന്നു വിശദമാക്കുന്ന വിശ്വാസികളുടെ വലിയ മാതൃക നമുക്ക് അവിടെ കാണുവാൻ കഴിയും.

## കൂടുതൽ പഠനത്തിന്: “അടയാളങ്ങളും” “സമീപിക്കുന്ന നാളും”

നഗരത്തെ നാശത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ മത്തായി 24 ൽ പറയുമ്പോൾ, പല “അടയാളങ്ങൾ” യേശു തന്റെ ശിഷ്യന്മാരോടുള്ള സംഭാഷണത്തിൽ വിശദമാക്കിയിരിക്കുന്നു. നഗരത്തിന്റെ വീഴ്ച്ചയെ സംബന്ധിച്ച് യേശു തന്റെ അപ്പൊസ്തലന്മാരോടുള്ള സംഭാഷണത്തിൽ പല “അടയാളങ്ങൾ” നൽകിയിരുന്നു. വിശ്വസ്തർക്ക് അവ കാണുവാൻ കഴിഞ്ഞു, അതിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ അപ്പൊസ്തലന്മാരിൽനിന്ന് അവർക്ക് ലഭിച്ചിരുന്നു. യേശു മുന്നറിയിച്ച അടയാളങ്ങൾ നിറവേറുന്നത് വിശ്വാസത്താൽ അവർക്ക് കാണുവാൻ കഴിഞ്ഞിരുന്നു. യേശു വിവരിച്ച കാര്യങ്ങളിൽ മിക്കവയും സംഭവിച്ചത് ഏ. ഡി. 66 നും 70 നും ഇടക്കായിരുന്നു, എന്നാൽ ഭൂമികുലുക്കം തുടങ്ങിയ ചില കാര്യങ്ങൾ ആദ്യം, അതായത്, ഏ. ഡി. 50കളിലായിരുന്നു സംഭവിച്ചത് (മത്താ. 24:7). മുന്നറിയിച്ചിരുന്ന അടയാളങ്ങൾ നോക്കി “തിരിച്ചറിവുള്ള സ്ത്രീപുരുഷന്മാർക്ക് കാണത്തക്കവണ്ണമുള്ള

തായിരുന്നു."[79] തന്റെ സ്വന്ത മരണം ആസന്നമായിരിക്കുമ്പോഴും, ക്രിസ്ത്യാനി തന്റെ സഹസഹോദരങ്ങളുമായി ആരാധിക്കുവാൻ കൂടി വരണമായിരുന്നു. (എബ്രാ. 10:25), എന്നാൽ അതല്ല ഈ സന്ദേശത്തിന്റെ പോയിന്റ്.

അസാധാരണമായ ഒരു അടയാളം മത്തായി 24:15, 16 ൽ കാണാം: "എന്നാൽ ദാനിയേൽ പ്രവാചകൻ അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്ത് നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ (വായിക്കുന്നവൻ മനസിലാക്കട്ടെ). അന്ന് യെഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടി പോകട്ടെ." ആ പ്രശ്നം മർക്കൊസ് 13:14 ൽ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു: "എന്നാൽ ശൂന്യമാക്കുന്ന മ്ലേച്ഛത നിൽക്കരുതാത്ത സ്ഥലത്ത് നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ. അന്ന് യെഹൂദ്യദേശത്ത് ഉള്ളവർ മലമുകളിലേക്ക് ഓടി പോകട്ടെ."

എന്താണ് "ശൂന്യമാക്കുന്ന മ്ലേച്ഛത"? ലൂക്കൊസ് അത് കൂറച്ചുകൂടെ വിശദമാക്കുന്നു: "സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കുന്നത് കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ. അന്ന് യെഹൂദ്യയിലുള്ളവർ മലമുകളിലേക്ക് ഓടി പോകട്ടെ. അതിന്റെ നടുവിലുള്ളവർ പുറപ്പെട്ടുപോകട്ടെ. നാട്ടുപുറങ്ങളിലുള്ളവർ അതിൽ കടക്കരുത്" (ലൂക്കൊസ്. 21:20, 21). സൈന്യം യെരുശലേമിനെ വളഞ്ഞത് "കാണുമ്പോൾ" ആർക്കെങ്കിലും നഗരത്തിൽനിന്നു രക്ഷപ്പെടുവാൻ എങ്ങനെ കഴിയും? മറ്റുള്ളവർക്ക് അതിലേക്ക് എങ്ങനെ പ്രവേശിക്കുവാൻ കഴിയും? മത്തായി 24:22 ൽ യേശു ഒരു സൂചന നൽകിയിരിക്കുന്നു: "ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; എന്നാൽ വ്രതന്മാർ നിമിത്തം ആ നാളുകൾ ചുരുങ്ങും." ഇവിടെയാണ് ദൃക്സാക്ഷിയായിരുന്ന ജോസെഫസിന്റെ വിവരണം സഹായകരമാകുന്നത്. യെരുശലേമിന്റെ മൽസരത്തെ അതിജീവിക്കുവാൻ റോമാസൈന്യം ആദ്യം വളഞ്ഞു എങ്കിലും, "ലോകത്തിൽ ഒരു കാരണവുമില്ലാതെ സൈന്യം പട്ടണത്തിൽനിന്ന് പിന്മാറി."[80]

മുപ്പത് വർഷങ്ങൾക്ക് ശേഷമാണ് ജോസെഫസ് ഇത് എഴുതിയതെങ്കിലും. അപ്പോഴും സെസ്റ്റിയസ് തന്റെ സൈന്യത്തെ പിൻവലിച്ചതിന്റെ കാരണം ഒന്നും മുമ്പിലത്തെ പരീശന് കാണുവാൻ കഴിഞ്ഞില്ല, പക്ഷെ ജോസെഫസിന് അറിയാതിരുന്ന ചില കാര്യങ്ങൾ അതിൽ ഉണ്ടായിരുന്നതായി നമുക്ക് അറിയാം: ദൈവം താൻ തിരഞ്ഞെടുത്തവരെ കുറിച്ച് കരുതിയതിനാൽ ആ നാളുകൾ ചുരുങ്ങി. അങ്ങനെ ക്രിസ്ത്യാനികൾക്ക് രക്ഷപ്പെടുവാൻ അവസരം ഒരുങ്ങി. "സഭാ ചരിത്രത്തിന്റെ പിതാവ്" ആയിരുന്ന യുസേബിയസ് പറഞ്ഞത്, "ദൈവികമായ വെളിപ്പാട്"[81] ലഭിച്ചതിനാലായിരുന്നു ക്രിസ്ത്യാനികൾക്ക് മുഴുവനും രക്ഷപ്പെടുവാൻ കഴിഞ്ഞത് എന്നാണ്.

യെരുശലേമിന്റെ വീഴ്ച്ചയുടെ അടയാളങ്ങൾ നൽകിയ ശേഷം, യേശു തന്റെ രണ്ടാം വരവിനെ കുറിച്ചുള്ള ചോദ്യത്തിന് മറുപടി പറഞ്ഞു, "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ, ആരും സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല." (മത്താ. 24:36). ഈ പ്രസ്താവന യെരുശലേമിന്റെ വീഴ്ച്ചയെ കുറിച്ചുള്ളതല്ല, അങ്ങനെ ആയിരുന്നു എങ്കിൽ മുകളിൽ പറഞ്ഞ അടയാളങ്ങൾ വ്യർത്ഥമാകുമായിരുന്നു. "നാൾ സമീപിക്കുന്നു" എന്ന പ്രസ്താവന യെഹൂദ്യയിലെ യെഹൂദന്മാർക്ക് പ്രത്യേകതയുള്ളതായിരുന്നു, ആ പ്രദേശത്തുള്ളവർക്ക് പ്രയോജനപ്പെടേണ്ടതി

നായിരുന്നു ഈ എബ്രായ ലേഖനം എഴുതിയത്. “മൂപ്പന്മാർക്കും സുവിശേഷകന്മാർക്കും” എന്ന് ഫിലിപ്പിയരോട് സംബോധന ചെയ്തതുപോലെയല്ല ഈ ലേഖനം സംബോധന ചെയ്തത് (1:1), ആത്മിയമായി തങ്ങളുടെ മൂപ്പന്മാരെ അനുസരിച്ചിരുന്ന സഭയിലെ ഒരു കൂട്ടം അംഗങ്ങൾക്ക് ആയിരുന്നു (എബ്രാ. 13:17), അങ്ങനെ അവരുടെ ദേഹവും ദേഹിയും സകല കന്മഷവും നീക്കിക്കളഞ്ഞിരുന്നു.

## പ്രായോഗികത

**യഥാർത്ഥത്തിലുള്ളവയുടെ നിഴൽ (10:1)**

ഒരു പാചക പുസ്തകം വായിക്കുന്നതിനേക്കാൾ നല്ലത് പോഷക ഗുണമുള്ള ആഹാരം കഴിക്കുന്നതാണ്. വീട്ടിൽനിന്നും അകലെ പോകുന്ന പുരുഷന് തന്റെ ഭാര്യയുടേയും മക്കളുടേയും ഫോട്ടോ കൊണ്ടുപോകുന്നത് നന്നായിരിക്കും, എന്നാൽ അത് ഭാര്യയോടും മക്കളോടുംകൂടെ ആയിരിക്കുമ്പോൾ ആവശ്യമില്ല. നാം അവരോടൊപ്പം ആയിരിക്കുമ്പോൾ ചിരിയും കണ്ണുനീരും അവരോട് പങ്കു വെക്കുന്നതുപോലെ, ദൂരെ ആയിരിക്കുമ്പോൾ അതിനു കഴിയുകയില്ല. യഥാർത്ഥത്തിലുള്ളത് നാം ആസ്വദിക്കുന്നതുപോലെ അതിന്റെ “നിഴൽ” നമുക്ക് ആസ്വദിക്കുവാൻ സാധ്യമല്ല. ന്യായപ്രമാണമോ സമാഗമന കൂടാരമോ യഥാർത്ഥത്തിലുള്ളമായി വാസ്തവത്തിൽ താരതമ്യം ചെയ്യാവുന്നതല്ല. ഓരോ പ്രാവശ്യവും പാപപരിഹാരത്തിനായി മൃഗയാഗം അർപ്പിക്കുമ്പോഴും പാപിയുടെ ഹൃദയത്തിൽ പാപങ്ങളെ കുറിച്ചുള്ള ഓർമ്മ വർദ്ധിക്കുമായിരുന്നു; യേശുവിന്റെ തികഞ്ഞ യാഗമായിരുന്നു ഹൃദയത്തിൽനിന്നും ആത്മാവിൽ നിന്നും കുറ്റം പൂർണ്ണമായി നീങ്ങുന്നത്.

**ചടങ്ങുകളായിരുന്ന യാഗം**
**ആയിരുന്നില്ല ദൈവം ആഗ്രഹിച്ചത് (10:1)**

മൃഗയാഗം ദൈവം ഒരിക്കലും ആഗ്രഹിച്ചതായിരുന്നില്ല; എബ്രായ ലേഖനത്തിലെ പാഠങ്ങൾ അത് മാത്രമല്ല. ശമുവേലിനെ കാത്തിരുന്നു മടുത്ത ശൗൽ രാജാവ് പോയി–അധികാരമില്ലാതെ–ദൈവത്തിന് യാഗം അർപ്പിച്ചു. അവൻ അങ്ങനെ ചെയ്തത് ആളുകളെ പ്രീതിപ്പെടുത്തുവാനായിരുന്നു. അത് കഴിഞ്ഞ ഉടനെ ശമുവേൽ എത്തുകയും അത് കണ്ട് ശൗൽ രാജാവിനെ ഈ വാക്കുകളാൽ ശാസിക്കുകയും ചെയ്തു: “യഹോവയുടെ കൽപന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവക്ക് പ്രസാദമാകുമോ? ഇതാ അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസിനേക്കാളും നല്ലത്” (1 ശമു. 15:22). ദാവീദ് അതേ സത്യം സങ്കീർത്തനങ്ങൾ 51:16, 17 ൽ പറഞ്ഞിരിക്കുന്നു: “ഹനനയാഗം നീ ഇഛിച്ചില്ല, അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു; ഹോമയാഗത്തിൽ നിനക്ക് പ്രസാദവുമില്ല; ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല”

യാഗത്തേക്കാൾ തകർന്നിരിക്കുന്ന മനസാണ് ദൈവത്തിന് വിലയേറിയത് (ഹോശെ. 6:6; കെജെവി). ഈ പഴയനിയമഭാഗം യേശു ചുരുങ്ങിയത് രണ്ട് പ്രാവശ്യമെങ്കിലും ഉദ്ധരിച്ചിട്ടുണ്ട് (മത്താ. 9:13; 12:7). ന്യായപ്രമാണത്തിൻ കീഴിൽ, യാഗം അർപ്പിച്ചിരുന്നത് ദൈവത്തോടുള്ള സ്നേഹവും കാണിച്ച്,

"ഇങ്ങനെയാണ് ഞാൻ ദൈവത്തെ ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്നത്" എന്ന് വ്യക്തമാക്കുന്നതിനായിരുന്നു. അതുപോലെ ഇന്നത്തെ നമ്മുടെ പുതിയനിയമ ആരാധന വെറും ചടങ്ങ് ആകാതെ, ആത്മാക്കൾ ദൈവത്തിന് സമർപ്പിക്കുന്നതായിരിക്കണം. നമ്മുടെ നമസ്ക്കാരം ഹൃദയത്തിൽനിന്നാണ് വരേണ്ടത് (മത്താ. 15:8, 9; എഫെ. 5:19). നമ്മുടെ ഉപദേശം തെറ്റിയാൽ യേശു പറയുന്നത് നമ്മുടെ ആരാധന വ്യർത്ഥമാണ് എന്നാണ് (മത്താ. 15:9). സത്യോപദേശം പഠിപ്പിക്കാതിരിക്കുന്നത് സൂചിപ്പിക്കുന്നത് അയാളുടെ ഹൃദയം തെറ്റിലാണ് എന്നത്രെ.

അപ്പോഴും, ദൈവത്തിന് യാഗങ്ങളിൽ ഒരു ഉദ്ദേശം ഉണ്ടായിരുന്നു. ആളുകൾ തങ്ങളുടെ പാപങ്ങൾക്ക് ഉത്തരവാദികളാണെന്ന് ബോധ്യമാക്കുവാൻ ദൈവം ആഗ്രഹിച്ചു. പാപത്തിന് പിഴ നൽകേണം എന്നു കാണിക്കുന്നതായിരുന്നു സമ്പത്ത് (കന്നുകാലികളും വിളവും) നൽകുന്നത്. അത്തരം വഴിപാടുകൾ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമായിരുന്നില്ല. പക്ഷെ ദൈവജനത്തിന് പാപപരിഹാരം അനിവാര്യമാണെന്ന് അതു സൂചിപ്പിച്ചു.

**പാപത്തിൽനിന്നു രക്ഷയില്ല (10:1, 3)**

വർഷം തോറും നടത്തി വന്ന മുമ്പിലത്തെ യാഗങ്ങൾ പാപത്തെ നീക്കിയിരുന്നില്ല, അതിനാൽ ആരും "തികവുള്ളവരായില്ല"–അതിനർത്ഥം, ഈ കാര്യത്തിൽ, "മുഴുവനായും പാപത്തിൽനിന്ന് മാറുകയാണ്." യെഹൂദന്മാർ വർഷം തോറുമായിരുന്നു പാപങ്ങളെ ഓർത്തത്, അത് പ്രായശ്ചിത്തനാളിലായിരുന്നു ഊന്നൽ കൊടുത്തത് (വാ. 3). "ഓർമ്മിപ്പിക്കുക" എന്നതിന് ഉപയോഗിച്ച നാമം (*അനാമെസിസ്*) പുതിയ നിയമത്തിൽ, ഇവിടെയും കർത്തൃമേശയുമായുള്ള ബന്ധത്തിലും മാത്രമാണ് ഉള്ളത് (ലൂക്കൊ. 22:19; 1 കൊ. 11:24, 25). യെഹൂദന്മാരുടെ വാർഷിക ദിനം പാപങ്ങളെ ഓർക്കുവാനുള്ളതായിരുന്നു, എന്നാൽ ക്രിസ്ത്യാനികൾ, തങ്ങൾക്ക് പാപമോചനം നൽകുവാൻ രക്തം ചിന്തിയവനെയാണ് ഓർക്കുന്നത് (മത്താ. 26:28). പാപത്തെ പൂർണ്ണമായി നീക്കം ചെയ്തത് യേശു മാത്രമാണ്.

**ആട്ടുകൊറ്റന്മാരുടേയും കാളകളുടേയും രക്തത്തിന് രക്ഷിപ്പാൻ കഴിവില്ല (10:4)**

ക്രിസ്തുവിന്റെ രക്തത്തിന് പകരം ഒന്നുമില്ല. ഒന്നുകിൽ അതു മുഖാന്തരം നാം രക്ഷിക്കപ്പെടും, അല്ലെങ്കിൽ ഇല്ല. അപ്രകാരം നാം രക്ഷിക്കപ്പെട്ടില്ലെങ്കിൽ, ക്രിസ്ത്യാനിത്വം ഒരു ജീവനക്ഷമമായ മതം ആകുവാൻ കഴിയാത്തതാവും. കഴിയുമെങ്കിൽ, അത് മാത്രമാണ് സ്വർഗത്തിലേക്കുള്ള വഴി. ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എങ്കിൽ, മറ്റു മതങ്ങളെല്ലാം വെറുതെയാണ്. ആ സംഭവമാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം; അത് പരാജയപ്പെട്ടാൽ, പ്രാധാന്യമുള്ള മറ്റൊന്ന് ഇല്ല. റേയ്മണ്ട് ബ്രൗൺ താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ പറഞ്ഞിരിക്കുന്നു:

> നമ്മുടെ ലേഖകന്റെ വാക്ക് ഉപയോഗിക്കുകയാണെങ്കിൽ, പാപങ്ങളെ നീക്കുവാൻ ആട്ടുകൊറ്റന്മാരുടേയും കാളകളുടേയും രക്തത്തിന് അസാധ്യമാണ്, മനുഷ്യന് തന്റെ രക്ഷ കരസ്ഥമാക്കുവാൻ ഇസ്ലാമിന്റെ അഞ്ച് തൂണുകൾക്കോ, അല്ലെങ്കിൽ ഹിന്ദുക്കളുടേയോ, ബുദ്ധമതക്കാരുടേയോ,

അല്ലെങ്കിൽ സിക്ക് മതക്കാരുടേയോ സ്വ-രക്ഷാ മാർഗത്തിനോ പാപ ങ്ങളെ മോചിക്കുവാൻ സാധ്യമല്ല.[83]

ക്രിസ്തുവിന്റെ രക്തം ചിലരെ രക്ഷിക്കുകയും മറ്റുള്ളവരെ രക്ഷിക്കാതി രിക്കുകയും ചെയ്യുമെന്ന് പറയുന്നത് യുക്തിരഹിതമാണ്. പാപം നിമിത്തം മനുഷ്യന് രക്ഷ അനിവാര്യമാണ്. അവന്റെ പേർ സൂചിപ്പിക്കുന്നതുപോലെ, യേശു നമ്മുടെ "രക്ഷകൻ" ആണ്. അവൻ തനിക്കായി കാത്തിരിക്കുന്നവരുടെ അന്തിമ രക്ഷക്കായി അവൻ വീണ്ടും വരും (9:28).

**സ്വമനസാലെയുള്ള ഒരു സൈന്യം (10:8-10)**

"നായകൻ" എന്ന വാക്ക് (2:10; കെജെവി) കിങ്ങ് ജെയിംസിന്റെ കാലത്ത് യുദ്ധത്തിലേക്ക് സൈന്യത്തെ നയിക്കുന്ന, മുഖ്യ നായകനെയാണ് ആ വാക്ക് കൊണ്ട് ഉദ്ദേശിച്ചിരുന്നത്. യേശു ആണ് നമ്മുടെ "നായകൻ," (*ആർക്കെഗോസ്*), "[നമ്മുടെ] രക്ഷാനായകൻ." തന്റെ പ്രവൃത്തി തികക്കുവാനായി എല്ലാ കാര്യ ങ്ങളിലും അവൻ തന്റെ "സൈന്യത്തിന്" മാതൃക കാണിച്ചു തന്നിരിക്കുന്നു. സ്വമനസാലെ ചെയ്യുന്ന മാതൃകയാണ് അവൻ ഒരുക്കിയിരിക്കുന്നത്. ഭൂമി യിൽ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ പ്രവൃത്തി ചെയ്യുവാനായി അവൻ സകല മഹത്വവും ആദരവും സ്വർഗിയ ശക്തിയും ഉപേക്ഷിച്ച് വന്നത് സ്വയമായിട്ടായിരുന്നു. രണ്ട് കൊരിന്ത്യർ 8:9 പറയുന്നു, "നമ്മുടെ കർത്താ വായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നി ങ്ങൾ സമ്പന്നർ ആകേണ്ടതിന്ന് നിങ്ങൾ നിമിത്തം ദരിദ്രനായി തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലൊ." അവൻ സ്വയമായി യാഗമായി തീർന്നതിനാൽ, അവന്റെ ആത്മിയ സമ്പത്ത് ഇപ്പോൾ നമ്മുടേത് ആയി.

ക്രിസ്ത്യാനികളിൽനിന്നു സ്വയമായുള്ള സേവനമാണ് പ്രതീക്ഷിക്കുന്നത്. നാം ദൈവത്തെ അനുസരിക്കാതിരിക്കുമ്പോൾ, അത് ദൈവത്തെ അസ്വസ്ഥ മാക്കും, പക്ഷെ ബലാൽക്കാരമായി അവൻ നമ്മെ അനുസരിപ്പിക്കുകയില്ല. വരുന്നവർ ആരായിരുന്നാലും. വെളിപ്പാട് 22:17 പറയുന്നു, "ദാഹിക്കുന്നവൻ വരട്ടെ, ഇഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ." സ്വാർത്ഥലാഭം നോക്കാതെ സുവിശേഷം എത്താത്ത രാജ്യത്തിലേക്കും, മറ്റു അപ്പൊസ്തല ന്മാർ പോകാത്ത സ്ഥലത്തേക്കും പൗലൊസ് സ്വയമായി പോയി പ്രസംഗിച്ചു. സഹോദരന്മാർ അവനെ സാമ്പത്തികമായി സഹായിക്കാതെ വന്നപ്പോൾ, അവൻ സ്വയമായി അദ്ധ്വാനിച്ച് ഉപജീവനം നടത്തി (ഫിലി. 4:10, 11, 16-19). ആവശ്യമുള്ളപ്പോൾ കൈകൊണ്ട് അദ്ധ്വാനിച്ച്, വാങ്ങുന്നതിനേക്കാൾ കൊടു ക്കുന്നതാണ് ഭാഗ്യം എന്ന മാതൃക അവൻ കാണിച്ചു (പ്രവൃ. 20:33-35). ചില പ്പോൾ എവിടെ പോകണമെന്ന് കർത്താവ് നിർദ്ദേശിച്ചു, മറ്റു ചിലപ്പോൾ, അവൻ സ്വയമായി തീരുമാനിച്ചു പോയി (പ്രവൃ. 15:36; 16:6-10). എങ്ങനെ യെങ്കിലും നഷ്ടപ്പെട്ടവരെ രക്ഷിക്കാമോ എന്നായിരുന്നു അവൻ ചിന്തിച്ചത്. ദാവീദിന്റെ ദൈവശ്വാസിയ വാക്കുകൾ ഉദ്ധരിച്ച് പോയി ദൈവത്തെ സേവി ക്കുവാനായിരുന്നു കർത്താവ് പറഞ്ഞത് "ഞാൻ നിന്റെ ഇഷ്ടം ചെയ്യുവാൻ വരുന്നു" (സങ്കീ. 40:6-8).

**പഴയ നിയമത്തോട് യേശു ചെയ്ത് എന്ത് (10:9)**

"നീക്കം ചെയ്യുക" എന്ന ഒറ്റ ഗ്രീക്ക് (*അനായിരെയോ*) വാക്കിന്റെ

അർത്ഥം, "ഇല്ലാതാക്കുക," അല്ലെങ്കിൽ "അക്രമരൂപത്തിലുള്ള കുല." ബേത്ലഹേമിലെ ശിശുക്കളെ കൊല്ലുന്നതായി പറഞ്ഞപ്പോൾ ഉപയോഗിച്ചത് ഇതേ ഗ്രീക്ക് വാക്ക് തന്നെയാണ് (മത്താ. 2:16), യേശുവിനെ കൊല്ലുവാനും (ലൂക്കൊ. 23:32; പ്രവൃ. 10:39), പിന്നെ കർത്താവ് "തന്റെ വായിലെ ശ്വാസത്താൽ" "ഒടുക്കിക്കളയുന്നതിനും" ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (2 തെസ്സ. 2:8).

യേശു ലേവ്യാ പൗരോഹിത്യ വ്യവസ്ഥകളനുസരിച്ച് എല്ലാം യേശു നിറവേറ്റുകയും അതിനു പകരം തന്റെ പുതിയ നിയമം നൽകി എന്ന സത്യം വളരെ വ്യക്തമാക്കപ്പെട്ടിരിക്കുകയാണ് എന്നതിൽ ഒരു സംശയവുമില്ല. ദൈവാലയം പുതുക്കി പണിയുക എന്നു പറഞ്ഞാൽ പഴയനിയമ യാഗങ്ങളിലേക്ക് പോകുക എന്നാണ് അർത്ഥം. ഈ വേദപുസ്തകം മാത്രം വെച്ച് ഒരു വിശ്വാസി എന്തിന് യെരുശലേമിൽ മറ്റൊരു ആലയം പണിയുവാൻ ശ്രമിക്കണം?

**വിശുദ്ധീകരണം എന്താണ് അനുവദിക്കുന്നത് (10:10)**

വിശുദ്ധീകരണം കൂടാതെ ഒരാൾക്ക് ദൈവത്തെ കാണുവാൻ സാധ്യമല്ല (എബ്രാ. 12:14), എന്നാൽ ആഗ്രഹിച്ച വിശുദ്ധീകരണത്താൽ (അല്ലെങ്കിൽ വിശുദ്ധിയാൽ), ഒരാൾക്ക് ദൈവത്തിന്റെ കൃപാസനത്തിലേക്ക് പ്രവേശിക്കുവാൻ കഴിയും. വെറും ചടങ്ങുകളാലുള്ള ശുദ്ധീകരണമാണ് പഴയ നിയമം ആവശ്യപ്പെട്ടത്, പക്ഷെ പുതിയ നിയമത്തിൻകീഴിൽ നമുക്ക് പൂർണ്ണ പാപമോചനത്തോടെ ദൈവത്തെ സേവിക്കുവാനാണ് അവസരം ലഭിക്കുന്നത്. വിശുദ്ധീകരണം പ്രാപിച്ച് അത് നിലനിർത്തുക എന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടേയും ലക്ഷ്യം (2 കൊ. 6:14–7:1).

**പ്രസംഗത്തിനുള്ളിലെ ഒരു പ്രസംഗം (10:1–18)**

മുൻപ് പറഞ്ഞ ചിന്തകളെ പുനരവലോകനം നടത്തി പ്രയോഗങ്ങളെ ആവർത്തിച്ച് അവതരിപ്പിക്കുകയാണ് ലേഖകൻ 10:1–18 ൽ; എന്നാൽ ഇത് ഉപദേശത്തിന്റെ ഭാഗമല്ലേ? മുൻപ് പഠിപ്പിച്ചതിനെ പ്രായോഗികത വരുത്തുന്നതിനു മുൻപ്, വീണ്ടും ചുരുക്കി പറയുന്നത് ഉപകാരപ്രദമാണ്. അതാണ് ലേഖകൻ ഈ വാക്യങ്ങളിൽ ചെയ്തിരിക്കുന്നത്.

ലേഖനത്തിൽ പല പ്രാവശ്യം പ്രബോധിപ്പിക്കുന്നു എങ്കിലും, വാക്യം 18 നുശേഷം പ്രബോധനം തുടരുകയാണ് (2:1–3; 3:12, 13; 5:11–14; 6:11, 12). അവസാനം വൈകാരികമായ യാചനക്ക് സഹായകരമായ പാഠമാണ് ചില അവസരങ്ങളിൽ പ്രബോധങ്ങൾ നൽകുന്നത്. ഒരു പ്രസംഗത്തിന്റെ ഉപസംഹാരം അങ്ങനെയായിരിക്കും! അതാണ് ലേഖകൻ ചെയ്തത്.

**നിൽക്കുകയല്ല ഇരിക്കുകയാണ് (10:11, 12)**

ദൈവികമായ അനുവാദം ഇല്ലാതെ ആർക്കും ദൈവസന്നിധിയിൽ ഇരിക്കുവാൻ അവകാശമില്ല. സമാഗമനകൂടാരത്തിലോ ദൈവാലയത്തിലോ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാർക്ക് ഇരിക്കുവാൻ അനുവാദം ഇല്ലായിരുന്നു; അവർ നിന്നുകൊണ്ടായിരുന്നു എല്ലാ ശുശ്രൂഷയും നടത്തിയിരുന്നത്. എല്ലായ്പോഴും നിന്ന് ശുശൂഷ ചെയ്തത് സൂചിപ്പിക്കുന്നത്, അവരുടെ പ്രവൃത്തികൾ ഒരിക്കലും തീർന്നിരുന്നില്ല എന്നാണ്, അവരുടെ പ്രത്തികളാൽ പാപമോചനവും ലഭിച്ചിരുന്നില്ല എന്ന് അന്തർലീനമാക്കുന്നു. അതിൽനിന്നു വ്യത്യസ്തമായി ക്രിസ്തുവിന് സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ചെന്ന് ഇരിക്കുവാൻ

കഴിഞ്ഞു (1:3; 8:1; 10:11, 12; 12:2). വിശുദ്ധീകരിച്ചവരെ തികവുള്ളവരാക്കുവാൻ അവൻ പ്രാപ്തനായി (വാ. 14); ആ നേട്ടത്തോടുകൂടി, നമ്മെ വീണ്ടെടുക്കുവാൻ ഇനി നിരന്തരമായി പ്രവർത്തിക്കേണ്ട ആവശ്യമില്ല.

**ന്യായവിധി ഇപ്പോഴോ? (10:13)**

ഈ ജീവിതത്തിൽ നമ്മുടെ പാപത്തിന്റെ ഫലമായി ദൈവം നമ്മെ ശിക്ഷിക്കും. അത് നമ്മുടെ ഹൃദയത്തെ മൃദുവാക്കുന്നതിനും ദൈവേഷ്ടത്തിന് നമ്മെ കീഴ്പ്പെടുത്തേണ്ടതിനുമാണ് (12:4-11 നോക്കുക). ഇപ്പോഴത്തെ കഷ്ടതയോ-അല്ലെങ്കിൽ ചില വേദശാസ്ത്രപണ്ഡിതന്മാരെയോ-കേട്ട് അന്തിമ വിധി മറക്കുവാൻ നോക്കരുത്. ക്രിസ്തുവിലായി തീരുന്നവരുടെ പാപങ്ങൾ ക്ഷമിച്ചുകൊടുക്കുന്നതിനാൽ അവക്കുള്ള ശിക്ഷയല്ല ന്യായവിധി. കാരണം ദൈവം ക്ഷമിച്ചതിനെ ദൈവം മറന്നുകളയുന്നു.

ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ, ലോകത്തെ അവൻ കുറ്റം വിധിച്ചു, പക്ഷെ അന്തിമ വിധിക്ക് അതുമായി ബന്ധമില്ല. ക്രിസ്തുവിന്റെ മരണത്താൽ സാത്താനെ വിധിച്ചു കഴിഞ്ഞു (യോഹ. 12:23-32); എങ്കിലും, എന്തുകാരണത്താലായാലും. അവൻ ഇപ്പോഴും ദൈവ ജനത്തെ പരീക്ഷണത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ഒരുപക്ഷെ അവസാനം അവനെ തീപൊയ്കയിലേക്ക് തള്ളിക്കളയുന്നതുവരെ അത് തുടരുവാൻ ദൈവം അനുവദിച്ചേക്കാം (വെളി. 20:10).

**ആത്മാവ് എങ്ങനെ നമ്മോട് സാക്ഷ്യം പറയുന്നു (10:15)**

ദൈവത്തിന്റെ എഴുതപ്പെട്ട വചനം മുഖാന്തരമാണ് ആത്മാവ് "സാക്ഷീകരിക്കുന്നത്" അല്ലെങ്കിൽ "സാക്ഷ്യം പറയുന്നത്" (കെജെവി). അവന്റെ വാഗ്ദാനങ്ങളും വാക്കുകളും ക്രിസ്ത്യാനികളെ ഉറപ്പിക്കുന്നതിനാണ്. ബൈബിളിൽ പരിശുദ്ധാത്മാവിനാൽ എല്ലാ സാക്ഷ്യവും വെളിപ്പെടുത്തിയിട്ടും, ദൈവം ഇന്ന് നേരിട്ട് മനുഷ്യരുമായി ഇടപെടുന്നു എന്ന് അവകാശപ്പെടുന്നത് എത്ര ധിക്കാരമാണ്! ആ അഹങ്കാരത്തിനുള്ള കാരണം ബൈബിളിൽ നാം കാണുന്നില്ല. ഇന്ന് ദൈവത്തിൽനിന്ന് "അടയാളങ്ങൾ" ലഭിക്കേണ്ട ആവശ്യമില്ല. നമ്മുടെ "ജീവനും ഭക്തിക്കും" വേണ്ടുന്നതെല്ലാം തിരുവെഴുത്തിൽ ദൈവം വെളിപ്പെടുത്തിയിട്ടുണ്ട് (2 പത്രൊ. 1:3).

"*പരിശുദ്ധാത്മാവും നമുക്ക് സാക്ഷീകരിക്കുന്നു* എന്ന പ്രയോഗം നേരിട്ടല്ല, മറിച്ചാണ് നമ്മോട് സാക്ഷ്യം പറയുന്നതെന്ന് വേണം നാം മനസിലാക്കുവാൻ."[84] ഒരാൾ ബൈബിൾ വായിക്കുമ്പോൾ, പരിശുദ്ധാത്മാവാണ് അയാളോട് സംസാരിക്കുന്നത്, ഒരിക്കൽ സംസാരിച്ച് എഴുതിയത് ആവർത്തിക്കേണ്ട ആവശ്യമില്ല.

പരിശുദ്ധാത്മാവിന്റെ യഥാർത്ഥ സാക്ഷ്യം ഒരാൾക്ക് കേൾക്കണമെന്നുണ്ടെങ്കിൽ, അയാൾ തന്റെ വഞ്ചിക്കപ്പെടുവാൻ സാധ്യതയുള്ള ഉൾചിന്തയിലേക്കല്ല നോക്കേണ്ടത്, പിന്നെയോ തിരുവെഴുത്തിലെ ആത്മാവിന്റെ വാക്കുളിലാണ്.

പഴയ നിയമം മുഴുവനായാലും, അല്ലെങ്കിൽ ഇവിടെ ഉദ്ധരിച്ച യിരെമ്യാവിന്റെ പ്രവചനമായാലും, ദൈവശ്വാസിയമാണെന്നാണ് എബ്രായ ലേഖകൻ പറയുന്നത്. എബ്രായർ 10:15-17 ൽ ഉദ്ധരിച്ചിരിക്കുന്നത് യിരെമ്യാവ് 31:33, 34 ആണ്. തന്റെ വാക്കുകൾ ദൈവശ്വാസിയമാണെന്നാണ് അപ്പൊസ്തലനാ

യ പൗലൊസ് 1 കൊരിന്ത്യർ 14:37 ൽ പറയുന്നത്. അവന്റെ എഴുത്തുകളും തിരുവെഴുത്ത് ആയിരുന്നു (2 പത്രൊ. 3:16). "എല്ലാ തിരുവെഴുത്തും" ദൈവ ശ്വാസിയമാണ്-പഴയ നിയമവും പുതിയ നിയമവും (2 തിമൊ. 3:16).

**ഇനി പാപങ്ങളെ ഓർക്കുകയില്ല (10:18)**

"പാപത്തിന്റെ അനന്തരഫലങ്ങൾ മൂന്നു വിധത്തിലായിരിക്കും: പാപമോചനം ആവശ്യമുള്ള കടങ്ങൾ, വീണ്ടെടുപ്പ് ആവശ്യമുള്ള അടിമത്വം, നിരപ്പ് ആവശ്യപ്പെടുന്ന അന്യത്വം."[85] പാപം ഭയാനകമാണ്. അത് ദൈവത്തോടും മറ്റുള്ളവരോടും കടപ്പാട് വരുത്തുന്നു. അത് നമ്മെ അടിമത്വത്തിലേക്കും വിധേയത്വത്തിലേക്കും നയിക്കുന്നു, ക്രമേണ അത് ദൈവത്തിൽനിന്നും വേണ്ടപ്പെട്ട എല്ലാവരിൽനിന്നും നമ്മെ വേർപെടുത്തുന്നു. ഈ ജീവിതത്തിൽ നമ്മെ വേർപെടുത്തുന്ന പാപം തുടർന്നുകൊണ്ടിരുന്നാൽ അത് നിത്യതയിലേക്കും കടക്കും.

പഴയ നിയമ യാഗങ്ങൾ പാപങ്ങളെ "ഒരിക്കലും നീക്കം ചെയ്തിരുന്നില്ല" (വാ. 11), എന്നാൽ ഇന്ന് ദൈവം നമ്മുടെ പാപങ്ങൾ ഓർക്കുകയില്ല എന്നു പറഞ്ഞിരിക്കുന്നു. പുരാതനകാലത്ത് രാജസന്നിധിയിൽ സംഭവിക്കുന്നതെല്ലാം കോടതി ജോലിക്കാരൻ രേഖപ്പെടുത്തിയിരുന്നു. "ഓർമ്മിക്കുന്നവൻ" എന്നാണ് അയാളെ വിളിച്ചിരുന്നത്. മുൻപ് രാജാവ് എടുത്ത തീരുമാനങ്ങളെയും പ്രവൃത്തികളെയും ഓർപ്പിക്കേണ്ടത് അയാളായിരുന്നു. നമ്മുടെ ദൈവത്തിന് അത്തരം ഒരു ഭൃത്യൻ ഇല്ല; മറിച്ച് അവന്റെ അടുത്ത് ഇരിക്കുന്നത് (ഒരുപക്ഷെ ആലങ്കാരികമായി) തന്റെ യാഗത്തെയും അവന്റെ ഓരോ പൈതലിനും പാപമോചനം കൊടുത്തതും ഒരുപക്ഷെ ഓർപ്പിക്കുന്നത് അവന്റെ പുത്രൻ മാത്രമായിരിക്കാം.

**വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം (10:22)**

നമ്മുടെ രക്ഷകനോട് നമുക്ക് ഇപ്പോൾ പൂർണ്ണ പ്രാഗത്ഭ്യം ഉണ്ട്. എബ്രായ ലേഖനത്തിലെ എല്ലാ ഉപദേശരൂപവും വിശ്വസിച്ചുകഴിഞ്ഞാൽ, നമുക്ക് തീർച്ചയായും വിശ്വാസത്തിൽ പൂർണ്ണനിശ്ചയം ഉണ്ടാകും. ബൈബിൾ ഉപദേശത്തിന്റെ അടിസ്ഥാനത്തിലല്ല ഒരാളുടെ വിശ്വാസം എങ്കിൽ, അത് അന്ധവിശ്വാസത്തിലും അജ്ഞതയിലും അടിസ്ഥാനപ്പെടുത്തിയതാകും. സ്വതന്ത്രരാകുവാൻ നാം സത്യം അറിയണം (യോഹ. 8:31, 32). ഒരാൾക്ക് ക്രിസ്തുവിനെ അനുസരിക്കുന്നതെങ്ങനെ എന്ന് അറിയുകയില്ലെങ്കിൽ, പിന്നെ എന്തിനാണ് ചെയ്യുന്നത്, പിന്നെ അയാൾക്ക് എങ്ങനെ "വിശ്വാസത്തിൽ പൂർണ്ണ നിശ്ചയം" ഉണ്ടാകും? പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കുവാൻ "ഉപദേശരൂപമാണ്" ഒരാൾ അനുസരിക്കേണ്ടത് (റോമ. 6:17, 18).[86] പ്രാഥമികമായ അനുസരണത്തിനു ശേഷം, തീർച്ചയായും, എബ്രായ ക്രിസ്ത്യാനികളെപോലെ ദൈവവചനം വായിക്കുകയും സന്ദേശം കേൾക്കുകയും ചെയ്യുന്നതിലൂടെ ഒരാൾ വിശ്വാസത്തിൽ വളരണം. എല്ലായ്പോഴും വലിയ വിശ്വാസത്തിന് സാധ്യതയുണ്ട്; എന്നാൽ അത് തിരുവെഴുത്തിൽ വെളിപ്പെടുത്തിയ കാരണത്താലല്ലെങ്കിൽ "പൂർണ്ണ നിശ്ചയം" ലഭിക്കുകയില്ല.

നാം ദൈവത്തോട് "അടുത്ത് ചെല്ലണം." ശരിയായ മനോഭാവത്തിൽ വരുന്നതിന് ഒരാൾക്ക് ആദ്യമായി-"നാട്യം കൂടാതെ" ഉള്ള "ആത്മാർത്ഥ ഹൃദയം" ഉണ്ടായിരിക്കണം. തന്റെ ഹൃദയം നിർമ്മലമായിരുന്നതുകൊണ്ട് പൗലൊസിന്

ജനക്കൂട്ടത്തിന് മുൻപിൽ ധൈര്യത്തോടെ നിൽക്കുവാൻ കഴിഞ്ഞു (പ്രവൃ. 23:1). രണ്ടാമത്, ദൈവത്തോട് അടുത്തു വരുവാൻ വിശ്വാസം ആവശ്യമാണ്. വിശ്വാസം കൂടാതെ ഒരാൾക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല (എബ്രാ. 11:6). മൂന്നാമത്. ദൈവത്തോട് അടുത്തു വരേണ്ടത് "കുറ്റമില്ലാതെ" ആയിരിക്കണം. അതിന് നമ്മെ പ്രാപ്തമാക്കുന്നത് നമ്മുടെ ഹൃദയങ്ങൾ യേശുവിന്റെ രക്തത്തളിയാൽ ശുദ്ധീകരിക്കപ്പെടുന്നതിനാലാണ് (വാ. 22). നാലാമത്, നാം വെള്ളത്തിൽ സ്നാനം ഏൽക്കുമ്പോൾ, അതായത് "കഴുകലിനായി," വിശ്വാസം ആത്മാർത്ഥതയോടെ ഏറ്റു പറയൽ ആവശ്യമാണ് (പ്രവൃ. 22:16; 1 കൊ. 6:11; എഫെ. 5:26; തിത്തൊ. 3:5).

**ശരീരം കഴുകപ്പെടുന്നു (10:22)**

പഴയ നിയമത്തിൽ, ജഡികശുദ്ധി വരുത്തുവാൻ വെള്ളം ഉപയോഗിച്ചിരുന്നു; പുതിയ നിയമത്തിൽ, ആത്മാക്കളെ പാപത്തിൽനിന്നു വിശുദ്ധീകരിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നു (പ്രവൃ. 22:16; 1 പത്രൊ. 3:20, 21). ഇവിടെ പറഞ്ഞിരിക്കുന്നത് "വെള്ളം" ആണെന്ന് എല്ലാ വ്യാഖ്യാതാക്കളും സമ്മതിക്കും. ഒരാൾ സ്നാനത്തിനായി കീഴ്പ്പെടുമ്പോൾ, അയാളുടെ ശരീരം പൂർണ്ണമായി ക്രിസ്തുവിന്നു കീഴ്പ്പെടുത്തുകയാണ്. തന്നെ സ്നാനപ്പെടുത്തുവാൻ മറ്റൊരാളെ അനുവദിക്കുമ്പോൾ, അയാൾ സ്വയമായി ക്രിസ്തുവിനെ അനുസരിക്കുവാൻ മനസ് കാണിക്കുകയാണ്. ആലങ്കാരിക പ്രവൃത്തിയേക്കാളധികം ഉൾപ്പെടുന്നതാണ് സ്നാനം: വിശ്വാസത്താൽ നാം ക്രിസ്തുവിനോട് ചേരുന്ന സമയമാണ് അത് (റോമ. 6:3, 4). നാം "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ അയോറിസ്റ്റ് കാലം പൂർത്തിയാക്കിയ പ്രവൃത്തിയെ കാണിക്കുന്നു ദൈവത്തിന്റെ മക്കൾ ആകുന്നു" (ഗലാ. 3:26, 27).

പഴയനിയമ ശുദ്ധീകരണം പോലെയുള്ളതാണ് പുതിയ നിയമ സ്നാനം എന്നു പറയുന്നവരോട്, അല്ല എന്ന് പ്രത്യേകമായി പത്രൊസ് പറയുന്നു (1 പത്രൊ. 3:21). നോഹയും കുടുംബവും "വെള്ളത്താൽ രക്ഷ പ്രാപിച്ചു" എന്നാണ് അവിടെ പറയുന്നത് (3:20; കെജെവി). അതേ രീതിയിലാണ് നമുക്കും രക്ഷ വെച്ചിരിക്കുന്നത്. നോഹയുടേയും കുടുംബത്തിന്റേയും സ്നാനത്തെ "ലൈക് ഫിഗർ" അല്ലെങ്കിൽ "ആന്റി ടൈപ്പ്" (*ആന്റിടുപോസ്*) എന്നു പറയാം എൻഏഎസ്ബി ഇതിനെ കൂറെ കുടെ മൃദുലമാക്കി വ്യാഖ്യാനിച്ചിരിക്കുന്നത് "വെള്ളത്തിൽകൂടെ അവരെ സുരക്ഷിതമായി എത്തിച്ചു" എന്നാണ് (3:20). എങ്ങനെയായാലും, വാക്യം 21 പറയുന്നത് ഇങ്ങനെയാണ്: "അത് സ്നാനത്തിന് ഒരു മുൻകുറി-സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോട് നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രെ-യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നമ്മെയും രക്ഷിക്കുന്നു" 1 പത്രൊസ് 3:21 നെ കുറിച്ച് ഒരാൾ എന്തു വിശ്വാസിച്ചാലും, അവിടെ പറയുന്നത്, "അത് നമ്മെ രക്ഷിക്കുന്നു" എന്നാണ്. അത് ലഭിക്കുന്നത് ക്രിസ്തുവിന്റെ പുനരുത്ഥാനത്താലാണ്. നോഹയുടെ രക്ഷയുടെ "രീതിയിലാണ്" "അലങ്കാരം," അല്ലാതെ സ്നാനം എന്ന പ്രവൃത്തിയാലുള്ള രക്ഷയുടെ "അലങ്കാരമല്ല.

ഇവിടെ പറയുന്ന വെള്ളത്തെ ചിലർ "*വെള്ളം*" ആയി കണക്കാക്കുന്നില്ല. അത് പരിശുദ്ധാത്മാവിനെ ആലങ്കാരികമായി പറയുന്നതാണെന്നാണ് അവരുടെ വാദം. അയാളുടെ കാലയളവിലെ അറിയപ്പെടുന്ന ഉപദേഷ്ടാവും ഫ്രീഡ്-ഹാർഡ്മാൻ യൂണിവേഴ്സിറ്റിയുടെ പ്രസിഡന്റുമായിരുന്ന എൻ.

ബി. ഹാർഡ്മാൻ, ദൈവം അർത്ഥമാക്കിയത് അതല്ല എന്നു പറയുന്നതിന്റെ മണ്ടത്തരത്തെ എടുത്ത് കാണിച്ച് പറഞ്ഞു, "യോഹന്നാൻ 3:5 ൽ യേശു പറഞ്ഞ 'വെള്ളം' വെള്ളമായി നിങ്ങൾ കാണുന്നില്ല അല്ലേ?" സഹോദരൻ ഹാർഡ്മാൻ നേരമ്പോക്കായി പറഞ്ഞു, "ഞാൻ വിചാരിക്കുന്നത് അത് മോര് ആണെന്നാണ്, കർത്താവ് 'വെള്ളം' എന്നു പറഞ്ഞത് വെള്ളം അല്ലെങ്കിൽ, പിന്നെ എനിക്ക് ഇഷ്ടമുള്ള എന്തും അതിന് പകരമായി കാണാൻ കഴിയും, എനിക്ക് ഇഷ്ടം മോര് ആണ്."

**ആത്മിക സ്നേഹം വർദ്ധിപ്പിക്കുവിൻ (10:24)**

10:24 ൽ പറയുന്ന "സ്നേഹം" *അഗാപെ* സ്നേഹം ആണ്, അത് എബ്രായ ലേഖനത്തിൽ ഇവിടെയും 6:10 ലുമാണ് കാണുന്നത്.[87] സഹോദരപ്രീതിയും സ്നേഹവും വർദ്ധിപ്പിക്കുക എന്നതാണ് നാം കൂടി വരുന്നതിന്റെ ഒരു ഉദ്ദേശം (1 പത്രൊ. 2:17). കൊരിന്ത്യസഭയിലേക്ക് പകയും വിദ്വേഷവും കൈപ്പും കടന്നു വന്നപ്പോൾ അവരുടെ "സ്നേഹവിരുന്ന്" അവസാനിപ്പിക്കുവാൻ പറഞ്ഞു, കാരണം അത് "വെറുപ്പ് വിരുന്ന്" ആയി മാറിയിരുന്നു (1 കൊ. 11:17–22). അവൻ അവരോട് കൂടി വരവ് അവസാനിപ്പിക്കുവാനല്ല പറഞ്ഞത്, പിന്നെയോ അവരുടെ കർത്തൃമേശ വിശ്വസ്തമായി ആചരിക്കുവാനാണ് (1 കൊ. 11:23–32). ആ ആചാരത്തിന്റെ വില ജ്വലിപ്പിക്കുകയും സ്നേഹം വർദ്ധിപ്പിക്കുകയും വേണം കാരണം നമ്മുടെ രക്ഷകൻ പിതാവിനോട് വിശ്വസ്തത കാണിച്ചതിനെ നാം അനാസ്ഥയാലും അനുസരണക്കേടിനാലും ലജ്ജിപ്പിക്കരുത്. ആ സംഭവം നാം ഓരോ കർത്തൃദിവസവും കൂടി വരുമ്പോൾ, എല്ലാറ്റിലും ഉപരിയായി ക്രൂശിനോട് അടുക്കുവാൻ പ്രേരിപ്പിക്കുന്നു. ദൈവത്തിന്റെ രീതി നമ്മിൽ സൽപ്രവൃത്തികൾക്ക് ഉൽസാഹം വർദ്ധിപിക്കുകയാണ്. അത് കൂടാതെ നമുക്ക് ദൈവത്തെ ഉൽസാഹത്തോടെ സേവിപ്പാൻ സാധ്യമല്ല.

ശാസിച്ചോ അല്ലെങ്കിൽ തെറ്റുചൂണ്ടി കാണിച്ചുകൊണ്ടോ നമുക്ക് മറ്റുള്ള സഹോദരങ്ങളെ ഫലപ്രദമായി പ്രേരിപ്പിക്കുവാൻ കഴിയുകയില്ല. നമ്മുടെ ആത്മാർത്ഥതയിൽ, ആരുടേയും ധൈര്യം ചോർന്നു പോകുന്ന വിധത്തിൽ എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യരുത്. പകരം മറ്റുള്ളവർക്ക് ധൈര്യം പകരുന്ന വാക്കുകളും പ്രവർത്തികളുമാണ് നമ്മിൽനിന്നും ഉണ്ടാകേണ്ടത്. അത് ദൈവത്തിലും നമ്മിലും നാം സൂക്ഷിക്കണം. നിരന്തരമായി ദൈവത്തെ ആരാധിക്കാതെ അത് സാധ്യമല്ല (10:25). അന്യോന്യം പ്രബോധിപ്പിക്കുന്നത് ഉപേക്ഷിച്ചാൽ മോശമായ സ്വാധീനമായിരിക്കും ഉണ്ടാകുക എന്ന് എബ്രായ ലേഖകൻ മുൻപ് തന്റെ വായനക്കാരെ ബോധിപ്പിച്ചു (3:13).

**കൂടിവന്ന് ആരാധിക്കുമ്പോഴത്തെ കൂട്ടായ്മ (10:25)**

യെരുശലേമിലെ സഭയെ പോലെ ക്രിസ്ത്യാനികൾ കൂട്ടായ്മയുടെ ഭാഗമാണെന്ന് വാക്യം 25 ൽ അന്തർലീനമാക്കുന്നു (പ്രവൃ. 2:42). *കൊയ്നോണിയ* തർജ്ജമ ചെയ്തതാണ് "കൂട്ടായ്മ," അർത്ഥം "പങ്കാളിത്വം" അല്ലെങ്കിൽ "മറ്റുള്ളവരുമായി പൊതുവായി പങ്കു ചേരുക." എബ്രായ വായനക്കാരെ 10:19 ൽ സംബോധന ചെയ്തത് "സഹോദരന്മാർ" എന്നാണ്. എത്ര മനോഹര ചിന്തയാണ് അതിൽ അടങ്ങിയിരിക്കുന്നത്-ഒരു കുടുംബത്തിന്റെ ഭാഗമാകുക-ഒരു അപ്പന്റെ കീഴിൽ സഹോദരീസഹോദരന്മാരായി ജീവിക്കുക. ബ്രിട്ടന്റെ യുദ്ധ വിജയ രഹസ്യം എന്തായിരുന്നു എന്ന് ചോദിച്ചതിന് അവരുടെ

സൈന്യാധിപൻ പറഞ്ഞ മറുപടി, "ഒരുകൂട്ടം സഹോദരന്മാരോട് കൽപിക്കുവാനുള്ള അവസരം എനിക്ക് ലഭിച്ചതായിരുന്നു." സഭയുടേയും വിജയത്തിന്റെ രഹസ്യം മറ്റൊന്നല്ല.

ക്രിസ്ത്യാനികൾക്ക് സഹോദരന്മാരുമായി കൂട്ടായ്മ ഉണ്ടാകണം. പ്രാർത്ഥിക്കുന്നതിനും ആത്മികവർദ്ധനവിനും നമുക്ക് പ്രോൽസാഹനം വേണം. അത് കൂടിവരുന്നതിൽകൂടെയാണ് ലഭിക്കുന്നത്. ആരാധനക്കായി പോകുവാൻ നാം ഉൽസാഹിക്കണം-അതിൽ പങ്കെടുത്ത് എനിക്ക് എന്ത് ലഭിക്കുമെന്നതിനേക്കാൾ, മറ്റുള്ളവരെ വിശ്വസ്തരായി നിലനിർത്തുവാൻ നമുക്ക് എന്തു സംഭാവന ചെയ്യുവാൻ കഴിയും എന്നും നാം ചിന്തിക്കണം.

പിടികൊടുക്കാത്ത വിഭാഗം പറയുന്നത്, "ഞങ്ങൾക്ക് യേശുവിനെ വേണം, എന്നാൽ ഞങ്ങൾക്ക് സഭ വേണ്ട." എബ്രായ ലേഖനം എഴുതിയ സമയത്ത് പോലും ചിലർ പറഞ്ഞത്, "സഭയിലേക്ക് പോകുന്നത് വലിയ പ്രയോജനമില്ല, അവിടെ കുഴപ്പമാണുള്ളത്, എപ്പോഴും നിരാശജനകമായ ചിലത് സംഭവിക്കുന്നു. അതുകൊണ്ട് യേശുവിൽ വിശ്വസിക്കുന്ന മറ്റുള്ളവരുമായി ചേർന്ന് ആരാധിക്കുവാൻ ഞങ്ങൾ പോകുന്നില്ല."

കർത്താവ് സഭയെ രൂപപ്പെടുത്തിയത് *എക്ലേസിയ* ആയിട്ടാണ്-ആ വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത് വാസ്തവത്തിലുള്ള "സഭായോഗം" എന്നാണ്. "ചർച്ച്" എന്ന വാക്ക് *എക്ലേസിയ*യിൽനിന്നു വന്നതല്ല, അത് ജെർമ്മനും മദ്ധ്യ ഇംഗ്ലീഷ് വാക്കുമായ *കിർച്ചെ* യിൽനിന്ന് സ്കോട്ടിഷ് *കിർക്ക്* എന്ന വാക്ക് വികസിച്ചാണ് ഇംഗ്ലീഷിൽ "ചർച്ച്" എന്ന വാക്ക് ഉണ്ടായത്. എങ്ങനെയായാലും, ചർച്ച് എന്ന വാക്ക് കുരിയോകോസ് എന്ന വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു, അർത്ഥം "കർത്താവിനുള്ളത്," അല്ലെങ്കിൽ "കർത്താവിന്റെ." *കുരിയാകോസ്* ("കർത്താവിന്റെ") എന്ന വാക്ക് പുതിയ നിയമത്തിൽ രണ്ട് പ്രാവശ്യം മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്, 1 *കൊരിന്ത്യർ* 11:20 ൽ ("കർത്താവിന്റെ മേശ") എന്നതിനും വെളിപ്പാട് 1:10 ൽ ("കർത്താവിന്റെ ദിവസം") എന്നതിനുമാണ്. *എക്ലേസിയ* കർത്താവിനുള്ളത് ആണ്. (മത്തായി 16:18 ൽ യേശു പറഞ്ഞു, "ഞാൻ എന്റെ സഭയെ പണിയും.") വാസ്തവത്തിൽ "കർത്താവിനുള്ള സഭ " ആകുവാൻ നാം കൂട്ടായ്മക്കായി കൂടിവന്ന് ആരാധിക്കണം.

അവൻ തിരഞ്ഞെടുത്ത ജനവുമായി കൂട്ടായ്മ വിശ്വസ്തമായി നിലനിർത്താതെ നമുക്ക് ക്രിസ്തുവിനോട് വിശ്വസ്തത പുലർത്തുവാൻ സാധ്യമല്ല-വിശുദ്ധന്മാരുമായി അഥവാ അവന്റെ ശരീരത്തിലെ വിശുദ്ധീകരിക്കപ്പെട്ടവരുമായി നമുക്ക് സജീവമായ കൂട്ടായ് ഉണ്ടായിരിക്കണം (എഫെ. 5:25-27).

**എന്തുകൊണ്ട് ചിലർ സഭായോഗം ഉപേക്ഷിക്കുന്നു (10:25)**

ക്രിസ്ത്യാനികളിൽ ചിലർ ഒന്നാം നൂറ്റാണ്ടിൽ, എന്തുകൊണ്ട് സഭായോഗം ഉപേക്ഷിച്ചു എന്ന് പറഞ്ഞിട്ടില്ല. അവരുടെ കാരണം ഒരുപക്ഷെ ഇരുപത്തി-ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളിൽ ചിലർ അനാസ്ഥ മൂലം സഭായോഗം മുടക്കുന്നതുപോലെയുള്ളതാകാം. ചിലർ ക്രിസ്ത്യാനികൾ ആയി അറിയപ്പെടുവാൻ ആഗ്രഹിക്കുന്നില്ലായിരിക്കാം, കാരണം തങ്ങൾ ക്രിസ്തുവിന്റെ സഭയായി അംഗീകരിക്കപ്പെടുന്നതിൽ ലജ്ജിക്കുന്നു. ക്രിസ്ത്യാനികൾക്ക് നിത്യമായി വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങളേക്കാൾ, വേറെ ചിലർ ലോകത്തിലും അതിന്റെ ഭ്രമത്തിലും രസിക്കുന്നവരാണ്. നിരന്തരമായി സഹ-ക്രിസ്ത്യാനികളുമായി ആരാധിക്കാതെ തന്നെ ക്രിസ്തുവിനോട് വിശ്വ

സ്തത പുലർത്തി ജീവിക്കാമെന്ന് മറ്റു ചിലർ കരുതുന്നു. എബ്രായർ 10:25 പറയുന്നത് അത് തെറ്റാണെന്നാണ്, അത് വിശ്വാസ ത്യാഗത്തിലേക്ക് നയിക്കുമെന്ന് 10:26 പറയുന്നു. ആ സഹോദരങ്ങൾ സാഹസത്തിലാണെന്ന് നാം അവരെ ബോധ്യപ്പെടുത്തണം. എബ്രായ ലേഖനം നിരന്തരമായി പ്രബോധിപ്പിക്കുന്നത് "പ്രത്യാശയുടെ ധൈര്യവും പ്രശംസയും അവസാനത്തോളം നാം മുറുകെ പിടിച്ചുകൊള്ളേണം" എന്നാണ് (3:6). 10:23 ലും അതേ ചിന്തയാണ് നൽകുന്നത്: "ഇളകാതെ നമ്മുടെ പ്രത്യാശയുടെ സ്വീകാരം " മുറുകെ പിടിച്ചുകൊൾക, "സഭായോഗം ഉപേക്ഷയായി വിചാരിക്കരുത്" എന്നതാണ് ലേഖകൻ ആമുഖത്തിൽ നൽകുന്ന പ്രബോധനം (10:25). ക്രിസ്തുവിനോടുള്ള വിശ്വസ്തതയുടെ ഭാഗമാണ് ഈ പ്രോൽസാഹനവും (10:23). അവൻ പിതാവിനോട് വിശ്വസ്തനായിരുന്നതുപോലെ-നാമും അവനോട് വിശ്വസ്തരായിരിക്കണ്ടേ?

**സഭയുടെ/രാജ്യത്തിന്റെ യഥാർത്ഥ സ്വഭാവം (10:25)**

ദൈവത്തിന്റേയും ക്രിസ്തുവിന്റേയും രാജ്യമാണ് സഭ (എഫെ. 3:5). നാമെല്ലാം ക്രിസ്തുവിനുള്ളവർ ആണെങ്കിൽ, അവന്റെ രാജ്യത്തിലെ "പ്രജകൾ" ആയിരിക്കും. നാം ലോകത്തിന്റെ വഴി ഉപേക്ഷിച്ചാൽ, ദൈവത്തിന്റെ സഭായോഗത്തിലെ ഭാഗമാകുന്നു (*എക്ലേസിയ*) അഥവാ സഭയുടെ ഭാഗമാകുന്നു. രാജ്യം ഏതുപോലെയിരിക്കും-അല്ലെങ്കിൽ അത് എങ്ങനെയായിരിക്കണം കാണപ്പെടുക? അമേരിക്കയിലെ ന്യുയോർക്കിലെ കുറ്റവാളികൾ-നിറഞ്ഞ ബ്രോൺസ് എന്ന സ്ഥലത്ത് പട്ടിണിക്കിരയായ പന്ത്രണ്ട് വയസ്-പ്രായമുള്ള ഒരു കുട്ടിയുടെ സംഭവം ജോനാഥൻ കോസോൾ തന്റെ പുസ്തകമായ അമേസിങ്ങ് ഗ്രെയിസിൽ വിവരിക്കുകയുണ്ടായി. ആ കുട്ടിക്ക് ചുറ്റുപാടും നടന്ന മോഷണം, അക്രമം. കുലപാതകം എന്നിവയെ കുറിച്ച് അറിയാമായിരുന്നു. എന്നാൽ അവൻ അവയെ കുറിച്ചല്ല സംസാരിച്ചിരുന്നത്, "ദൈവരാജ്യത്തെ കുറിച്ചായിരുന്നു." എങ്ങനെയായാലും അവൻ പ്രാദേശിക സഭയുടെ കരുണ അനുഭവിച്ച് അറിഞ്ഞിരുന്നു. അവന്റെ പേർ ആന്റണി എന്നായിരുന്നു. ദൈവരാജ്യം എന്നതിനെ നിർവ്വചിക്കാമോ എന്ന് കോസോൾ അവനോട് ചോദിച്ചു. ആദ്യം നിരസിച്ചു എങ്കിലും, പിന്നീട് അവൻ വളരെ വിശദമായി മൂന്ന് പേജിൽ ദൈവരാജ്യത്തെ കുറിച്ച് എഴുതി. അതിലെ ഒരു ഭാഗം ഇങ്ങനെ വായിക്കുന്നു.

> സ്വർഗത്തിൽ അക്രമം ഒന്നുമില്ല. തോക്കുകളോ മയക്കുമരുന്നുകളോ അവിടെ ഇല്ല ... അവിടെ നിങ്ങൾ നികുതി കൊടുക്കേണ്ട ആവശ്യമില്ല. ബാല്യത്തിൽ മരിച്ച കുട്ടികളെയെല്ലാം അവിടെ തിരിച്ചറിയുവാൻ കഴിയും. യേശു അവരോട് നന്നായി പെരുമാറുകയും അവരോടൊത്ത് കളിക്കുകയും ചെയ്യും. രാത്രിയിൽ അവൻ നിങ്ങളുടെ വീട്ടിലെ സന്ദർശകനായിരിക്കും.[88]

സഭയ്ക്ക് ഇന്നും നൽകുവാൻ കഴിയുന്ന മനോഹരമായ വിവരണമാണ് അത്. "സ്വർഗത്തിന്റെ പൂമുഖം" വാസ്തവത്തിൽ നൽകുന്നത് സമാധാനമാണ്. ഭൂമിയിലെ സ്വർഗരാജ്യത്തിലായിരിക്കുന്ന നാം ഇപ്പോൾ സ്വർഗത്തിലെ ആശ്വാസത്തിന്റെ ഒരംശം എങ്കിലും അറിഞ്ഞിരിക്കണം.

"ദൈവത്തിന്റെ ഭവനം" [വീട്] ആയി തീരുവാൻ, നാം വിശ്വാസത്താൽ ജലസ്നാനം എന്ന കവാടത്തിൽകൂടെ കടന്ന് ക്രിസ്തുവിനോടും സഹോദ

രങ്ങളോടും കൂട്ടായ്മ ആചരിച്ച് ക്രിസ്തുവിനോട് സമർപ്പിക്കപ്പെട്ട സ്ത്രീപുരുഷന്മാരാകണം (വാ. 22; ഗലാ. 3:26, 27). രക്ഷക്കുള്ള അവന്റെ നിബന്ധനകൾ അനുസരിക്കാതെ നമുക്ക് അവന്റെ ഭവനത്തിലെ അംഗങ്ങൾ ആകുവാൻ സാധ്യമല്ല. ഒരേ രീതിയിൽ നാം പ്രവേശിക്കാതെ നമുക്ക് എങ്ങനെ "കൂട്ടായ്മയിലാണ്" എന്നു പറയുവാൻ കഴിയും? ക്രിസ്തുവിന്റെ ശരീരത്തിലേക്ക് പ്രവേശിക്കുവാനുള്ള മാർഗമാണ് സ്നാനം (1 കൊ. 12:13).[89] ആ ശരീരത്തിൽ മാത്രമാണ് നമുക്ക് "വിശ്വാസത്തിൽ പൂർണ്ണ നിശ്ചയം ഉള്ളത്" (10:22). നാം കുലുങ്ങാതെ "പ്രത്യാശയുടെ സ്വീകാരം ധൈര്യത്തോടെ മുറുകെ പിടിക്കണം" (10:23). പ്രത്യാശയാൽ നാം രക്ഷിക്കപ്പെടുകയും (റോമർ. 8:23-25) "നിത്യജീവന്റെ പ്രത്യാശയിൽ" തന്നെ ആയിരിക്കുകയും വേണം (തീത്തൊ. 1:2). നമ്മുടെ വിശ്വാസത്തിന് പ്രത്യാശ എന്ന അടിസ്ഥാനമുണ്ട്.

സ്നേഹത്തിനും സൽപ്രവൃത്തിക്കുമായി നാം ഓരോരുത്തരേയും മുൻപിലേക്ക് തള്ളിവിടുന്നത് സഭായോഗത്തിൽ നാം കൂടി വരുമ്പോഴാണ് (10:24); അത് മറ്റൊരുവിധത്തിലും നമുക്ക് ചെയ്യുവാൻ കഴിയുകയില്ല. ആത്മിയമായി സ്നേഹത്തിലും സൽപ്രവൃത്തിയിലും "ഉണർത്തുവാൻ" കഴിവുള്ളവർ മുഖാമുഖമായി ഉത്തേജിപ്പിക്കുന്നതിനു പകരമാകുകയില്ല, ഈ-മെയിൽ സന്ദേശമോ ഫോൺ വിളിയോ ("പ്രബോധിപ്പിക്കുക"; കെജെവി).

**നാൾ സമീപിക്കുന്നു (10:25)**

വാക്യം 25 ലെ "നാൾ" സമീപിക്കുന്നു എന്നു പറയുന്നത് കർത്താവ് മടങ്ങി വരുന്ന നാൾ/അല്ലെങ്കിൽ ന്യായവിധി നാൾ ആണെന്ന് ചിലർ കരുതുന്നു. കർത്താവ് മടങ്ങി വരുന്ന സമയം നമുക്ക് അറിയില്ല. അത് ഒരുപക്ഷെ നമ്മുടെ കാലത്ത് സംഭവിക്കാം അല്ലെങ്കിൽ അധിക കാലം കഴിയുന്നതിന് മുൻപ് സംഭവിച്ചേക്കാം.

"ആനന്ദാഭിഷേകം" 1988 കഴിയുന്നതിന് മുമ്പ് സംഭവിക്കുമെന്നതിന്റെ *എൺപത്തി-എട്ട് കാരണങ്ങൾ എന്ന പുസ്തകം* 1988 ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അത് വായിച്ച് വിശ്വസിച്ചവർ, അങ്ങനെ സംഭവിക്കാതിരുന്നപ്പോൾ, എന്ത് സംഭവിച്ചു? അതു പ്രസിദ്ധീകരിച്ച ഉപദേഷ്ടാവിനെ നിങ്ങൾ എപ്പോഴെങ്കിലും സംശയിച്ചിട്ടുണ്ടോ, അല്ലെങ്കിൽ ലോകാവസാനത്തിന്റെ "അടയാളങ്ങളെ" ബോധ്യപ്പെടുത്തുന്ന പണ്ഡിതന്മാരെ, അതുമല്ലെങ്കിൽ തിരുവെഴുത്തിൽ പറയാത്ത ലോകാവസാന ലക്ഷണങ്ങളെ ചൂണ്ടിക്കാണിക്കുന്നവരെ നിങ്ങൾ സംശയത്തോടെ നോക്കിയിട്ടുണ്ടോ? അത്തരം ഉപദേഷ്ടാക്കന്മാരെ നിങ്ങൾ വീണ്ടും വിശ്വസിക്കുമോ? ചില വ്യാഖ്യാതാക്കൾ അറിയപ്പെടുവാനിടയാകും എന്നതൊഴിച്ചാൽ, തെറ്റ് ഒന്നിനും ഉപകരിക്കുകയില്ല.

കർത്താവ് 1988 ൽ വന്നില്ല-അല്ലെങ്കിൽ മറ്റുള്ളവർ പ്രവചിച്ചതുപോലെ 2000 ത്തിലും വന്നില്ല. ലോകാവസാനത്തെ കുറിച്ചോ അല്ലെങ്കിൽ കർത്താവിന്റെ രണ്ടാം വരവിനെ സംബന്ധിച്ചോ ഉള്ള ബൈബിളിലെ പ്രസ്താവനകളെ വ്യാഖ്യാനിക്കുന്നവരുടെ മുന്നറിയിപ്പുകൾ തെറ്റിപ്പോകയും, ആളുകളുടെ വിശ്വാസത്തെ നിരാശപ്പെടുത്തുകയും ചെയ്യും. അത്തരം പ്രഖ്യാപനങ്ങളെല്ലാം "നന്മ വരേണ്ടതിന്ന് തിന്മ ചെയ്യുക" എന്നു പറയുന്നതുപോലെ മാത്രമെ ആകയുള്ളു (റോമ. 3:8).[90]

നാം ഇപ്പോൾ "അന്ത്യകാലത്താണ്" എന്ന കാരണം പറഞ്ഞ്, എല്ലാ തലമുറയിലും 10:25 ന്റെ നിറവേറലാണ് 2 തിമൊ. 3:1-5 എന്നത് തെറ്റായ വ്യാഖ്യാ

നമാണ്. ഒരു ബൈബിളും പഠിപ്പിക്കാത്ത വീക്ഷണമാണ് അത്. "സമയങ്ങളെ" കുറിച്ചോ അല്ലെങ്കിൽ നിലവിലുള്ള ചില നിബന്ധനകളെ കുറിച്ചോ പൗലൊസ് പറഞ്ഞിട്ടുണ്ട്. പൗലൊസ് എഴുതിയ സമയത്ത് ഉണ്ടായിരുന്ന ആളുകളെ കുറിച്ചാണ് 2 തിമൊഥെയൊസ് 3 ൽ പൗലൊസ് വിവരിച്ചിരിക്കുന്നത്, അതുകൊണ്ട് "അത്തരം ആളുകളെ ഒഴിച്ചു നിർത്തുവാനായിരുന്നു" പൗലൊസ് തിമൊഥെയൊസിനോട് നിർദ്ദേശിച്ചത് (3:5). അവർ ഇരുപത്തി-ഒന്നാം നൂറ്റാണ്ട് വരെ വന്നില്ലെങ്കിൽ അവന് എങ്ങനെ അവരെ ഒഴിച്ചുനിർത്തുവാൻ കഴിയും? അപ്പോൾ അവിടെ പറയുന്ന ദുഷ്ട മനുഷ്യർ ക്രിസ്തു മടങ്ങിവരുന്നതിന് ഏതാനും നാളുകൾക്ക് മുൻപ് മാത്രം വരുന്നവരല്ല, മറിച്ച് എല്ലാ തലമുറയിലും അത്തരം ആളുകൾ നമുക്ക് ചുറ്റും ഉണ്ടായിരിക്കും. എപ്പോഴാണ് അവർ ഇല്ലാതിരിക്കുന്നത്? ചിലർ "മോശമായവയിൽനിന്ന് ഏറ്റവും മോശമായ അവസ്ഥയിലേക്ക് നീങ്ങും." പലപ്പോഴും നാം കാണുന്നത് "ആളുകളുടെ സ്നേഹം ... തണുത്തു പോകുന്നതായിട്ടാണ്" (മത്താ. 24:12). എന്നിരുന്നാലും, നാം ശ്രദ്ധിക്കണം കാരണം വേദഭാഗം തെറ്റായി വ്യാഖ്യാനിക്കുന്നത് അപകടകരമാണ്.

നാം നിരീക്ഷിച്ചതുപോലെ, 10:25 ലെ "നാൾ" എന്നത് ഏ. ഡി. 70 ലെ യെരുശലേം വീഴുന്ന ദിവസമാണ്. ആ സംഭവം നടക്കുന്നതിനു മുമ്പുള്ള അടയാളങ്ങൾ യേശു സൂചനയായി നൽകിയിരുന്നു (മത്താ. 24; മർ. 13; ലൂക്കൊ. 21). ആ ദിവസം എന്തു വരുന്നതു കാണും എന്നാണ് പറഞ്ഞത്? (1) അത് ഒരാളുടെ മരണത്തെയല്ല പറയുന്നത്, കാരണം എല്ലാവരും ആ ദിവസം വരുന്നത് കാണുകയില്ല. (2) അത് ന്യായവിധി ദിവസം ആയിരിക്കുകയില്ല, കാരണം അത് എപ്പോഴായിരിക്കുമെന്ന് ആർക്കും അറിയുകയില്ല. (3) അത് കർത്താവിന്റെ നാളും ആയിരിക്കുകയില്ല, കാരണം ആ നാൾ "സമീപിക്കുന്നതു" വരെ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സഭായോഗം നിരന്തരമായി കൂടി വന്നിരുന്നു. (4) ആ സമയം എന്നു പറയുന്നത് റോമാ സൈന്യം യെരുശലേമിനെ നശിപ്പിക്കുന്നതിനായി, വളയുന്നതാകുവാനാണ് ഏറ്റവും കൂടുതൽ സാധ്യത. യേശു പറഞ്ഞ അടയാളങ്ങൾ അനുസരിച്ച് ക്രിസ്ത്യാനികൾക്ക് ആ നാൾ വരുമ്പോൾ തിരിച്ചറിയുവാൻ കഴിഞ്ഞിരുന്നു. യെഹൂദ്യയെ ബാബേൽ നശിപ്പിക്കുന്നതിനെ കുറിച്ച് ഹബക്കൂക്ക് 2:3, 4 ൽ പ്രവചിച്ചത് എബ്രായ ലേഖകൻ ഉദ്ധരിച്ചിരിക്കുന്നു. റോം യെരുശലേമിനെ മറിച്ചിടുന്നതുമായുള്ള ബന്ധത്തിൽ ലേഖകൻ ആ വാക്കുകൾ പ്രായോഗികമാക്കുകയാവാം ചെയ്തത്.[91]

**നമ്മുടെ ദൈവം, പ്രതികാരമുള്ള ദൈവമാണ് (10:26–31)**

വിശ്വാസത്യാഗത്തിന്റെ ഭയങ്കരമായ അനന്തരഫലത്തെയാണ് 10:26–31 പറയുന്നത്. സഭായോഗത്തിൽ നിരന്തരമായി സംബന്ധിച്ച് ദൈവത്തെ ആരാധിക്കുന്നതിൽ വിശ്വസ്തതയും, ശുഷ്ക്കാന്തിയും കാണിക്കണമെന്ന് പറഞ്ഞ ശേഷം ഉടനെയാണ് ഈ ശിക്ഷയെ കുറിച്ച് പറയുന്നത്. ക്രിസ്തീയ സഭായോഗം ഒരാൾ ഉപേക്ഷയായി വിചാരിച്ച് വിശ്വസ്തരായവരിൽനിന്നും അകന്നുപോയാൽ, അയാൾ പാപത്തിലകപ്പെടും. ആ വ്യക്തി നേരിടേണ്ടി വരുന്ന ശിക്ഷ വിവരിക്കുവാൻ പ്രയാസമാണ്. അത് "കഠിനമേറിയ ശിക്ഷ" ആയിരിക്കും (10:29), അത് പഴയ നിയമത്തിൽ ആളുകൾ അനുഭവിച്ചതിൽനിന്നും വളരെ മോശമായിരിക്കും. ആളുകളുടെ നേതൃത്വത്തോട് മൽസരിച്ച കോരഹിനേയും കൂടുംബത്തേയും ഭൂമി പിളർന്ന് വിഴുങ്ങി കളഞ്ഞതിനേക്കാൾ ഇത്എ കഠിനമായിരിക്കും (സംഖ്യാ. 16:1–35). പഴയനിയമത്തിൻ

കീഴിലെ ഉസാ നിയമ പെട്ടകം പിടിച്ചതിന് ലഭിച്ച ശിക്ഷയെക്കാൾ കഠിനമായിരിക്കും (2 ശമു. 6:1-7). അത് സോദോമിനേയും ഗൊമോറയേയും ലോത്തിന്റെ ഭാര്യയേയും ശിക്ഷിച്ചതിനേക്കാൾ കഠിനമേറിയ ശിക്ഷയായിരിക്കും (ഉല്. 19).

അതുകൊണ്ട്, "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം" എന്ന് ലേഖകൻ പറഞ്ഞതിൽ അതിശയിക്കുവാനില്ല (10:31); "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്" (12:29). അവൻ വിവരിച്ചതുപോലെ തന്നെ അവൻ പ്രതികാരം വീട്ടും (2 തെസ്സ. 1:8-10). ഈ ഉപദേശമെല്ലാം ഒരാൾ ശരിക്ക് മനസിലാക്കിയിട്ടും വിശ്വാസത്തിൽനിന്നും അകന്നു പോയാൽ, പിന്നെ ദൈവ ദൃഷ്ടിയിൽ അയാൾ ഏറ്റവും മ്ലേഛതയുള്ളവനും ശിക്ഷക്ക് അർഹനുമായിരിക്കും.

സാഹസികമായി, വടം ഉപയോഗിച്ച് മല കയറുന്ന ഒരാളെ സങ്കൽപിക്കുക. അയാൾ പർവ്വത ശിഖരത്തിനടുത്ത് എത്തിയപ്പോഴേക്കും, ഇനി തനിക്ക് ഒട്ടും കയറുവാൻ സാധ്യമല്ല എന്ന് തോന്നി വടം വിട്ടുകളഞ്ഞാലുള്ള സ്ഥിതി ആലോചിക്കുക. അത്തരത്തിലുള്ള അനുഭവമായിരിക്കും വിശ്വാസ ത്യാഗത്തിലായ ക്രിസ്ത്യാനികൾക്ക് സംഭവിക്കുന്നത്! എബ്രായ ലേഖകൻ പറയുന്നത്, "ഇപ്പോൾ നിങ്ങൾ വിശ്വാസം ത്യജിച്ചാൽ, നിങ്ങൾക്ക് ഒരിക്കലും രക്ഷയില്ല!"[92]

വിശ്വാസ ത്യാഗി താൻ മുറുകെ പിടിച്ച നിത്യജീവൻ നഷ്ടപ്പെടുത്തുകയും, എന്നേക്കും നഷ്ടപ്പെടുകയും ചെയ്യും. അത്തരം അവസ്ഥയിൽ തന്നെ ജീവിക്കുന്ന മനുഷ്യൻ രക്ഷക്കുള്ള അവസരം നഷ്ടപ്പെടുത്തുകയാണ് കാരണം മറ്റൊരു മാർഗം അവശേഷിക്കുന്നില്ല.

**ഭയങ്കരമായ ഒരു പ്രതീക്ഷ (10:27)**

ന്യായവിധി ദിവസത്തെ കുറിച്ച് പല കാര്യങ്ങൾ പൗലൊസിന് അറിയാമായിരുന്നു. ഭയങ്കരമായ അനന്തരഫലം നിമിത്തമായിരുന്നു പൗലൊസ് "ആളുകളെ സമ്മതിപ്പിച്ചത്" (2 കൊ. 5:10, 11). അതുകൊണ്ട് ആളുകൾ തങ്ങളുടെ പാപത്തിൽനിന്നു മാനസാന്തരപ്പെടുവാനായി, പൗലൊസ് ന്യായവിധിയെ കുറിച്ചും ഭീതിജനകമായ നരകത്തെ കുറിച്ചും, ചോദ്യം ചെയ്യാനാവാത്ത വിധത്തിൽ ബോധ്യമാക്കി. അവൻ അതു തന്നെയാണ് ഫേലിക്സിനോടും പറഞ്ഞത് (പ്രവൃ. 24:25), അത് ആ നാടുവാഴിയെ "ഭയപ്പെടുത്തി." അനീതിയിൽ ജീവിക്കുന്നവരെ നിത്യനാശം മുന്നറിയിക്കേണ്ടതാണ്.

"നിത്യപാപത്തിന്" പാപമോചനമില്ല എന്ന് ബോധ്യമാക്കുന്നതാണ് ന്യായവിധിക്കായുള്ള പാപം (മർ. 3:28, 29). ആ പാപം നിത്യമെന്ന് പറയുവാൻ കാരണം ആ വ്യക്തി മാനസാന്തരപ്പെട്ടു തിരിയാതിരിക്കത്തക്കവണ്ണം അയാളുടെ ഹൃദയം കഠിനപ്പെട്ടുപോയിരിക്കുകയാണ്. അയാൾക്ക് ആ അവസ്ഥയിൽ നരകത്തിലേക്കല്ലാതെ മറ്റെങ്ങും പോകുവാൻ കഴിയുകയില്ല. "വിശ്വാസ വ്യവസ്ഥയാണ്" അയാൾ നഷ്ടമാക്കിയത്, അതിനാൽ മനസാക്ഷിയിൽ ചൂടു വെച്ച് കഠിനമേറിയ ശിക്ഷക്കു അയാൾ പാത്രമാകും.

**ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴൽ (10:31)**

ജീവനുള്ള ദൈവത്തെ അനുസരിക്കാതിരുന്നാൽ സംഭവിക്കുവാനുള്ളത് ഓർപ്പിച്ച് ലേഖകൻ തന്റെ വായനക്കാരെ ഭയപ്പെടുത്തുകയായിരുന്നു. നരകത്തെ കുറിച്ചുള്ള പ്രസംഗങ്ങൾ ഇക്കാലത്ത് സുലഭമല്ല. നരകത്തിൽനിന്നു വിട്ടു നിൽക്കുവാൻ ആളുകളെ ഭയപ്പെടുത്തുക എന്നത് ബാലിശമാണെന്നാണ് ആളുകൾ കരുതുന്നത്. നരകം ഉണ്ടോ എന്ന കാര്യത്തിൽ പലർക്കും സംശയ

മാണ്. സ്വർഗത്തിലേക്ക് പോകുവാൻ ആളുകളെ ഉത്തേജിപ്പിക്കുന്നതുപോലെ അവർ നരകത്തിൽ പോകാതിരിക്കുവാനും അവരെ നിരുൽസാഹപ്പെടുത്തണം. ആളുകളുടെ ജീവിതം തലതിരിഞ്ഞുപോയാൽ-അറിയേണ്ടത് അറിയാതിരുന്നാൽ-നാശം എന്താണെന്ന് അവരെ ബോധ്യമാക്കണം.

പുതിയ നിയമത്തിൽ ഭയപ്പെടുത്തുന്ന വാക്കുകളാലാണ് യാതനാസ്ഥലത്തെയും നരകത്തെയും വിവരിച്ചിരിക്കുന്നത്. യേശു അതിനെ കുറിച്ച് പല പ്രാവശ്യം പറഞ്ഞിരിക്കുന്നു (മത്താ. 5:22; 10:28; മർ. 9:47, 48). ക്രിസ്തുവിനെ പ്രസംഗിക്കുക എന്നു പറഞ്ഞാൽ അവന്റെ സന്ദേശം മുഴുവൻ പ്രസംഗിക്കുക എന്നാണ് അർത്ഥം-നമുക്ക് ആകർഷണിയമായവ മാത്രം എടുത്താൽ നാം ആ സന്ദേശത്തെ ചുരുക്കുകയാവും ചെയ്യുന്നത്.

**കഷ്ടത ഏൽക്കുന്ന വിശുദ്ധന്മാരോടുകൂടെ (10:32–34)**

കഷ്ടതയിലും, അപഹാരത്തിലും, സഹവിശുദ്ധന്മാരുമായി തടവിലും ആയി, എബ്രായ ക്രിസ്ത്യാനികൾ വാസ്തവത്തിൽ പ്രാദേശിക സഭയുമായി ചേർന്ന് തിരിച്ചറിഞ്ഞിരുന്നു. യേശുവിനെ കർത്താവായി നമസ്ക്കരിച്ചതു നിമിത്തമായിരുന്നില്ല അവർ ഉപദ്രവിക്കപ്പെട്ടത്; മറിച്ച് അവരുടെ സഹ ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെട്ടപ്പോൾ അവരെ സഹായിക്കുവാനായി പോയി അവരുടെ കഷ്ടതയിൽ പങ്ക് ചേർന്നു. പൗലൊസ് ഒഴിച്ച് മറ്റേതെങ്കിലും ക്രിസ്ത്യാനി പുതിയ സ്ഥലത്തു ചെന്ന് അവിടെ പ്രവർത്തിച്ച "സഭയോടുകൂടെ അറിയപ്പെട്ടതായി" നമ്മോട് പറഞ്ഞിട്ടില്ല (പ്രവൃ9:26–28), എന്നാൽ, പലരും അങ്ങനെ ചെയ്തതായി നമുക്ക് ഊഹിക്കാം. മറ്റു ക്രിസ്ത്യാനികൾ പോയി കഷ്ടത അനുഭവിക്കുന്ന സമയത്ത് അതിൽനിന്ന് മാറി വീട്ടിൽ തന്നെ കഴിയുമ്പോഴാണ് കൂട്ടായ്മയുടെ പ്രാധാന്യം മനസിലാകുന്നത്. ഒരാൾക്ക് പ്രാദേശിക സഭയുമായി ചേരുമ്പോഴാണ് ആ കൂട്ടായ്മ ലഭിക്കുന്നത്.

**സന്തോഷത്തോടെ യേശുവിനെ സ്വീകരിക്കൽ (10:34)**

കവർച്ചയാലോ, തീയാലോ, ജലപ്രളയത്താലോ സ്വത്ത് നഷ്ടമാകുന്നത് ഉൾക്കൊള്ളുവാൻ പ്രയാസമാണ്. നഷ്ടപ്പെട്ടത് നികത്തുവാൻ ചിലർക്ക് ഒരിക്കലും സാധ്യമല്ല, എന്നാൽ ക്രിസ്ത്യാനികൾക്ക് അതിനു കഴിയും. കാരണം അവർ എല്ലായ്പോഴും ശ്രേഷ്ഠമായതിനായി നോക്കുന്നു, തങ്ങൾക്ക് ഒരു "പുരോഗമന ഭവനം" ഉണ്ട് എന്നും (2 കൊ. 5:1) ഈ ലോകത്തില ല്ലഅവരുടെ പൗരത്വം എന്നും അവർക്കറിയാം (ഫിലി. 3:20). താൽക്കാലികമായവയുമായി നിത്യവും, ആത്മികവുമായ വിലയുള്ള കാര്യങ്ങളെ പരിഗണിക്കുമ്പോൾ, നമുക്ക് ജയിക്കുവാനായി ഒരു പോരാട്ടം ഉള്ളതായി കാണാം (2 കൊ. 4:16–18). ആ ആദ്യ വിശുദ്ധന്മാരെ പോലെ നമ്മുടെ നഷ്ടങ്ങളെല്ലാം നമുക്ക് സന്തോഷത്തോടെ സഹിക്കാം. അവർ ദിവസവും, "എന്തെല്ലാം കുഴപ്പമാണ് ഞങ്ങൾക്ക് നേരിടുന്നത്, ഞങ്ങളുടേതെല്ലാം ഞങ്ങൾക്ക് നഷ്ടമായി" എന്ന് അവർ കരഞ്ഞു പറഞ്ഞില്ല. അവർക്ക് സ്വർഗത്തിൽ നിക്ഷേപം ഉണ്ടെന്ന് അവർക്ക് അറിയാമായിരുന്നു (മത്താ. 6:19, 20). "ലോകത്തിന് എടുത്തുകളയുവാൻ കഴിയാത്ത നിക്ഷേപമാണ് ഞങ്ങൾക്ക് ഉള്ളത്" എന്ന് അവർ പറഞ്ഞിരിക്കണം. പുരാതനമായ ഈ ഗീതത്തിൽ ആ ചിന്ത പ്രകടിപ്പിച്ചിരിക്കുന്നു:

വസ്തുക്കളും സാമഗ്രികളും പോകട്ടെ.

ഈ മർത്യജീവിതവും കൂടെ പോകട്ടെ;
ശരീരത്തെ അവർ കൊന്നേക്കാം,
അപ്പോഴും ദൈവത്തിന്റെ സത്യം നിലനിൽക്കും;
അവന്റെ രാജ്യം എന്നേക്കും ഉള്ളത്.[93]

കുടുംബത്തിൽ, തർക്കവും, സാമ്പത്തിക മാന്ദ്യം, സഭയിലെ പ്രശ്നം എന്നിവ നേരിടുമ്പോൾ നാം എല്ലാം നിയന്ത്രിക്കുന്ന ദൈവത്തോട് നിലവിളിക്കും. അവൻ "തന്നെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മക്കായി കൂടെ വ്യാപരിക്കും" (റോമർ. 8:28). എബ്രായ ക്രിസ്ത്യാനികൾ സഹിച്ചത് വളരെ വലിയ കഷ്ടതയായിരുന്നു (10:32). അവർ ചെയ്തത് ഓർമ്മിച്ചാൽ, അവരെ പോലെ നമുക്ക് സകലവും സഹിക്കുവാനും വിശ്വസ്തമായി ജീവിക്കുവാനും കഴിയും. ഭൂമിയിൽ നേരിടുന്ന ഏതൊരു നഷ്ടവും നമുക്ക് സന്തോഷത്തോടെ സ്വീകരിപ്പാൻ കഴിയും.

**സുവിശേഷകന്റെ പ്രവൃത്തി (10:32, 33)**

കർത്താവ് പൗലൊസിനോട് പറഞ്ഞത്, "[ജാതികളുടെ] കണ്ണ് തുറപ്പാനും അവരെ ഇരുളിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്ന് ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു" (പ്രവൃ. 26:18). ആളുകളെ അവരുടെ പാപങ്ങളിൽനിന്നുള്ള നാശം ഒഴിവാക്കുവാൻ അവർ ക്രിസ്തുവിന്റെ അടുക്കലേക്ക് വരണം. അവർ ഇരുട്ടിലായതിനാൽ, സത്യത്താൽ അവരെ പ്രചോദിപ്പിച്ച്, അവരുടെ തരംതാഴ്ത്തിയ അവസ്ഥയിൽ നിന്നു മാറി രക്ഷകന്നു കീഴ്പ്പെടണം. പൗലൊസ് പ്രസംഗിച്ചതുപോലെ പ്രസംഗിച്ച് അവരുടെ കണ്ണുതുറക്കുവാൻ അവരിലേക്ക് വെളിച്ചം എത്തിക്കണം. ആളുകൾക്ക് വേണ്ടി ആത്മാവ് അതു ചെയ്യുമെന്ന് തിരുവെഴുത്ത് പഠിപ്പിക്കുന്നില്ല. സാത്താൻ ആളുകളുടെ കണ്ണുകൾ കുരുടാക്കി വെച്ചിരിക്കുന്നു എന്ന കാര്യം പലർക്കും അറിയില്ല; അവരുടെ മനസ് കുരുടായിരിക്കുകയാൽ, അവർക്ക് ശരിയായി ചിന്തിക്കുവാൻ കഴിയുന്നില്ല.

രണ്ട് കാര്യങ്ങൾ ചെയ്ത് നമുക്ക് ലോകത്തുള്ള ആളുകളുടെ കണ്ണു തുറക്കുവാൻ കഴിയും: (1) അവരോട് യേശുവിന്റെ സുവിശേഷം തുറന്നു പ്രഖ്യാപിക്കയും (2) അപ്രകാരം ജീവിക്കയും വേണം. വിവാഹത്തെ സംബന്ധിച്ച ആഭ്യന്തര നിയമം ആളുകളിൽ അടിച്ചേൽപ്പിക്കുന്നത് പ്രയോജനം ചെയ്യുകയില്ല. ക്രിസ്തീയ തത്വങ്ങൾ ലോകരാജ്യങ്ങളിലെ ഭരണാധികാരികൾ ആളുകളെ ക്രിസ്തീയ തത്വങ്ങൾ അടിച്ചേൽപ്പിക്കുന്നത് നാം പ്രതീക്ഷിക്കുന്നില്ല. പൗലൊസിനെ പോലെ നാം ക്രിസ്തുവിനെ കുറിച്ച ആളുകളെ പഠിപ്പിക്കുകയും അവന്റെ ഉപദേശം കേട്ട് ആളുകൾ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് വരണം.

---

കുറിപ്പുകൾ

[1]നീൽ ആർ. ലൈറ്റ്ഫുട്ട്, ജീസസ് ക്രൈസ്റ്റ് ടുഡെ: ഏ കമെന്ററി *ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡസ്. മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്. 1976), 183. ആത്മിയ യാഗമായ സ്തുതിയും പുകഴ്ച്ചയും ശുശ്രൂഷയും 13:15, 16 ൽ പറഞ്ഞിരിക്കുന്നു. [2]"ഫോർ" എന്ന വാക്ക് എൻഐവി ൽ ഒഴിവാക്കിയിരിക്കുന്നു. [3]നീൽ ആർ.ലൈറ്റ്ഫുട്ട്, *എവരിവൺസ് ഗൈഡ് ടു ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്,

മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 2002), 128. [4]ഫിലിപ് എഡ്ഗ്കുമ്പെ ഹൂഗ്സ്, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 389. [5]ജിമ്മി അലെൻ, *സർവെ ഓഫ് ഹീബ്രൂസ്*, 2ഡ് എഡി. (സിയേഴ്സി, ആർക്ക്.: ബൈ ദ ആദർ, 1984), 107. [6]കെന്നെത്ത് സാമുവേൽ വൂവെസ്റ്റ്, *ഹീബ്രൂസ് ഇൻ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ* (ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1951), 172. [7]ജിം ഗർഡ്ധുഡ് ആന്റ് പീറ്റർ വെർക്രൂസെ, *ഹീബ്രൂസ്*, ദ കോളേജ് പ്രസ് എൻഐവി കമെന്ററി (ജോപ്ലിൻ. മോ.: കോളേജ് പ്രസ് പബ്ലിഷിങ് കമ്പനി.,1997), 309. [8]ഡൊണാൾഡ് ഗത്രി, *ദ ലെറ്റർ ടു ദ ഹീബ്രൂസ്, ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി,* ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983), 201. [9]ഇത് യഥാർത്ഥത്തിൽ ഇവിടെ പറയുന്ന "ആരാധകർ" (10:2) സാധാരണ ആളുകളാണോ അതോ പുരോഹിതന്മാരാണോ എന്ന ചോദ്യം ഉയർന്നിട്ടുണ്ട്. പ്രാഥമികമായി ആദ്യ വായനക്കാർ പുരോഹിതന്മാർ ആയിരുന്നു എങ്കിൽ, ഇത് അവരുടെ ആരാധനാ പ്രവൃത്തികളിലെ ബലഹീനതകളെ കാണിക്കുന്നു. [10]തോമസ് ജി. ലോങ്, *ഹീബ്രൂസ്,* ഇൻട്രൊഡക്ഷൻ (ലൂയിസ്വില്ലെ: ജോൺ നോക്സ് പ്രസ്, 1997), 101.

[11]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ്*, 184. [12]ഹൂഗ്സ്, 393. [13]എച്ച്എൽ. എലിസൺ, ദ സെൻട്രാലിറ്റി ഓഫ് *ദ മെസെയാനിക് ഐഡിയ ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ്* (ലണ്ടൻ: തിയോളജിക്കൽ സ്റ്റുഡൻസ് ഫെലോഷിപ്, 1953), 19. [14]ലോങ്, 103. [15]ഗർഡ്ധുഡ് ആന്റ് വെർക്രൂസെ, 310. [16]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡെ*, 185. ഇത് സങ്കീർത്തനക്കാരൻ സങ്കീർത്തനത്തിൽ ദൈവത്തോട് സംസാരിക്കുമ്പോൾ ഉപയോഗിച്ചിരിക്കുന്നു എങ്കിലും, ഈ വേദഭാഗം ഉപയോഗിച്ചിരുന്നത് സ്വീകാര്യമായിരുന്നു. [17]ഗർഡ്ധുഡ് ആന്റ് വെർക്രൂസെ, 311. [18]എഫ്.എഫ്.ബ്രൂസ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്. മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 232. [19]റോബർട്ട് മില്ലിഗൺ, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്*. ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (സിൻസിനാറ്റി: ചെയിസ് ആന്റ് ഹാൾ, 1876; റീപ്രിന്റ്, നാഷ്വില്ലേ: ഗോസ്പൽ അഡ്വൊക്കേറ്റ് കമ്പനി.,1975), 344–45. [20]ലേഖകൻ LXX ലെ എയിടെസാസ് മാറ്റി, സങ്കീർത്തനങ്ങൾ 40:6 ൽ ("നീ ചോദിച്ചു") എയിഡോകെസാസ് എന്നാക്കി.എബ്രായർ 10:6 ൽ "നിനക്ക് പ്രസാദവുമില്ല") അത് ദൈവേഷ്ടത്തെ അല്ലെങ്കിൽ ഉദ്ദേശത്തെയാണ് കാണിക്കുന്നത് (ജെറാൾഡ് എഫ്. ഹാവ്ത്രോൺ, "ഹീബ്രൂസ്," ഇൻ ദ ന്യു ഇന്റർനാഷ്ണൽ ബൈബിൾ കമെന്ററി, എഡി. എഫ്. എഫ്.ബ്രൂസ്, എച്ച്. ഐ. എലിസൺ ആന്റ് ജി.സി. ഡി. ഹോലേ ധഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണർവാൻ പബ്ലിഷിങ് ഹൗസ്, 1986പ, 1524.)

[21]ഇതിനർത്ഥം ദൈവം യാഗങ്ങൾ കൽപിച്ചിട്ടില്ല എന്നല്ല. [22]ഗാരേത്ത് എൽ. റീസ്, *ഏ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ടു ദ ഹീബ്രൂസ്* (മോബേർലി, മോ.: സ്ക്രിപ്ച്ചർ എക്സ്പൊസിഷൻ ബുക്സ്, 1992), 170. [23]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡെ*, 185. എൻ.3. [24]ഗത്രി, 205. [25]ഇബിഡ്. ഉദാഹരണത്തിന്. ശിശുവായിരുന്ന യേശുവിനെ ഹെരോദാവ് രാജാവ് കൊല്ലുവാൻ ശ്രമിച്ചപ്പോൾ ഉപയോഗിച്ച വാക്ക് *അനയിരെയോ* ആയിരുന്നു (മത്താ. 2:16). ശക്തമായ വാക്ക് "നശിപ്പിക്കുക" എന്നതും ന്യായീകരിക്കാവുന്നതാണ് (ഗർഡ്ധുഡ് ആന്റ് വെർക്രൂസെ, 312.) [26]റീസ്, 171. [27]ഈ ഗ്രീക്ക് വാക്ക് 7:27 ലും 9:12 ലും കാണാം. [28]ഇതിനർത്ഥം വിശുദ്ധീകരണം സംഭവിക്കുന്നത് വിശ്വാസത്താലും സ്നാനത്താലുമാണ് എന്നത്രെ. അപ്പോഴാണ് ഒരാൾ "രക്ഷിക്കപ്പെടുന്നത്."–എല്ലാ കാലത്തേക്കുമല്ല.

അതുവരെ ചെയ്ത പാപങ്ങളിൽനിന്നാണ് രക്ഷിക്കുന്നത് (മർ. 16:15, 16). [29]അതുപോലെ എബ്രായർ 10:14 സൂചിപ്പിക്കുന്നത് പുരോഗതിയുള്ള വിശുദ്ധീകരണമാണ്. എൻഐവിയിൽ "വിശുദ്ധരാക്കി തീർത്തു" എന്നാണ്. [30]"ഒരിക്കൽ എന്നേക്കുമായി" എന്നതിന് ഊന്നൽ കൊടുക്കുന്ന പ്രയോഗമാണ്, *എഫാപാക്സ്*. പഴയ നിയമ മഹാപുരോഹിതനിൽനിന്നു വ്യത്യസ്തമാണ് യേശുവിന്റെ പ്രവൃത്തി. അവർ വാർഷികമായി യാഗങ്ങൾ അർപ്പിച്ചിരുന്നു, അറിവുള്ള എബ്രായ ക്രിസ്ത്യാനികൾ ആ വ്യത്യാസത്തെ ചോദ്യം ചെയ്തിരുന്നു (മോസെസ് സ്റ്റുവർട്ട്, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* [ലണ്ടൻ: വില്യം ടെഗ്ഗ് & കമ്പനി., 1856], 459-60.)

[31]റീസ്, 167, എൻ.1. [32]ബ്രൂസ്, 239. [33]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡെ,* 187. [34]ഇത് ഒരു പ്രെസന്റ് പാർട്ടിസിപ്പിൾ ആണ്, അതുകൊണ്ട് അത് തുടർപ്രവൃത്തിയാണ്. ഈ വാക്യത്തിൽ "പൂർത്തിയാക്കി" എന്നും "വിശുദ്ധീകരിക്കപ്പെട്ടവർ" എന്നും പറഞ്ഞിരിക്കുന്നത് രണ്ട് കാലത്തിലാണ്. ആദ്യത്തെ പ്രയോഗം പൂർത്തീകരിച്ചു എന്നു സൂചിപ്പിക്കുന്നത് "ഭൂതകാലത്ത് പൂർത്തിയാക്കിയ പ്രവൃത്തിയുടെ അനന്തരഫലം തുടരുന്നു എന്നാണ്." രണ്ടാമത്തേത്, "അപ്പോഴ[ത്തെ] കാലയളവിലേതാണ്." പുരോഗതിയുള്ള പ്രവൃത്തി പൂർത്തിയാക്കാതാണ് ... -[അത്] വ്യക്തമാക്കുന്നത് വിശ്വാസിയുടെ രക്ഷ നേടിയ വസ്തുതയാണ്, നടന്നുകൊണ്ടിരിക്കുന്ന സംഭവമാണ്, ഭാവിയിലേക്കുള്ള വാഗ്ദാനവുമാണ് (ഗർഡുവുഡ് ആന്റ് വെർക്രൂസെ, 315). [35]സ്റ്റുവർട്ട്, 461. [36]ഹൂഗ്സ്, 403. [37]ലോങ്, 104. [38]ഈ തലവാചകം ബ്രൂസ്. 243 ൽ കൊടുത്തിരിക്കുന്നു. [39]ഇത് എടുത്തിരിക്കുന്നത് ഗർഡ്വുഡ് വെർക്രൂസെ, 277 ൽനിന്ന്. [40]പോൾ എലിങ്ങ്വർത്ത് ആന്റ് യൂജീൻ ആൽബെർട്ട് നിഡാ, *ഏ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യൂയോർക്ക്: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1983), 228.

[41]ഗത്രി, 211. [42]തോന്നലുകൾ വിശ്വാസത്തിലേക്ക് നയിക്കണം, അല്ലാതെ തിരിച്ച് ആകരുത്. [43]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡെ*, 188. [44]ഹൂഗ്സ്, 407. 45ജെയിംസ് ടി.ഡ്രാപ്പർ, ജൂനിയർ., ഹീബ്രൂസ്, ദ ലൈഫ് ദാറ്റ് പ്ലീസസ് ഗോഡ് (വീറ്റൺ. Ill.: ടിൻഡേൽ ഹൗസ് പബ്ലിഷേഴ്സ്, 1976), 269–70. [46]ആജ്ഞാരൂപത്തിലുള്ള പ്രസ്താവനക്ക് ഊന്നൽ നൽകുന്നതാണ് ഇവിടത്തെ ഗ്രീക്ക് ഗ്രാമർ (ഗർഡ്വുഡ് ആന്റ് വെർക്രൂസെ, 319.) [47]ഹൂഗ്സ്, 405. [48]റീസ്, 177. [49]ബ്രൂസ്, 250–51. മോസെസ് സ്റ്റുവർട്ട് പറഞ്ഞു, "ക്രിസ്തീയ സ്നാനത്തിനായി ആദ്യം വെള്ളം ഉപയോഗിക്കുന്നതിനെ കുറിച്ചാണ് ഇവിടെ സ്പഷ്ടമായും പറയുന്നത് എന്നാണ് എനിക്കു തോന്നുന്നത്." (സ്റ്റുവർട്ട്, 467). [50]ഗത്രി 214.

[51]ഇതു സ്നാനത്തെയാണ് സൂചിപ്പിക്കുന്നത് എന്നാണ് മിക്ക വ്യാഖ്യതാക്കളും പറയുന്നത്. സംശയാലുക്കളിൽ കാൽവിന് തേന്നി പറഞ്ഞത്, ദൈവാത്മാവിനെയാണ് "ശുദ്ധ വെള്ളം" എന്നു പറഞ്ഞിരിക്കുന്നത് എന്നാണ്. റീസ്, 178, എൻ.34. [52]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡെ*, 190. [53]ഹാവ്ത്രോൺ, 1525. [54]"വെള്ളത്തെ ഇവിടെ 'ശുദ്ധം' എന്നു വിശേഷിപ്പിക്കുവാൻ കാരണം സ്നാനപ്പെടുമ്പോഴാണ് ദൈവവുമായുള്ള ബന്ധം ശുദ്ധമാകുന്നത്" (അലെൻ, 112). [55]"പ്രൊവോക്ക്" എന്ന വാക്കിന്റെ അർത്ഥം ഇപ്പോൾ മാറിയിട്ടുണ്ട്. കെജെവി അച്ചടിച്ചത് 1611 ലാണ്. ആ സമയത്ത്, "പ്രൊവോക്ക്" എന്നതിനർത്ഥം, "പ്രവർത്തിക്ക് ഉണർത്തുക" എന്നായിരുന്നു (റീസ്, 179. എൻ. 45). [56]ബ്രൂസ്, 253. [57]വൂവെസ്റ്റ്, 182. "യെഹൂദ പള്ളിക്കുള്ള ക്രിസ്തീയ അനുബന്ധമാണ്"എബ്രായ ലേഖകൻ പറയുന്നത് എന്നാണ് വില്യം മാൻസൺ നിരീക്ഷിച്ചത്. എന്നാൽ അയാൾ കൂട്ടിചേർത്തത് "ആ വാക്കിന്റെ അർത്ഥം കൂടിവരവ്" എന്നാണ്. "എഴുത്തുകാരന്റെ ഭാഷയെ നാം ആയിരിക്കാമെന്ന വിധത്തിൽ അതിരു കടക്കാൻ

ശ്രമിക്കരുത്." (വില്യം മാൻസൺ, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* [ലണ്ടൻ: ഹോഡർ ആന്റ് സ്റ്റോങ്ടൺ. 1951], 69). [58]പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്ത് അതുള്ളത് 2 തെസ്സലൊനിക്യർ 2:1 ലാണ്, നാം "കൂടി വരുമ്പോൾ" അവന്റെ "സാന്നിധ്യം ഉണ്ടായി രിക്കും" എന്നു പറഞ്ഞപ്പോഴാണ്. ക്രിസ്ത്യാനികൾ കൂടിവരുന്ന സ്ഥലത്തിന് "പള്ളി" എന്ന അർത്ഥമുണ്ട് എന്ന് കരുതരുത്. [59]സ്റ്റുവർട്ട്, 469. [60]ലൈറ്റ്ഫുട്, *എവരിവൺസ് ഗൈഡ് ടു ഹീബ്രൂസ്,* 142. ഈ വേദഭാഗത്ത് അത്തരംപാപത്തെയാണ് "ഊന്നി പ റയുന്നത്." (സൈമൺ ജെ കിറ്റ്സെമേക്കർ, *എക്സ്പൊസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ന്യൂ ടെസ്റ്റമെന്റ് കമെന്ററി [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1984] 293.)

[61]"ജ്ഞാനം" എന്ന 10:26 ലെ വാക്ക് വ്യക്തിപരവും അടുപ്പവുമുള്ള അറിവിനെ യാണ് സൂചിപ്പിക്കുന്നത് (ഫ്രാൻസ് ഡെലിച്ച്, കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ട്രാൻസ്. തോമസ് എൽ. കിങ്സ്ബറി [എഡിൻബർഗ് ടി & ടി ക്ലാർക്ക്, 1868; റീപ്രിന്റ്, മിന്നെപൊലിസ്: ക്ലോക്ക് & ക്ലോക്ക് ക്രിസ്ത്യൻ പബ്ലിഷേഴ്സ്, 1978], 2:184–85.) അതിനർത്ഥം "*അംഗീകാരം, സമ്മതം.*" (കിസ്റ്റെമേക്കർ, 297). ഇവിടെ പറയു ന്നവർ വാസ്തവത്തിൽ പരിവർത്തനം ചെയ്തവരാണെന്ന് ഇത് ഊന്നി പറയുന്നു. [62]ഗത്രി, 217. "ജ്ഞാനം" എന്ന വാക്കിന് ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്ക് *എപി ഗ്നോസിസ്* എന്നാണ്, അത് ഈ ലേഖനത്തിൽ ഇവിടെ മാത്രമെയുള്ളു. [63]ഡ്രാപ്പർ, 277. [64]കിസ്റ്റെമേക്കർ പറഞ്ഞത് "അവൻ പറഞ്ഞ പാപം, യേശു പരിശുദ്ധാത്മാവി നെതിരെയുള്ള ദൂഷണം എന്നു പറഞ്ഞതുപോലെയുള്ളതാണ് എന്നത്രെ. (മത്താ. 12:32; മർ.3:29)." [65]"പാപം ചെയ്തുകൊണ്ടിരിക്കൽ തിരഞ്ഞെടുത്തു" എന്നാണ് ഐഎസ്വി പറയുന്നത്, പുതിയ ഇംഗ്ലീഷ് സ്റ്റാൻഡേർഡ് വെർഷൻ പറയുന്നത് "കരു തിക്കൂട്ടി പാപം ചെയ്തുകൊണ്ടിരിക്കൽ" എന്നാണ്. [66]ആർ. സി. എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് ആന്റ് ഓഫ് ദ എപ്പിസ്റ്റിൽ ഓഫ് ജെയിംസ്* (കൊളംബസ്, ഒഹിയോ: വാർട്ബർഗ് പ്രസ്, 1946), 359–60. ഗ്രീക്കിൽ ആ പ്രയോഗം അഞ്ചു പ്രാവശ്യം കാണാം: മത്തായി 5:13; 7:6; ലൂക്കൊസ് 8:5; 12:1; എബ്രായർ 10:29. പഴയ നിയമത്തിൽ വിവിധ രൂപത്തിലുള്ളത് 2 രാജാക്കന്മാർ 9:33; യെശയ്യാവ് 26:6, ദാനിയേൽ 8:10; മീഖാ. 7:10; മലാഖി. 4:3. [67]ഗത്രി, 219. [68]ഹൂഗ്സ്, 424. [69]വിശ്വാസ ത്യാഗത്തിലായവർക്ക് വിശുദ്ധീകരണം ആവശ്യമാണ്. യേശു ഒരിക്കലും പാപം ചെയ്യാത്തതിനാൽ, അവന് വിശുദ്ധീകരണത്തിന്റെ ആവശ്യം എന്താണ്? അവൻ "വിശുദ്ധീകരിക്കപ്പെട്ടു" എന്നു പറയുന്നത് "വേർപെട്ടു" എന്ന അർത്ഥത്തിലാണ്. (യോഹ. 17:19), എന്നാൽ തന്റെ രക്തത്താലുള്ള ശുദ്ധീകരണം അവന് ആവശ്യമില്ല (റീസ്, 184, എൻ.70.) [70]ഹൂഗ്സ്, 423.

[71]അത്തരം പ്രയോഗങ്ങൾ എൻഈബിയിലും, ഈ എസ്വിയിലും, ജെബിയിലും കാണാം. മെക്കോർഡിൽ "കൃപയുടെ ആത്മാവിനെ പരിഹസിച്ചു" എന്നാണ്; പ ുതിയ നിയമത്തിൽ മറ്റൊരു ഭാഗത്തും *എനുബ്രിസോ* ഉപയോഗിച്ചിട്ടില്ല (ഹൂഗോ മെക്കോർഡ്, *മെക്കോർഡ്സ് ന്യൂ ടെസ്റ്റമെന്റ് ഓഫ് ദ എവർലാസ്റ്റിങ് ഗോസ്പൽ* [ഹെന്റർസൺ, ടെന്ന.: ഫ്രീഡ് ഹാർമാൻ കോളേജ്, 1988], 430.) [72]ലെൻസ്കി, 359. [73]ഈ പാപം പരിശുദ്ധാത്മാവിനെതിരെയുള്ള പാപത്തിന് സമാനമാണ്. (ബ്രൂസ്, 259–60; കിസ്റ്റെമേക്കർ, 295.) അവിശ്വാസികൾ യേശു ഭൂതങ്ങളെ പുറത്താക്കിയപ്പോൾ, ഭൂതങ്ങളെക്കൊണ്ടാണ് പുറത്താക്കിയതെന്ന് ദുഷിച്ചപ്പോഴാണ് അവൻ പറഞ്ഞത്, "പ രിശുദ്ധാത്മാവിനെതിരെ ദൂഷണം പറയരുത്"എന്ന്. ആത്മാവ് മനുഷ്യന് അന്തിമമായ രക്ഷ വാഗ്ദാനം ചെയ്തിരിക്കുന്നു; ആരെങ്കിലും അവന്റെ വാഗ്ദാനത്തെ തള്ളിക്കള ഞ്ഞാൽ, അയാൾക്ക് പിന്നെ ആത്മാവിന്റെ രക്ഷക്ക് ഒരു പ്രത്യാശയും ഇല്ല. [74]ലൈറ്റ്ഫു

ട്, *ജീസസ് ക്രൈസ്റ്റ് ടുഡെ*, 195. എൻ.13; ഹൂഗ്സ്, 425. എൻ.22. ഇത് സഭയിലെ "ഒരു പഴഞ്ചൊല്ലാണ്" എന്ന് കിസ്റ്റെമേക്കർ മനസിലാക്കിയിരുന്നു. (കിസ്റ്റെമേക്കർ, 296,) [75]"ജീവനുള്ള ദൈവം" എന്ന് എബ്രായ ലേഖനത്തിൽ, വേറെ മൂന്നു ഭാഗങ്ങളിലും കാണാം:3:12; 9:14 ലും 12:22 ലും. തങ്ങളുടെ ദൈവമാണ് "ഏകസത്യ ദൈവം" എന്ന് യെഹൂദന്മാർക്ക് അറിയാമായിരുന്നു. [76]തിയോഡർ എച്ച്. റോബിൻസൺ, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (ന്യുയോർക്ക്.: ഹാർപ്പർ ആന്റ് ബ്രദേഴ്സ് പബ്ലിഷേഴ്സ്, 1933), 151. [77]മില്ലിഗൺ, 376-77. മൂലഗ്രന്ഥത്തിൽ പറയുന്നത്, "... നീതിമാൻ വിശ്വസ്തതയാൽ ജീവിക്കും" (ബ്രൂക്ക് ഫോസ് വെസ്റ്റ്കോട്ട്, ദ എപ്പിസ്റ്റിൽ ടു *ദ ഹീബ്രൂസ്: ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്ട്സ് ആന്റ് എസ്സേയ്സ്* [ ലണൺ: മാക്മില്ലൻ & കമ്പനി., 1889; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി.,1973], 337). 78റേയ് സി. സ്റ്റെഡ്മാൻ ഹീബ്രൂസ്, ദ ഐവിപി ന്യൂ ടെസ്റ്റമെന്റ് കമെന്ററി സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992).115 എൻ. [79]ബ്രൂസ്, 256. [80]ജോസെഫസ് വാഴ്സ് 2.19.7.യെരുശലേമിനെതിരേയുള്ള പോരാട്ടത്തെക്കുറിച്ച് ജോസെഫസ് വിവരിക്കുന്നത്; "അയാൾ [സെസ്റ്റിയസ്സ്] ഉപരോധം കുറച്ചുകൂടെ തുടർന്നിരുന്നുവെങ്കിൽ, തീർച്ചയായും നഗരം പിടിക്കുവാൻ കഴിയു [മായിരുന്നു]. ഞാൻ വിചാരിക്കുന്നത് ദൈവം നഗരത്തിലും വിശുദ്ധസ്ഥലത്തും ഇടപ്പെട്ടതുകൊണ്ടായിരിക്കണം അന്നുതന്നെ യുദ്ധം അവസാനിക്കുവാൻ കാരണം" (വാഴ്സ് 2.19.6).

[81]യുസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.5. [82]ലൈറ്റുഫുടിൽ നിന്നാണ് എടുത്തത്, *എവരിവൺസ് ഗൈഡ് ടു ഹിബ്രൂസ്*, 128-29. [83]റേയ്മണ് ബ്രൗൺ, ദ മെസേജ് ഒഫ് ഹിബ്രൂസ്; ക്രൈസ്റ്റ് എബവ് ആൾ, ദ ബൈബിൾ സ്പീക്സ് ടു ടുഡെ (ഡൗണേഴ്സ് ഗ്രോവ്, Ill.; ഇന്റർ- വാഴ്സിറ്റി പ്രസ്, 1982), 176. [84]ഗത്രി, 209. [85]വെസ്റ്റ്കോട്ട്, 316. [86]"ഉപദേശരൂപം [*റ്റുപോസ്*] അനുസരിക്കുക എന്നാൽ"യേശുക്രിസ്തുവിനോട് ചേരുന്ന സ്നാനം" "അവന്റെ മരണത്തോട് എകീഭവിക്കലാണ്" (റോമ. 6:3, 4). നാം സുവിശേഷം അനുസരിക്കുമ്പോൾ, നാം അതിലെ ഉപദേശരൂപം ആണ് പിൻപറ്റുന്നത്. [87]. *അഗാപയോ* എന്ന ക്രിയ 1:9 ലും 12:6 ലും കാണാം. [88]ജോനാഥാൻ കോസോൾ, *അമേസിങ്ങ് ഗ്രേയിസ്*.; ദ ലൈവ്സ് ഓഫ് ചിൽഡ്രൻ ആന്റ് ദ കോൺഷിയൻസ് ഓഫ് എ നേഷൻ (ന്യൂയോർക്ക്; ഹാർപ്പർകോളിൻസ് പബ്ലിഷേഴ്സ്, 1995), 238. [89]ഒന്ന് കൊരിന്ത്യർ 12:13 പറയുന്നത് പരിശുദ്ധാത്മ സ്നാനമല്ല, ജലസ്നാനമാണ്. ഒന്നാമത്തേതാണെങ്കിൽ, ആ വിധത്തിൽ എല്ലാപർക്കും ലഭിക്കുന്നതാണ് ആത്മാവ്. പരിശുദ്ധാത്മ സ്നാനം അപ്പൊസ്തലൻമാർക്കു വാഗ്ദാനം ചെയ്തതാണ് (പ്രവൃ. 1:6-8), അത് ലഭിച്ചത് അവർക്ക് മാത്രമായിരുന്നു. (പ്രവൃ. 2:1-4). അതെ അളവിൽ ജതികളിൽ നിന്ന് പരിവർത്തനം ചെയ്തവർക്ക് ആദ്യമായി അന്യഭാഷയിൽ സംസാരിക്കുവാൻ അവർക്കും ലഭിച്ചിരുന്നു (പ്രവൃ. 10:43-47; 11:15,16), എന്നാൽ അപ്പോസ്തലൻമാരുടെ അത്ഭുതങ്ങൾ ചെയ്യുവാനുള്ള ശക്തി അവർക്ക് ലഭിച്ചിരുന്നില്ല (2 കൊ. 12:12). കൊർന്നെല്ലില്യോസിന്റെ "സ്നാനവും" അവന്റെ വീട്ടിലുള്ളവരുടെതും എടുത്ത് "പരിശുദ്ധാത്മ സ്നാനം" എല്ലാവർക്കുമുള്ളതാണ് എന്ന് പറയാവുന്നതല്ല. ആ അത്ഭുതം ദൈവം ജാതികളെയും സ്വീകരിക്കുന്നുവേന്ന് യഹുദക്രിസ്ത്യാനികളെ ബോധ്യപ്പടുത്തുന്നതിനായിരുന്നു നൽകിയത്. [90]ആഹാബ് ഭോഷ്ക്ക് വിശ്വസിക്കുവാൻ ദൈവം അനുവദിച്ചതിന്റെ കാരണം ദൈവത്തിന്റെ സത്യപ്രവാചകൻമാരിൽനിന്നുള്ള സത്യം അവൻ ത്യജിച്ചിരുന്നു (1 രാജാ. 22:13-28). ദൈവം ഭോഷ്ക്ക് പറയുന്നവനല്ല (എബ്രാ. 6.18). 2 തെസ്സലൊനിക്യർ 2:9-12 ലെ സത്യമാണ് ആഹാബിന്റെ സംഭവത്തിലൂടെ ശക്തമായി ചിത്രീകരിച്ചിരിക്കുന്നത്- സത്യം അനുസരിക്കാത്തവർക്ക് ദൈവം ഭോഷ്ക്ക്

വിശ്വസിക്കുവാൻ അവസരം നൽകും.

[91]അലെൻ, 114–15. [92]എടുത്തിരിക്കുന്നത് ലോങ്ങ്, 110 ൽനിന്ന്. [93]മാർട്ടിൻ ലൂദർ, “എ മൈറ്റി ഫോർട്രസ്,” സോങ്ങ്സ് ആന്റ് പ്രെയിസ്, കോമ്പ്. ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മിനിസ്റ്റർ, ലാ.: ഹോവാർഡ് പബ്ലിഷേഴ്സ്, 1994).